ത്തിന് തീർത്താൽ തീരാത്ത കളങ്കം വരുത്തിവെയ്ക്കുമെന്ന് കരുതുവാൻ ന്യായമില്ല. വിവേചനശക്തിയുള്ള പ്രതിഭാശാലികൾ അവയുടെ ആവിർഭാവത്തെ, നിശിതങ്ങളായ വിമർശനങ്ങളെക്കൊണ്ട് തടയാൻശ്രമിച്ചാൽ മാത്രംമതി. വർണ്ണഭേദമുള്ള ചില്ലുകളിൽക്കൂടി നോക്കിയാൽ ലോകം മുഴുവൻ ചില്ലുകളുടെ വർണ്ണമായിത്തീരുന്നതുപോലെ ക്ഷുദ്രകൃതികളിൽക്കൂടി സാഹിത്യത്തെ വീക്ഷിക്കുമ്പോൾ സാഹിത്യം മുഴുവനും ക്ഷുദ്രമായിത്തോന്നാം. അതിനാൽ നിരാശയേക്കാളധികം ആശയ്ക്കുതന്നെയാണ് വഴി. പിൻതിരിപ്പൻ നയങ്ങളൊന്നും പ്രയോഗിക്കാതെ, ഇടയ്ക്കുകല്ലോ മുള്ളോ തടയുകയോ കുണ്ടിലോ കുഴിയിലോ വീഴുകയോ ചെയ്യുന്നുണ്ടെങ്കിൽ അതിനെ തടയുകമാത്രം ചെയ്ത്, സാഹിത്യത്തെ പുരോഗമിപ്പിക്കുവാൻ തന്നെയാണ് പ്രയത്നിക്കേണ്ടത്.

ചെറുകഥ.

## "പട്ടിൽപൊതിഞ്ഞ പെട്ടി"

(ശ്രീമതി സരള രാമവർമ്മ)

സുരേന്ദ്രന് അന്ന് പതിനൊന്നുവയസ്സു പ്രായമാണ്. ഏഴാം ക്ലാസ്സിലാണവൻ പഠിക്കുന്നത്. സഹോദരീസഹോദരന്മാരാരുമില്ലാതിരുന്നതിനാൽ മാതാപിതാക്കന്മാരുടെ ലാളനാസുഖം മുഴുവൻ അനുഭവിച്ചാണവൻ വളൎന്നുവന്നത്. കൂട്ടുകാരില്ലാത്ത കോട്ടം അവൻ തീരെ അറിഞ്ഞില്ല; അയൽപക്കത്ത് അതുവളരെ ബാലന്മാർ അവന് കളിത്തോഴന്മാരായി ഉണ്ടായിരുന്നു. പള്ളിക്കൂടംവിട്ട് വീട്ടിൽ വന്നാൽ കാപ്പികുടിക്കുവാൻതന്നെ അവന് ക്ഷമയില്ല. അമ്മയുടെ നിർബ്ബന്ധംമൂലം അവൻ വല്ലതുമൊക്കെ ഭക്ഷിച്ച്, കളിക്കുവാൻ ഓടും. സന്ധ്യയായല്ലാതെ അവൻ വീട്ടിലേക്ക് മടങ്ങില്ല.

അന്നും പതിവുപോലെ പള്ളിക്കൂടംവിട്ട് വന്ന ഉടനെ അവൻ കളിക്കുവാനോടി. അടുത്തുള്ള ഗൃഹങ്ങളിൽനിന്ന് നാമം ജപിക്കുന്നതു കേട്ടപ്പോഴേ അവന് സമയബോധം ഉണ്ടായുള്ളു. "നേരം ഇരുട്ടിയല്ലോ!

ഇന്നു് കളി മതി" എന്നു പറഞ്ഞു് അവൻതന്നെയാണു് അന്നു് കളിക്കു് വിരാമമിട്ടതു്; ഇതു് ഒരു അസാധാരണസംഭവമായിരുന്നു. പക്ഷേ അന്നു് ഗൃഹത്തിലേക്കു് മടങ്ങുവാൻ സുരേന്ദ്രന്നു് പ്രത്യേകമായ ഉത്സാഹവും ധൃതിയും ഉണ്ടായിരുന്നു. അവൻെറ അച്ഛൻ പിറേറന്നാൾ ആലപ്പുഴക്കു് എന്തോ അത്യാവശ്യംപ്രമാണിച്ചു് പോവുകയാണു്. രവിയുടെ ജ്യേഷ്ഠൻ ആലപ്പുഴയിൽനിന്നു് വന്നപ്പോളാണു് അവന്നു് ആ നല്ല പേന കൊടുത്തതു്! അന്നു് അവനതു ക്ലാസ്സിൽകൊണ്ടുവന്നു് എത്ര അഭിമാനപൂർവ്വമാണു് സഹപാഠികളെ കാണിച്ചുകൊടുത്തതു്! അന്നു തുടങ്ങിയതാണു് സുരേന്ദ്രന്നു് അതുപോലെ ഒരു പേനക്കു് മോഹം! തനിക്കു് ഇതുപോലെ സമ്മാനം തരുവാൻ ഒരു ജ്യേഷ്ഠൻ ഇല്ലല്ലൊ എന്നു് അവൻെറ മനസ്സു് തെല്ലൊന്നു നൊന്തു! പക്ഷെ അച്ഛനോടു പറഞ്ഞാൽ സാധിക്കാത്ത കാര്യമില്ലെന്നു് അവന്നു നല്ല ധൈര്യമുണ്ടായിരുന്നു; ഇപ്പോഴിതാ അവന്നു പറയുവാൻ അവസരവും കിട്ടി; അച്ഛൻ ആലപ്പുഴയ്ക്കാണു് പോകുന്നതും!

അമ്മ പറയുന്നതിന്നു മുൻപുതന്നെ സുരേന്ദ്രൻ മേൽക്കഴുകി നാമംജപിക്കുവാൻ നിലവിളക്കിൻെറ മുൻപിലെത്തി. മല്ലികക്കു് — അവൻെറ അമ്മക്കു് — തെല്ലൊരത്ഭുതംതോന്നി.

"ഇന്നെന്താ സുരേന്ദ്രൻ പതിവില്ലാത്തവിധം നേരത്തെ നാമംജപിക്കുവാനെത്തിയതു്?"

"ഒന്നുമില്ലാ! കുറച്ചധികം പഠിക്കുവാനുണ്ടു്."

സുരേന്ദ്രൻ സൂത്രത്തിൽ മറുപടികൊടുത്തു.

അച്ഛൻ ഊണുകഴിഞ്ഞു് ചാരുകസേരയിൽ കിടക്കുന്ന തക്കം നോക്കി അവൻ ചെന്നു.

"അച്ഛാ! രവിയുടെ ചേട്ടൻ ആലപ്പുഴയിൽനിന്നു വന്നപ്പോൾ അവന്നു് നല്ലൊരു പേന കൊണ്ടുവന്നു. എനിക്കും അതുപോലെ ഒന്നു്—"

സുരേന്ദ്രൻ ചാരുകസേരയുടെ പിറകിൽ പകുതി മറഞ്ഞുനിന്നു — ശുഭകരമായ മറുപടി പ്രതീക്ഷിച്ചുകൊണ്ടു്.

"കൊണ്ടുവരാമല്ലൊ. പിന്നെ എന്താ നിനക്കു് വേണ്ടതു്"?

സ്നേഹസമ്പൂർണ്ണനായ ആ പിതാവു് ചോദിച്ചു.

"ഒരു ബാററും!"

"ഓ! അങ്ങിനെയാകട്ടെ! പോയി പഠിച്ചുകൊള്ളു!"

സുരേന്ദ്രൻ ഉത്സാഹഭരിതനായി പഠിക്കുവാനോടി. പിറേറന്നാൾ അച്ഛനെ യാത്രയയക്കുവാൻ അവൻ പൂമുഖത്തുതന്നെ നിന്നിരുന്നു.

"മോനേ! പേനയും ബാററും കൊണ്ടുവരാം. കേട്ടോ! അമ്മയെ ശല്യപ്പെടുത്താതെ മിടുക്കനായിരിക്കണം!"

*　　*　　*　　*　　*

സുരേന്ദ്രൻ ആനന്ദഭരിതനായി അച്ഛന്റെ വരവിനുള്ള ദിവസങ്ങൾ എണ്ണിക്കഴിക്കുകയാണ്. അച്ഛൻ വരുന്നതിന്റെ തലേന്നാൾ അവനൊരു ബുദ്ധിതോന്നി — അച്ഛന്റെ അലമാരിയൊന്നു തുറന്ന് പുസ്തകങ്ങളൊക്കെ പൊടിതുടച്ചു വൃത്തിയാക്കണം! അച്ഛനെ സന്തോഷിപ്പിക്കുവാൻ അവനൊരു മോഹം! ആ മൂലയിൽ കിടക്കുന്ന അലമാരി അച്ഛനോ അമ്മയോ തുറന്നുകണ്ടിട്ടേയില്ല! അതിലെ പുസ്തകങ്ങളൊക്കെ പാററകൾ തിന്നു് കേടുവരുത്തുന്നുണ്ടാവില്ലേ?

അലമാരിയുടെ താക്കോൽ അവനറിയാം. അലമാരി തുറന്നപ്പോഴാണ് ഒരു ചുവന്ന പട്ടിൽ പൊതിഞ്ഞുവെച്ചിട്ടുള്ള വിചിത്രമായ ആ പെട്ടി അവന്റെ ശ്രദ്ധയെ ആകർഷിച്ചതു്! "ഈ പെട്ടി ഞാനിതുവരെ കണ്ടിട്ടില്ലല്ലോ! ഇതിലെ കൊത്തുപണി വിശേഷമായിരിക്കുന്നു! അച്ഛനിതെവിടുന്നുകിട്ടി! രവിയെ ഇതൊന്നു കാണിച്ചുകൊടുക്കണം! അവന്റെ വീട്ടിൽ ഇതുപോലൊരു പെട്ടിയുണ്ടാവില്ലാ, തീർച്ച! — "സുരേന്ദ്രൻ അഭിമാനപൂർവ്വം വിചാരിച്ചു. അവനതു് തുറക്കുവാൻ തിടുക്കമായി. താക്കോൽ തുരുമ്പുപിടിച്ചു അലമാരിയിൽത്തന്നെ കിടന്നിരുന്നു. അവൻ അതൊന്നു തുടച്ചു പെട്ടിതുറന്നു. ഒരു മങ്ങിയ ഫോട്ടോ, ഒരു ചെറിയ ഡയറി, മൂന്നു് എഴുത്തുകൾ — ഇതായിരുന്നു പെട്ടിയിലെ ഉള്ളടക്കം! സുരേന്ദ്രനു് കുറച്ചു നിരാശതോന്നി. എങ്കിലും അവൻ ആ ഫോട്ടോ സൂക്ഷിച്ചുനോക്കി — ഒരു മദ്ധ്യവയസ്കനും, അദ്ദേഹത്തിന്റെ പത്നിയെന്നുതോന്നുന്ന ഒരു പ്രൌഢസ്ത്രീയും കസേരകളിൽ ഇരുന്നിരുന്നു; കസേരകളുടെ കൈപിടിച്ചു് അവരുടെ ഇരുവശത്തും ഒരു ബാലനും ഒരു ബാലികയും നിന്നിരുന്നു. അവർക്കു് പതിനെട്ടും പന്ത്രണ്ടും വയസ്സു പ്രായം കാണും! "ഇതാരെല്ലാമാണ്?" സുരേന്ദ്രനു് അറിയുവാൻ തിടുക്കമായി. പക്ഷെ അവൻ ക്ഷമിച്ചു. ആ ഡയറി അവനൊന്നു പരിശോധിച്ചു. കാലപ്പഴക്കംകൊണ്ടു് ഒരു തവിട്ടുനിറം ബാധിച്ച ആ ഏടുകളിൽ പെൻസിൽകൊണ്ടു ഇപ്രകാരം എഴുതിയിരുന്നു.

"എൻെറ സുരേന്ദ്രനെ കാണ്മാൻ എനിക്കിനി ഭാഗ്യമുണ്ടായില്ലെങ്കിൽ, അവൻ ഒരു യുവാവാകുമ്പോൾ ഇതുമൂലം അവൻ അവൻെറ അമ്മയേയും എന്നേയും അറിയട്ടെ!"

തൻെറ പേർതന്നെ ആ ഡയറിയിൽ കണ്ടപ്പോൾ സുരേന്ദ്രന് അതു വായിക്കുവാൻ കൂടുതൽ രസം തോന്നി.

"മാതാപിതാക്കന്മാരുടെ ഏകപുത്രനായിരുന്നു. കുട്ടൻ എന്നാണ് അവരെന്നെ വിളിച്ചിരുന്നതു്; സ്വന്തം പേർ ബാലകൃഷ്ണൻ എന്നാണ്. എനിക്കു ഏഴ് വയസ്സു പ്രായമായിരുന്നപ്പോഴാണു ചോറൂണുകൂടി കഴിഞ്ഞിട്ടില്ലാത്ത ലീലയെ എൻെറ അമ്മ ദത്തെടുത്തതു്. ലീല എൻെറ അച്ഛൻെറ ഭാഗിനേയിയായിരുന്നു. അവളെ പ്രസവിച്ചതുമുതൽ അവളുടെ അമ്മ—ലക്ഷ്മിജ്യേഷ്ഠത്തിയെക്കുറിച്ചു് ഒരു മങ്ങിയ ഓർമ്മ എനിക്കിന്നും ഉണ്ടു്—രോഗശയ്യയിലായിരുന്നു. ലീലയ്ക്കു് നാലുമാസമായപ്പോൾ അവർ മരിച്ചു. പെൺകുട്ടികളില്ലാതെ വ്യസനിച്ചിരുന്ന എൻെറ അമ്മ ലീലയുടെ ഭാരം കയ്യേററു!

ലീലയെ ഞങ്ങളുടെ വീട്ടിൽ കൊണ്ടുവന്നപ്പോൾ എനിക്കുണ്ടായ സന്തോഷം അവർണ്ണനീയമാണ്! തടിച്ചു, കൊഴുത്തു്, വെളുത്ത ഒരു തങ്കക്കുടമായിരുന്നു ആ പെൺകുഞ്ഞു്. അവൾ വളരെ അപൂർവ്വമായേ കരയുകയുള്ളു—എപ്പോഴും കാലും കയ്യും കുടഞ്ഞു് ഓരോ ശബ്ദശകലങ്ങൾ പുറപ്പെടുവിച്ചു് തൊട്ടിലിലങ്ങനെ കിടക്കും! ആർക്കും അവളെക്കൊണ്ടൊരു ശല്യമില്ല! ഞാൻ അവളുടെ അരികിൽനിന്നു നീങ്ങില്ല—അവൾ ഉറങ്ങുമ്പൊഴും ഞാൻ തൊട്ടിലിന്നരികെ കാവലിരിക്കും! ആ കൊച്ചു കൈകാലുകൾ തൊട്ടുനോക്കും—ഹോ! എന്തൊരു മിനുസ്സം! ഞാനും ഒരുകാലത്തു് ഇങ്ങിനെയായിരുന്നുവോ?' ഞാൻ വിചാരിക്കും.

അങ്ങിനെ ലീല നീന്തുവാൻ തുടങ്ങി; മുട്ടുകുത്തി; പിന്നെ പിച്ചവെച്ചു നടന്നുതുടങ്ങി. അവൾ ആദ്യമായി ഓരോ വാക്കുകൾ പറഞ്ഞുതുടങ്ങിയപ്പോൾ എനിക്കെന്തൊരാനന്ദമായിരുന്നു! അവൾ എന്നെ ആദ്യം വിളിക്കണമെന്നു് ഞാൻ ആശിച്ചു—"ഏട്ടാ! ഏട്ടാ!" ഞാൻ അവൾക്കു പറഞ്ഞുകൊടുക്കും! അങ്ങിനെ ലീല സംസാരിച്ചുതുടങ്ങി. അവൾക്കു് അഞ്ചു വയസ്സായപ്പോൾ ഞാൻതന്നെയാണവളെ പള്ളിക്കൂടത്തിലേക്കു കൊണ്ടുപോയതു്! ഞാൻ അവൾക്കു പാഠങ്ങൾ പറഞ്ഞുകൊടുക്കും; ചിലപ്പോൾ അവളെ ശാസിക്കും; ഒന്നു രണ്ടു തവണ ശിക്ഷിക്കുകയും ചെയ്തിട്ടുണ്ടു്"—'കഷ്ടം! എനിക്കൊരു അനുജത്തി ഇല്ല

ല്ലൊ!' സുരേന്ദ്രന് സങ്കടംതോന്നി. "പത്താംക്ലാസ്സ് പാസ്സായതിനുശേഷം ഞാൻ പട്ടണത്തിൽപോയി കലാശാലയിൽ ചേൎന്നു. ലീല അന്ന് ആറാംക്ലാസ്സിൽ പഠിക്കുകയായിരുന്നു. ലീലയെ പിരിഞ്ഞു് പട്ടണത്തിലേക്കു പോകുവാൻ എനിക്ക് നന്നാ വ്യസനമുണ്ടായിരുന്നു. ഓണത്തിനും, തിരുവാതിരയ്ക്കും മററും വീട്ടിലേക്കു ചെല്ലാമല്ലൊ എന്നു സമാധാനിച്ച് ഞാൻ യാത്രയായി.

കോളേജിൽ ചേൎന്നതിനുശേഷം എൻെറ സ്വഭാവത്തിന് വലിയൊരു മാററം വന്നു. പഠിപ്പിൽ ശ്രദ്ധകുറഞ്ഞു; കൂട്ടുകാർകൂടി ചായകുടി, സിഗാററുവലി എന്നു തുടങ്ങിയതിലൊക്കെ ആസക്തി കലശലായി. ഇതുമൂലം വീട്ടിൽനിന്നു വരുന്ന രൂപകൊണ്ടു ചെലവു കഴിയാതെ വന്നു. പരീക്ഷകഴിഞ്ഞു് വീട്ടിലേക്കു ചെന്നതു് വളരെ ഭയാശങ്കകളോടുകൂടിയാണ്. രൂപ അയച്ചുതരാം എന്നുപറഞ്ഞു കടക്കാരെയൊക്കെ സമാധാനപ്പെടുത്തിയാണ് വീട്ടിലേക്കു പോയതു്. അച്ഛനോട്ട് എങ്ങനെയാണ് ഈ വിവരങ്ങളൊക്കെ പറയുക. ഒരാഴ്ച കഴിഞ്ഞു—ഞാൻ പരീക്ഷയിൽ തോററ വിവരം ഒരു സ്നേഹിതനിൽനിന്നറിഞ്ഞു. എൻെറ മനസ്സ് വല്ലാതെ ഒന്നു പിടച്ചു. പെട്ടെന്നുണ്ടായ സങ്കടം ഒരജ്ഞാതവാസത്തിനു പ്രേരിപ്പിച്ചു; ഞാനതിനു വഴങ്ങുകയുംചെയ്തു. എങ്ങോട്ടെന്നില്ലാതെയാണ് ഞാൻ പുറപ്പെട്ടതു്. രണ്ടുമൂന്നുമാസം ചുററിത്തിരിഞ്ഞു് ഒടുവിൽ ഞാൻ കൊളമ്പിലെത്തി. 30ക. ശമ്പളത്തിൽ ഒരു ചെറിയ ജോലി എനിക്കു കിട്ടി. ഈ തുച്ഛമായ ജോലിയിലിരുന്ന് അച്ഛനമ്മമാൎക്കും ലീലക്കും എഴുത്തെഴുതുവാൻ അഭിമാനം എന്നെ അനുവദിച്ചില്ല അങ്ങനെ കൊല്ലങ്ങൾ ഇഴഞ്ഞിഴഞ്ഞു പോയി.

ആ അപൂൎണ്ണമായ ജീവിതത്തിൽ എനിക്ക് ഏകാശ്വാസം ആ ഫോട്ടൊ ആയിരുന്നു—അച്ഛനമ്മമാരും ലീലയും ഞാനുംകൂടി എടുത്ത ആ ഫോട്ടോ! ഞാൻ പട്ടണത്തിലേക്ക് പോകാറായപ്പോൾ എടുത്തതാണത്! വീട്ടിൽനിന്നു പോരുമ്പോൾ ഞാൻ കൊണ്ടുവന്ന ഏക സാധനമായിരുന്നു അതു്! ദിവസത്തിൽ ഒരു തവണയെങ്കിലും ഞാനാ ഫോട്ടൊ നോക്കും!

6 കൊല്ലങ്ങൾ ഇഴഞ്ഞിഴഞ്ഞുപോയി. ഞാൻ 100ക. ശമ്പളക്കാരനായി. കുറച്ചുരൂപ സമ്പാദിക്കുകയും ചെയ്തു. അങ്ങിനെയിരിക്കെയാണ് ഒരു ഭാഗ്യക്കുറിയിൽ എനിക്ക് ഒന്നാംസമ്മാനം കിട്ടിയതു്. അവിചാരിതമായി 3000 രൂപാ കിട്ടിയപ്പോൾ ഞാൻ തീൎച്ചപ്പെടുത്തി — ഉടനെ നാട്ടിലേക്ക് മടങ്ങണമെന്ന്. താമസിയാതെ ഞാൻ പുറപ്പെടുകയും ചെയ്തു.

ആ ചെറിയ സ്റ്റേഷനിൽ വണ്ടിയിറങ്ങിയപ്പോൾ എന്തെന്നില്ലാത്ത ഒരു പരിഭ്രമം തോന്നി. ആ പ്രദേശം സുപരിചിതമാണെങ്കിലും ഒരൊററ പരിചയമുള്ള മുഖം ഞാനവിടെ കണ്ടില്ല. കോളറയുടെ നടനരംഗമായിരുന്ന ഒരു കുഗ്രാമത്തിലാണ് ഞാൻ എത്തിയിരുന്നതെന്ന് ഞാൻ ഓർത്തു. എത്രയെത്ര ജനങ്ങളെയാണ് ആ ഭയങ്കരവ്യാധി ആബാലവൃദ്ധം തട്ടിക്കൊണ്ടുപോയതെന്ന് കണക്കില്ല; അതിനെക്കുറിച്ചൊക്കെ ഞാൻ പത്രങ്ങളിൽനിന്ന് മനസ്സിലാക്കിയിരുന്നു. എന്നാൽ ബാഹ്യമായ വ്യത്യാസമൊന്നും അവിടെയെങ്ങും ഞാൻ കണ്ടില്ല. ആ പച്ചപ്പുൽപ്പാടങ്ങൾ, തലയുയർത്തിനില്ക്കുന്ന വൻമരങ്ങൾ — എല്ലാം പഴയപോലെതന്നെ ഞാൻ കണ്ടു. ഒരു ചെറുക്കനെക്കൊണ്ട് പെട്ടിയും കിടയ്ക്കയും എടുപ്പിച്ച് ഞാൻ പരിചിതമായ ആ വഴിയിൽക്കൂടി നടന്നു. ഒടുവിൽ ആ പടിപ്പുരയിലെത്തി. വാതിൽ അടച്ചുപൂട്ടിയിരുന്നു. പടിപ്പുരയുടെ ചിലഭാഗങ്ങളൊക്കെ ഇടിഞ്ഞുപൊളിഞ്ഞുകിടന്നിരുന്നു. ഞാൻ ആ പറമ്പിനകത്തേക്കൊന്നു എത്തിനോക്കി. മുററമൊക്കെ പുല്ലു വളന്ന് അനാഥമായിക്കിടക്കുന്നുണ്ട്. വീടിന്റെ പലഭാഗങ്ങളും ഇടിഞ്ഞുവീഴാറായിട്ടുണ്ട്. ജനലകളും വാതിലുമെല്ലാം അടച്ചിട്ടുണ്ട്. ആറു കൊല്ലം മുൻപ് വീടുവിട്ടിറങ്ങിയപ്പോൾ ഞാൻ കണ്ട സ്ഥലവും ഇതും ഒന്നാണെന്നെനിക്ക് വിശ്വസിക്കുവാൻ കഴിഞ്ഞില്ലാ! വഴിതെററിയിട്ടില്ലെന്ന് എനിക്കു തീച്ചയായിരുന്നു. ഹൃദയം മരവിച്ചതുപോലെ ഞാനവിടെനിന്നുപോയി. പെട്ടിയും കിടയ്ക്കയും വഹിച്ചിരിക്കുന്ന ചെറുക്കൻ എന്നെ വിളിച്ചു.

"ഏമാന്നെ! നേരം സന്ധ്യയായി! വേഗം കൂലിതന്ന് എന്നെ പറഞ്ഞയക്കൂ!"

ഞാൻ നാലുപാടും നോക്കി. അടുത്ത പറമ്പിൽ ഒരു ചെറിയ കുടിലിന്റെ ഉമ്മറത്ത് ഒരു സ്ത്രീ നിൽക്കുന്നതുകണ്ടു ഞാനങ്ങോട്ടുചെന്നു. അപരിചിതനെക്കണ്ടപ്പോൾ അവർ അകത്തേക്കു മറഞ്ഞു. ഞാൻ വിളിച്ചുചോദിച്ചു.

"ആ മാളികയിൽ താമസിച്ചിരുന്നവരെവിടെയാണെന്നറിയാമോ? വക്കിൽ കൃഷ്ണൻനായരും, ഭാര്യയും, ഒരു പെൺകുട്ടിയും?"

അവരെന്നെ ആപാദചൂഡമൊന്നു നോക്കി.

"നിങ്ങളെവിടുന്നുവരുന്നു? അക്കഥയൊന്നും അറിയില്ലേ? ആ പറമ്പും വീടും അവർ വിററു; പാവങ്ങൾ! എങ്ങനെ കഴിഞ്ഞവരാ

ണ്! ഒടുവിൽ കടംവന്ന് സർവ്വസ്വവും പോയി. ഒരു മകനേ ഉണ്ടായിരുന്നുള്ളു; അയാൾ പഠിക്കുന്നകാലത്ത് നാടുവിട്ടുപോയി. അവരെത്ര തിരഞ്ഞു! എത്ര കണ്ണീരു് ചൊരിഞ്ഞു! ആ പെൺകുട്ടിയെ കുറച്ചു ഭേദപ്പെട്ടടിക്കിൽ കല്യാണംകഴിച്ചുകൊടുത്തും. വയസ്സുകാലത്ത് അവരു് തനിച്ചായിരുന്നു — ഇതാ രണ്ടുകൊല്ലമായി ദകാളറയിൽ തലേന്നാളും പിറേറന്നാളുമായിട്ടാണ് കഴിഞ്ഞതു്!"

ഞാൻ ആ കുടിലിൻെറ തൂണിൽ പിടിയ്ക്കാൻ ശ്രമിച്ചു; എൻെറ കൈ അഴഞ്ഞു! ...... ......എനിക്ക് ബോധംവീണപ്പോൾ ആ ചെറുപുരയുടെ പുറന്തിണ്ണമേൽ കിടക്കുകയാണ്; അവിടത്തെ ഗൃഹനാഥനാണെന്നു ഞാനൂഹിച്ചു, ഒരാൾ എന്നെ ശുശ്രൂഷിക്കുന്നുണ്ടു്. ഞാൻ പലതും ചോദിച്ചു, പലതും പറഞ്ഞു, ഇടനെഞ്ഞുപൊട്ടിക്കരഞ്ഞു. കഷ്ടം! എൻെറ മാതാപിതാക്കന്മാരുടെ അന്ത്യകാലം എത്ര ദുഃഖമയമായിരുന്നിരിയ്ക്കണം! ഈ മഹാപാപിയെക്കുറിച്ച് അവർ എത്ര വ്യസനിച്ചിട്ടുണ്ടാവും! അവസാനകാലത്ത് അവരെ ഒരു നോക്കുപോലും കാണുവാൻ സാധിക്കാത്ത ഞാൻ ഇനിയെന്തിനു ജീവിച്ചിരിക്കുന്നു! മക്കൾക്കു മാതാപിതാക്കന്മാരോടുള്ള കടമ, അവരുടെ അവസാനകാലത്തിൽ, അവശതയിൽ, അവരെ ശുശ്രൂഷിക്കുക എന്നതാണ്. അതിനു ഭാഗ്യം ഇല്ലാത്ത പുത്രൻ പുത്രനാണോ!! ..... ... എൻെറ ഹൃദയം പൊട്ടി.

ലീലയെയെങ്കിലും ഒന്നു കാണാമെന്നു ഞാൻ മോഹിച്ചു; പക്ഷെ അവൾ എവിടെയാണെന്നുപോലും എനിയ്ക്കറിയുവാൻ സാധിച്ചില്ല. ആറുകൊല്ലത്തിനുശേഷം മടങ്ങിവരുന്ന ഓമനപുത്രനെ സ്വാഗതംചെയ്യുവാൻ കൈനീട്ടിക്കൊണ്ടുവരുന്ന മാതാപിതാക്കന്മാരേയും, "നവയൌവനംവന്ന് നാൾതോറും വളരുന്ന" എൻെറ പ്രേമഭാജനത്തേയും സ്വപ്നംകണ്ടുകൊണ്ടുവന്ന എനിക്കു് കിട്ടിയ സ്വാഗതം ഭയങ്കരമായിരുന്നു!

ജീവിക്കുവാൻ എനിയ്ക്കാശയില്ലായിരുന്നു; പക്ഷെ ആത്മഹത്യ ഭീരുത്വമല്ലേ എന്നെൻെറ പൌരുഷം ചോദിച്ചു. ഞാൻ ജീവിക്കുവാൻതന്നെ ഉറച്ചു. കൊളമ്പിലേക്കു് വീണ്ടും മടങ്ങുവാൻ ഞാനാശിച്ചില്ല എങ്ങോട്ടെന്നില്ലാതെ ഞാൻ വീണ്ടും തീവണ്ടിസ്റ്റേഷനിലേയ്ക്കു ചെന്നു. അവിടെ എറണാകുളത്തേക്കു പുറപ്പെടാറായ ബസ്സ് നിന്നിരുന്നു. ഞാൻ അതിൽക്കയറി; ആലുവായിൽ ചെന്നപ്പോൾ എനിക്കു തോന്നി— അവിടെ ഇറങ്ങണമെന്ന്! ആലുവായിൽ ധാരാളം മില്ലുകളുണ്ടല്ലോ, വല്ല ജോലിയും അന്വേഷിക്കാം എന്നു ഞാൻ കരുതി. അന്നു രാത്രി അവിടെയൊരു സത്രത്തിൽ കൂടുവാൻ നിശ്ചയിച്ചു. മണി ഏകദേശം 11 ആയിട്ടുണ്ടായിരുന്നു. എനിക്ക് ലവലേശം ഉറക്കം വന്നില്ല.

കഴിഞ്ഞുപോയ സംഭവങ്ങളോരോന്നായി എൻെറ മനസ്സിനെ വല്ലാതെ പീഡിപ്പിച്ചുകൊണ്ടിരുന്നു. ഞാനൊന്നു മയങ്ങിയോ എന്നു സംശയം; കണ്ണുതുറന്നപ്പോൾ സൂര്യൻ ഉദിച്ചുയൎന്നുകഴിഞ്ഞു. വേഗം എഴുന്നേററു് വാതിൽതുറന്നപ്പോൾ കൈയിൽ ചൂലുമേന്തി ഒരുസ്ഥിക്രൂടം നിന്നിരുന്നു. ഞാനൊന്നു നോക്കി, പെട്ടെന്നു് കണ്ണുകൾ തിരിച്ചുകളഞ്ഞു: "ഹോ! എന്തൊരു ദയനീയരൂപം!" ഞാൻ വിചാരിച്ചു.

അന്നു മുഴുവൻ ഞാൻ ആ മുറിക്കകത്തു കഴിച്ചുകൂട്ടി. ഉച്ചയ്ക്കു പെട്ടിതുറന്നു് ആ പഴയ ഫോട്ടോ നോക്കി ഞാൻ പൊട്ടിക്കരഞ്ഞു. ഹാ! എൻെറ പ്രിയ മാതാപിതാക്കന്മാരെ! ലീലേ! നിങ്ങളുടെ അവശിഷ്ടമായി എനിക്കീലോകത്തിൽ ആകെയുള്ള അമൂല്യനിധിയല്ലേ ഇതു്? കൊളമ്പിൽനിന്നു് പുറപ്പെടുമ്പോൾ അമ്മയ്ക്കും, ലീലയ്ക്കും, അച്ഛനും കൊടുക്കുവാൻ ഞാൻ വാങ്ങിച്ചുകൊണ്ടുവന്നിരുന്ന ഓരോ വിശേഷസാധനങ്ങളും ഞാനെടുത്തുനോക്കി! ഒടുവിൽ എല്ലാം തിരികെ വെച്ചു ഫോട്ടോ മാത്രം പെട്ടിയുടെ മീതെവെച്ചു ഞാൻ ഒന്നു പുറത്തേക്കിറങ്ങി—അതാ ആ ദയനീയരൂപം ചൂലുമായി അവിടെ നില്ക്കുന്നുണ്ടു്!

'മുറി അടിച്ചു വാരട്ടേ!' അവൾ ചോദിച്ചു. ഞാനൊന്നു മൂളി മുററത്തിറങ്ങി ഉലാത്തുവാൻ തുടങ്ങി. നേരം കുറെ കഴിഞ്ഞു; മുറി വൃത്തിയാക്കൽ കഴിഞ്ഞുവോ എന്നു നോക്കുവാൻ ഞാൻ അകത്തു പ്രവേശിച്ചു. ആ അടിച്ചുതളിക്കാരിയുണ്ടു് ആ ഫോട്ടോ മടിയിൽവെച്ചു് തേങ്ങിത്തേങ്ങിക്കരയുന്നു. പാദവിന്യാസംകേട്ടു് അവൾ തലയുയൎത്തി നോക്കി. എന്നെക്കണ്ടപ്പോൾ ഒന്നു ഞെട്ടി ഫോട്ടോ താഴെവെച്ചു് ചാടിയെഴുന്നേററു.

"നീ എന്താണു് ആ ഫോട്ടോനോക്കി കരയുന്നതു്? അതിലുള്ളവരെ നീ അറിയുമോ?"

അവൾ പൂൎവ്വാധികം കരഞ്ഞുതുടങ്ങി. കുറച്ചു സമാധാനമായപ്പോൾ ഞാൻ വീണ്ടും ചോദിച്ചു.

"നിൻെറ നാടേതാണു്? ആ ഫോട്ടോവിലുള്ളവരെ നീ കണ്ടിട്ടുണ്ടോ?"

അവൾ പെട്ടെന്നു് എൻെറ കാല്ക്കൽവീണു് പൊട്ടിക്കരഞ്ഞു.

"ചേട്ടാ! ഈ പാപിയെ ചേട്ടൻെറ മറന്നുവോ? ചേട്ടൻ ലീലയെ ഓൎമ്മയില്ലേ?"

എനിക്കു് എൻെറ ചെവികളേയും കണ്ണുകളേയും വിശ്വസിക്കുവാൻ കഴിഞ്ഞില്ല. ഹെന്തു്! ഇതു് ലീലയോ! പുള്ളിപ്പാവാടയും ജാക്കററും ധരിച്ചു്, ചുരുണ്ടു കറുത്ത വാർകൂന്തലും അഴിച്ചിട്ടു് ഓടിച്ചാടി നടന്നി

രുന്ന ആ ഓമന പെൺകിടാവോ ഈ അസ്ഥിമാത്രമായി കിടക്കുന്നെ അടിച്ചുതളിപ്പെണ്ണ്! ഞാനവളെ കൈപിടിച്ചെഴുന്നേൽപ്പിച്ചു.

"എനിക്കൊന്നും മനസ്സിലാവുന്നില്ലല്ലൊ! സംഗതികളെല്ലാം പറയൂ! ലീലയുടെ ഭർത്താവെവിടെ ? നീ എങ്ങിനെയാണ് ഈ സ്ഥിതിയിലായത്? അച്ഛനും അമ്മയും മരിച്ചത് നീയറിഞ്ഞില്ലേ?"

"ഉവ്വ്, ചേട്ടാ! അവസാനകാലത്ത് അവരെ ഒരു നോക്കു കാണുവാൻപോലും എനിക്കു സാധിച്ചില്ല! ആ പാപി! എന്റെ ഭർത്താവ്! അയാളെന്നെ സമ്മതിച്ചില്ല. "(അവൾ വിതുമ്മിക്കരഞ്ഞു.")

"ചേട്ടൻ നാട്ടുവിട്ടു പോയതിൽപ്പിന്നെ അമ്മാമൻ കിടപ്പിലായി. ഞങ്ങൾക്ക് പണത്തിനു വലിയ ബുദ്ധിമുട്ടായി. കടം വീട്ടുവാൻ ഞങ്ങൾ ആ പറമ്പും പുരയും വിററു. ഒരു കൃസ്ത്യാനിയാണ് അതു വാങ്ങിയതു്. ഞങ്ങൾ 5ക. ക്ക് ഒരു ചെറിയ പുര വാടകയ്ക്കെടുത്തു താമസമാക്കി. ദാരിദ്ര്യത്തിൽനിന്നു കരേറുവാൻ ഒരൊററമാർഗ്ഗമേ കണ്ടുള്ളു — എന്റെ വിവാഹം! പല ആലോചനകളുമുണ്ടായി. ഞാൻ ഒന്നും സമ്മതിച്ചില്ല! ജ്യേഷ്ഠനെ മനസ്സുകൊണ്ട് ഭർത്താവായി വരിച്ചിരുന്ന ഞാൻ, എങ്ങനെ വേറൊരു പുരുഷനെ ഭർത്താവായി സ്വീകരിക്കും! പക്ഷെ എന്റെ വാശി ജയിച്ചില്ല! ഗത്യന്തരമില്ലാതെ, അമ്മാവനും അമ്മായിക്കുംവേണ്ടി, ഞാൻ ആ ത്യാഗം സഹിച്ചു! ഞാൻ ഗംഗാധരമേനോന്റെ ഭാര്യയായി! അദ്ദേഹം വലിയ ധനികനാണെന്നൊല്ലാമാണു ഞങ്ങൾ കേട്ടതു്. ഞങ്ങളുടെ ദാരിദ്ര്യം കുറെ തീരുമെന്നും അമ്മായി ആശിച്ചു. പക്ഷെ അനുഭവം ആശകളുടെ വിപരീതമായിരുന്നു. അദ്ദേഹം എന്നേയുംകൊണ്ട് അദ്ദേഹത്തിന്റെ ജോലിസ്ഥലമായ മധുരയിലേക്കു തിരിച്ചു. ആദ്യമൊക്കെ ഞാൻ അമ്മായിക്ക് പത്തും ഇരുപതും ഉറുപ്പിക അയച്ചുകൊണ്ടിരുന്നു. പക്ഷെ പിന്നീട് ഉറുപ്പിക അയക്കുവാൻ അദ്ദേഹം സമ്മതിക്കാതെയായി. അദ്ദേഹം വലിയ മദ്യപനും സ്ത്രീലമ്പടനുമാണെന്ന് ഞാൻ കാലക്രമേണ മനസ്സിലാക്കി. കിട്ടുന്നതിലിരട്ടിയായിരുന്നു ചെലവ്! ഒടുവിൽ അദ്ദേഹത്തിന്റെ ജോലി പോയി— ആഫീസ്സിൽനിന്നു കുറെ പണം കളവുപോയെന്നൊരു കേസ്സിൽ. ജോലിപോയി പിറേറന്നാൾ അദ്ദേഹം വീട്ടിൽനിന്നു പുറത്തിറങ്ങിയതാണ് —പിന്നെ, ഇതാ ഒരു വൎഷമായി ഞാനദ്ദേഹത്തെ കണ്ടിട്ട്! എനിക്കന്ന് എട്ടുമാസം ഗൎഭമായിരുന്നു. അപരിചിതമായ നാട്, വീട്ടിൽ ഞാൻ ഏകാകിനി. ഒരാഴ്ച ഞാനദ്ദേഹത്തെ കാത്ത് ആ വീട്ടിൽ തനിയെ കഴിച്ചുകൂട്ടി. ഗത്യന്തരമില്ലാതെ ഞാനും ഒരു ദിവസം ആ വീടുവിട്ടിറങ്ങി. കഴുത്തിലുണ്ടായിരുന്ന ഏക ആഭരണം വിററിട്ടാണ് ഞാൻ ടിക്ക

ററിന പണമുണ്ടാക്കിയതു്! നേരെ നാട്ടിലേയ്ക്കാണു് ഞാൻ ചെന്നതു്. രണ്ടു വർഷമായിട്ടു് എനിക്കു് അമ്മാമനേയും അമ്മായിയേയും കുറിച്ചു യാതൊരു വിവരവുമില്ലായിരുന്നു. ഞാൻ ആ ചെറിയ പുരയിടത്തിൽ ചെന്നപ്പോൾ അവിടെ അമ്മാമനേയും അമ്മായിയേയുമല്ല കണ്ടതു്— അവർ പറഞ്ഞു അമ്മാമനും അമ്മായിയും കാളറയിൽ മരിച്ചുവെന്നു്! ഞാൻ അതു കേട്ടപ്പോൾ മോഹാലസ്യമായി. ആ ഗൃഹനാഥനും ഭാര്യയും നല്ലവരായിരുന്നു. അവക്കു് എൻെറപേരിൽ ദയതോന്നി! ഞാൻ ആറുമാസം അവരുടെ കൂടെ താമസിച്ചു. അതിനിടയ്ക്കു് ഒരാൺകുഞ്ഞിനെ പ്രസവിച്ചു—കുട്ടിക്കു രണ്ടു മാസമായപ്പോൾ ഞാൻ ഒരു ഉപജീവനമാർഗ്ഗംതേടി പുറപ്പെട്ടു. ചുററിത്തിരിഞ്ഞു് ഇതാ ഇവിടെയെത്തി—നാലുമാസമായി ഈ ജോലിചെയ്തു കഴിയുന്നു എൻെറ ഓമനക്കുഞ്ഞിനെ വിചാരിച്ചു മാത്രമാണു് ഞാൻ ജീവിക്കുന്നതു്. അവനെ ഒരാളുടെ അടുക്കൽ ഏല്പിച്ചിട്ടുവേണം എനിക്കു മരിക്കുവാൻ!"

ഞാൻ ലീലയുടെ കാൽക്കൽവീണു കരഞ്ഞു.

"എൻെറ ലീലെ! നിൻെറയും, മാതാപിതാക്കന്മാരുടെയും സർവ്വ ദുഃഖങ്ങൾക്കും കാരണഭൂതനായ ഈ ദുഷ്ടനു് ലീല മാപ്പു തരുമോ?" നമുക്കിനിയുള്ളകാലം സുഖമായിക്കഴിയാം. ആറുകൊല്ലത്തെ കഷ്ടതകൾക്കുശേഷം നമുക്കു് ജീവിതം വീണ്ടുമൊന്നാസ്വദിച്ചുകൂടേ?

ഞങ്ങൾ പരസ്പരംനോക്കി സന്തോഷാശ്രുക്കൾ പൊടിച്ചു. പെട്ടെന്നു് അടുത്ത മുറിയിൽനിന്നൊരു നേരിയ കരച്ചിൽ—ഒരു കൊച്ചുകുഞ്ഞിൻെറ! ലീല പറഞ്ഞു.

"ഓ! അവൻ ഉണന്നു! എൻെറ കുട്ടൻ! ചേട്ടൻെറ പേരാണു് ഞാൻ അവനു് ഇട്ടിരിക്കുന്നതു്! സ്വന്തം പേർ സുരേന്ദ്രൻ എന്നു!"

ലീല വേഗം പോയി, ഏകദേശം ആറുമാസം പ്രായമുള്ള ഒരു കുട്ടിയേയുംകൊണ്ടു തിരിച്ചുവന്നു. എന്തൊരു സുരേന്ദരൻ! തടിച്ചു്, വെളുത്തു്, ചുരുണ്ട തലമുടിയോടുകൂടിയ ഒരുഅരോഗദൃഢഗാത്രൻ! ഈ അസ്ഥിമാത്രശേഷമായിത്തീന്ന മാതാവിൻെറ സന്താനമാണതെന്നു് ആരും പറയില്ലാ! ലീലയുടെ ബാല്യകാലം എൻെറ മനസ്സിൽക്കൂടി പാഞ്ഞുപോയി. അതേ മുഖം, അതേ ദേഹപ്രകൃതി—ആൺകുട്ടിയാണെന്നു മാത്രം വ്യത്യാസം! ഞാനവനെ വാരിയെടുത്തു് തുരുതുരെ ചുംബിച്ചു!............

അങ്ങനെ ഞങ്ങൾ ജീവിതത്തിൽ ഒരു പുതിയ അദ്ധ്യായം തുറന്നു. പക്ഷെ ആ അദ്ധ്യായം പെട്ടെന്നവസാനിച്ചുപോയി—രണ്ടു മാസത്തിനുശേഷം ലീല അകാലമരണം പ്രാപിച്ചു. പട്ടിണിയും, അമിതമായ

ദേഹാദ്ധ്വാനവും ലീലയെ ഒരു ക്ഷയരോഗിയാക്കിക്കഴിഞ്ഞതിനു ശേഷമാണു ഞങ്ങൾ അവിചാരിതമായി കണ്ടുമുട്ടിയതു്. ഞാൻ അവൾക്കു വേണ്ടി നിരവധി പണം ചെലവുചെയ്തു; പക്ഷെ എല്ലാം നിഷ്ഫലമായി. കുട്ടനേയും എന്നേയും ഈ സംസാരസാഗരത്തിൽ തള്ളിവിട്ടു് അവൾ പരലോകപ്രാപ്തയായി! എൻെറ ഹൃദയം പൊട്ടി. എൻെറ ജീവിതം സ്നേഹത്തിൽ കുറഞ്ഞൊന്നു വിശ്രമിക്കുവാൻ ഇരുന്നപ്പോഴെക്കും മരണമാകുന്ന ആ വൻകോടാലി ആ സ്നേഹതരുവിനെ വെട്ടിമാററിക്കളഞ്ഞു! എനിക്കു് ജീവിതത്തിൽ യാതൊരാശയും ഇല്ലാതായി. സുരേന്ദ്രനെ—എൻെറ കുട്ടനെ—എറണാകുളത്തു കൊണ്ടുപോയി ഒരു അനാഥാശ്രമത്തിൽ ഏല്പിക്കുവാനുറച്ചു് ഞാൻ എറണാകുളത്തെത്തി എൻെറ കൈവശമുള്ള സ്വത്തു മുഴുവൻ അവൻ ഒരു യുവാവാകുമ്പോൾ കിട്ടത്തക്കവിധത്തിൽ ഏർപ്പാടുചെയ്‌വാനും ഞാൻ നിശ്ചയിച്ചു. അനാഥാശ്രമത്തിലെ മേലധികാരിമുഖാന്തിരമാണു് ഞാൻ ഡാക്ടർ ശേഖറിനെ പരിചയമായതു്. സന്തതിയില്ലാതെ ദുഃഖിച്ചിരിക്കുന്ന ശേഖറിൻെറ ധർമ്മപത്നിക്കു് ഒരു കുട്ടിയെ കിട്ടിയാൽക്കൊള്ളാമെന്നുണ്ടെന്നും അയാൾ പറഞ്ഞു. സർവ്വ ചരിത്രവും ഞാൻ ഡാക്ടർ ശേഖറിൻെറ അടുക്കൽ തുറന്നു പറഞ്ഞിട്ടാണു് എൻെറ സുരേന്ദ്രനെ ഞാൻ അദ്ദേഹത്തിനെ ഏല്പിക്കുന്നതു്. എൻെറ സർവ്വമുതലും—ഈ ഡയറിയും, ആ ഫോട്ടവും ഞാൻ ഡാക്ടർ ശേഖറിനെ ഏൽപ്പിക്കുന്നുണ്ടു്. എൻെറ സുരേന്ദ്രൻ വളൎന്നുവന്നു് അതിയോഗ്യനായ ഒരു പുരുഷനാകുമ്പോൾ അവൻ ഞങ്ങളെക്കുറിച്ചറിയണം എന്നെനിക്കാഗ്രഹമുണ്ടു്."

സുരേന്ദ്രൻ ഡയറി മടക്കിവെച്ചു. ഫോട്ടോവുംകൊണ്ടു് അവൻ അമ്മയുടെ അടുത്തേയ്ക്കോടി. അവനു് ഡയറിയിലെഴുതിയിരുന്നതിൽ കുറെയെന്തോ മനസ്സിലായി! തന്നെ സംബന്ധിക്കുന്ന എന്തോ കാര്യമാണെന്നു് അവനു സംശയംതോന്നി. മല്ലിക അടുക്കളയിൽ ധൃതിയായി എന്തോ ജോലി ചെയ്യുകയായിരുന്നു. സുരേന്ദ്രൻ ഫോട്ടൊ നീട്ടിപ്പിടിച്ചു്:

"അമ്മ! ഇവരാരൊക്കെയാണു? എനിക്കവരുടെ കാര്യമൊന്നു പറഞ്ഞു തരൂ!"

മല്ലിക ഒന്നു ഞെട്ടി!

"നിന്നോടാരു പറഞ്ഞു ആ അലമാരി തുറക്കാൻ? കൊണ്ടുപോയിവെച്ചു് അലമാരി പൂട്ടിയിട്ടു വന്നാൽ ഒരു സമ്മാനം തരാം!"

മല്ലിക വിഷയം മാററി. സുരേന്ദ്രൻ അമ്മയെ അനുസരിച്ചു. അവനാഡയറിയുടെ കാര്യംതന്നെ മറന്നുപോയി! സമ്മാനംവാങ്ങാൻ അവൻ അടുക്കളയിലേയ്ക്കോടി.

# കുടിലിലെ പ്രേമം!

( എം. രാമകൃഷ്ണപിള്ള cl. iv )

കനകപ്പുലരി കഴുത്തുനീട്ടി,
ഇനാമണിത്താലി ദിവസം കെട്ടി.
പുലയൻ 'ചിരുതൻ' പിടഞ്ഞെഴീററു,
അളിയനെത്തോണ്ടിവിളിച്ചുതോററു.

*          *          *

ഒരു 'വെററ' കീറിയവർ മുറുക്കി
ഇരുചുണ്ടും കുങ്കുമച്ചാറിൽ മുക്കി.
തിരുവോണക്കോടിയയച്ചുടുത്തു,
ഇരവുമേടിച്ച കുടയെടുത്തു.
ചിരുതപ്പുലയൻ പെണ്ണുകാണാൻ
വിരുതനളിയനുമായ് നടന്നാൻ.
തെളിവൊടു പാട്ടുകൾ മൂളിപ്പാടി,
കിളികളതൊക്കെയു മേററുപാടി.
വഴിതോറുമാളുകളാർത്തുപാർത്തു
അഴലാർന്നപ്പാവം പകച്ചുനേർത്തു.
തരുതളിർത്തൊത്തു വിരിക്കയായി
പെരുവഴിയൊക്കെയലിഞ്ഞുപോയി.

*          *          *

അതിദൂരെപ്പുൽക്കുടിൽ കണ്ടിടുന്നു,
അതിഥിയെക്കണ്ടു കുനിഞ്ഞിടുന്നു.
വരിനെല്ലിൻേറാലകൾ കൈകൾകോർത്ത-
പ്പുരയുടെ ചുററും കുണുങ്ങിയാർത്തു.
ഒരുകാക്ക മാങ്കൊമ്പിൽച്ചാഞ്ഞിരുന്നു-
വിരവിൽ 'വിരുന്നു' വിളിച്ചിടുന്നു

ഒരുതഴക്കീറിൽച്ചുടഞ്ഞിരുന്നു
ചിരുതനും തോഴനും നോക്കിടുന്നു.
ഒരു പുലയപ്പെണ്ണണഞ്ഞിടുന്നു
ചിരുതൻെറ കണ്ണുകൾ മിന്നിടുന്നു.
പരിശുദ്ധപ്രേമം പകൎന്നിടുന്നു,
ചിരിയതളുന്നു മറിച്ചിടുന്നു.

*　　　*　　　*

അരിവെപ്പിന്നായവൾ പോയിടുന്നു,
ചിരിമുട്ടിപ്പാത്രം പതഞ്ഞിടുന്നു.

# തൃക്കാക്കര

## പുരാതനകേരളത്തിൻെറ തലസ്ഥാനം

( സി. ആർ. എൻ എഴുത്തച്ഛൻ എം. എ. )

അന്ന് ചിങ്ങമാസം 1-ാംനു-യായിരുന്നു. പുലൎച്ച ഏതാണ്ട് നാലുമണിക്ക് ഒരു മഴ പെട്ടെന്നുവന്നു പെയ്തു തോൎന്നു. മഴ കഴിഞ്ഞു് അരമണിക്കൂർ കഴിഞ്ഞപ്പോഴയ്ക്കു് ഇങ്ങനെ ഒരു സംഭവം ഉണ്ടായിട്ടില്ലെന്നപോലെ കാറുകൾ നീങ്ങി നീരന്ധ്രനീലമായ ആകാശം തെളിയുകയായി. മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളെക്കൊണ്ട് വിൺതലം വിമോഹനമായി. എന്നാൽ പ്രകാശംവാച്ചിരുന്ന പ്രഭാപുഞ്ജങ്ങളോടുകൂടിയ പൂൎവ്വാകാശം പ്രഭാതഭാസ്സുതട്ടി, ഇക്കാലത്തെ ചില പൂവുള്ള തുണിത്തരങ്ങൾ അലക്കിയാലെന്നപോലെ പുള്ളിയും പകിട്ടുമൊക്കെ പോയി ആകെ ഒരു ചാരനിറമായി മാറിത്തുടങ്ങി. അല്ലെങ്കിൽ നവരത്നങ്ങൾ നിരത്തിയ നീലവില്ലീസിനോടൊത്തിരുന്ന നിൎമ്മലാംബരം കാലത്തിൻെറ പ്രഹരമേററു് അലക്കി നരച്ച ഒരു വെറും പാഴ്ത്തുണിക്കഷണംപോലെയായി മാറിത്തുടങ്ങി. ഞങ്ങൾ യാത്രയ്ക്കു നിശ്ചയിച്ചിരുന്നവരിൽ മിക്കവരും കാലത്തെ വണ്ടിക്ക് ഇടപ്പിള്ളിക്കുപോകുവാനായി എറണാകുളം "സൌത്ത്സ്റ്റേഷനിൽ"നിന്നു പുറപ്പെട്ടു. "ട്നാത്തി"ൽനിന്നു 'ജി' യും ഞങ്ങളുടെ മററെ കൂട്ടുകാരനും ഒന്നിച്ചുകൂടി.

എടപ്പിള്ളിയിൽ കൃത്യം 6½ മണിക്ക് വണ്ടിയിറങ്ങി ഞങ്ങൾ തൃക്കാക്കരയ്ക്കു് നടന്നു. എടപ്പിള്ളി സ്റ്റേഷനിൽനിന്നു് തെക്കുകിഴക്കോട്ടായി നടന്ന് ഭൃംഗസന്ദേശത്തിൽ വർണ്ണിച്ചിരിക്കുന്ന "ഭൂതിവാഹിനി" എന്ന തോട്ടംകടന്ന് ഏതാണ്ടു് രണ്ടരനാഴികയോളം ചെന്നപ്പോൾ വിശാലമായ ഒരു വെളിംപറമ്പും അതിൻെറ ഏതാണ്ട് പടിഞ്ഞാറെ അററത്തായുള്ള ആൽവൃക്ഷവും ക്ഷേത്രങ്ങളും ഞങ്ങൾക്ക് ദൃഷ്ടിഗോചരമായി.

കുറേക്കാലംമുമ്പ്, ജീർണ്ണിച്ചുപോയ ചില കല്ലുകളും ബിംബങ്ങളും മാത്രമായി ശേഷിച്ചിരുന്ന സ്ഥലത്തു് ഇപ്പോൾ തിരുവിതാംകൂർ ഗവർമ്മേണ്ടു് ക്ഷേത്രം പുതുക്കിപ്പണിയിക്കുകയും അവിടെ പൂജാദികൾ ശരിക്കു നടത്തിച്ചുവരികയും ചെയ്യുന്നുണ്ടു്. വടക്കുഭാഗത്തുള്ളതാണു് വാമനമൂത്തിയെ പ്രതിഷ്ഠിച്ചിരിക്കുന്ന ക്ഷേത്രം. അതിൽ ശ്രീകോവിലിൻെറ മണ്ഡപത്തറയുടെ അടിയിൽ വട്ടെഴുത്തും കോലെഴുത്തും കലന്ന ലിപികളിൽ ചില രേഖകൾ കൊത്തിയിട്ടുള്ള രണ്ടു മൂന്നു ശിലകളും പുറത്തേക്കുള്ള വഴിയിലുള്ള തറയിന്മേൽ വട്ടെഴുത്തിൽമാത്രം രേഖകൾ കൊത്തിയിട്ടുള്ള ഒരു ശിലയും ഉണ്ടു്. ശിലകളിലെ എഴുത്തു് മിക്കവാറും മാഞ്ഞുപോയിത്തുടങ്ങിയമട്ടിലായിരിക്കുന്നു. തിരുവിതാംകൂർ ഗവർമ്മേണ്ടിലെ പുരാണവസ്ത്വന്വേഷണവകുപ്പ് ഇതിൻെറ പകർപ്പുകൾ കുറച്ചുകാലംമുമ്പ് എടുത്തുകൊണ്ടുപോയിട്ടുണ്ടത്രെ. ഈ ക്ഷേത്രത്തിൻെറ തെക്കുപടിഞ്ഞാറെ കോണിലായി യക്ഷിയേയും സർപ്പങ്ങളേയും കുടിവെച്ചിട്ടുള്ള കാടുനിറഞ്ഞ ഒരു കാവാണ്. തെക്കുഭാഗത്തു സ്ഥിതിചെയ്യുന്ന ശിവക്ഷേത്രമാണു് കൂടുതൽ പുരാതനമായിട്ടുള്ളതു്. അവിടത്തെ പ്രതിഷ്ഠ സ്വയംഭൂവായ ശിവലിംഗമാണ്. ലിംഗത്തിൻെറ ശിരസ്സ് അല്പം പൊട്ടിപ്പോയിട്ടുണ്ടു്. അതു വളരുന്നുണ്ടെന്നാണു് അവിടത്തുകാരുടെ വിശ്വാസം. മഹാബലി ഭജിച്ചിരുന്ന കോവിലാണത്രെ അതു്. മൂന്നു ക്ഷേത്രങ്ങളുടേയും നട കിഴക്കോട്ടുതന്നെയാകുന്നു. പറമ്പിൻെറ വടക്കുഭാഗത്തായി അതി പുരാതനമായ ഒരു കുളം ഉണ്ടു്. വാമനനോടു് സത്യം ചെയ്വാൻ കയ്യിൽ ജലം എടുത്തതു് ഈ കുളത്തിൽനിന്നായതുകൊണ്ടു "ദാനോദകപ്പൊയ്ക" എന്നാണുപോലും അതിൻെറ നാമധേയം. കിഴക്കോട്ട് പറമ്പിന്നു് ഇപ്പോൾ ഏതാണ്ടു് അരനാഴികയിലധികം നീളവും തെക്കുവടക്കായി കാൽനാഴികയിൽക്കവിഞ്ഞ വീതിയും ഉണ്ടു്. അതിൻെറ ഓരോ ഭാഗങ്ങളിലായി മാടഭൂപതി, സാമൂതിരി, മുതലായവർക്കും അവരുടെ പരിവാരങ്ങൾക്കും പ്രത്യേകം പ്രത്യേകമായുള്ള സ്ഥാനങ്ങളും കോവിലകങ്ങളും ഉണ്ടായിരുന്നതായി പറയുന്നു. ഓണാഘോഷത്തിന്നു്

കേരളത്തിന്റെ നാനാഭാഗത്തുനിന്നും വന്നുകൂടിയിരുന്ന രാജാക്കന്മാരും നാടുവാഴികളും ഇടപ്രഭുക്കന്മാരും സാധാരണജനങ്ങളും അവിടെയാണ് തിങ്ങിക്കൂടിയിരുന്നതു്.

കർക്കിടകമാസത്തിൽ തിരുവോണംമുതൽ ചിങ്ങമാസത്തിൽ തിരുവോണംവരെ 28 ദിവസം അവിടെ ഓണമഹോത്സവമായി കൊണ്ടാടിയിരുന്നു.

"വരമാബലി നാടുവാണൊരാ
സ്മരണത്തിന്നുതകും പ്രകാരമേ
ഇരവിപ്പെരുമാൾതുടങ്ങി വൻ-
കര, തൃക്കാക്കരവെച്ചൊരുത്സവം."

* * *

ഒരുമാസമഹോ മഹോത്സവം
പെരുമാറീട്ടവസാനഘോഷണം
പുരുമംഗളമിങ്ങു ചിങ്ങമാം
തിരുവോണം ദിവസം കഴിക്കയാം.

* * *

മലയാളികളിൽ പ്രമാണമാം
നിലയാണ്ടോർ സകുടുംബമേവരും
പലനാടരുമൊക്കെയൊപ്പമീ
സ്ഥലമെത്തും പടിയാണു നിശ്ചയം.

* * *

ഇതിനിങ്ങുവരാൻ തരപ്പെടാ
സ്ഥിതിയായ്യോയജനം ഗൃഹങ്ങളിൽ
പ്രതിപത്തിയൊടോണമാചരി-
പ്പതിനും വെച്ചിതുറച്ചു നിശ്ചയം.

* * *

ബഹളത്തൊടുവീടുതോറുമു-
ണ്ടിഹ തൃക്കാക്കരയപ്പനെജ്ജനം
സഹസാ കുടിവെച്ചുമോണമാം
മഹമേൽപ്പൂ മലയാളഭൂമിയിൽ.

വിരുതേറിന വീരചേരമാൻ
പെരുമാൾവെച്ചൊരു രഞ്ജനോത്സവം
ഒരുപോലെ ജനങ്ങളാദരി-
പ്പൊരുനല്ലോണമിതേവനും രസം !!

ഇപ്രകാരമാണ് "കേരളത്തിൽ" ഓണത്തിൻെറ ആഗമനത്തെപ്പററി കുഞ്ഞിക്കുട്ടൻതമ്പുരാൻ പ്രതിപാദിച്ചിരിക്കുന്നതു്. ശ്രീ: ആററൂർ കൃഷ്ണപ്പിഷാരോടി അവർകൾ അദ്ദേഹത്തിൻെറ കേരളചരിത്രമെന്ന ഗ്രന്ഥത്തിൽ (പുറം. 54, 55) ക്രിസ്തുവഷം 620-ൽ രാജ്യഭാരം തുടങ്ങിയ ഭാസ്കരരവിവമ്മപ്പെരുമാൾ, മഹാബലിചക്രവത്തിയുടെ സ്മരണയ്ക്കായി ക്രി. വ. 620-നും 670-നും മദ്ധ്യേ ആദികേരളത്തിൻെറ തലസ്ഥാനമായ തൃക്കാക്കരെവെച്ചു് ഈ ഉത്സവം ആരംഭിച്ചു നടപ്പിലാക്കി എന്നു് അഭിപ്രായപ്പെടുന്നു. തൃക്കാക്കരെ ഓണമഹോത്സവം നടത്താൻ തുടങ്ങിയതു് ഒരുപക്ഷെ അക്കാലത്തായിരിക്കാം. എന്നാൽ ഉദ്ദേശം 2000 സംവത്സരത്തോളം പഴക്കമുള്ള പത്തുപ്പാട്ടിൽ ആറാമത്തെ പാട്ടായ മധുരൈ കാഞ്ചി എന്ന പാട്ടിൽ പല ഉത്സവങ്ങളേയും വണ്ണിക്കുന്നകൂട്ടത്തിൽ "മായോൻ" പിറന്ന നല്ലനാളായ ഓണത്തേയും ഒരുത്സവക്കാലമായി കൊണ്ടാടിയിരുന്നതായി വണ്ണിക്കുന്നു.

* "കണമെകൊൾ അവുണർ കടന്തപൊലംതാൻ
മായോൻമേയ വോണനന്നാൾ"

എന്നിങ്ങനെ തുടങ്ങി ഓണം ഒരുത്സവദിവസമായും അന്നു് 'മറവർ' എന്ന പടയാളികൾ ചെയ്തിരുന്ന പലതരം അഭ്യാസങ്ങളേയും വിനോദങ്ങളേയും വണ്ണിച്ചിരിക്കുന്നു. അതിനാൽ ഓണാഘോഷം പെരുമാൾ വാഴ്ചക്കു മുമ്പുതന്നെ നടന്നിരുന്നു എന്നു തീച്ചയാണ്.

രണ്ടുമൂന്നുമാസത്തെ അമൃതധാരയേററു് പ്രസന്നയായ പ്രകൃതിദേവി നാനാവണ്ണാങ്കിതമായ പച്ചപ്പട്ടുടയാടയുടുത്തു്; കായ്കനികളും പൊൻപോലെ വിളഞ്ഞ നെല്ലും വയൽ താലത്തിലെടുത്തു് കാഴ്ചവെക്കുന്നകാലമാണ് ഓണക്കാലം. കേരളീയനതു് ഒരുത്സവക്കാലമായി സംസ്കാരംസിദ്ധിച്ച അന്നുമുതൽക്കുതന്നെ തോന്നിത്തുടങ്ങിയിരിക്കണം. അങ്ങനെ അതിപ്രാചീനകാലംമുതൽ കേരളത്തിൽ ഓണമാഘോഷിക്കാൻതുടങ്ങിയിരിക്കണമെന്നു പറയാമെന്നല്ലാതെ ചരിത്രരേഖകൾകൊണ്ടു നിണ്ണയിച്ചുറപ്പിക്കുവാൻ ഇന്നത്തെസ്ഥിതിക്കു് സുസാധമല്ല.

* മധുരൈകാഞ്ചി (പാത്തുപാട്ടു് വരി 591, 92)

ഇപ്പോൾ തൃക്കാക്കരെ 28 ദിവസത്തെ ഉത്സവമൊന്നും ഇല്ല. പ്രധാനമെന്നുവെച്ചിരുന്ന ഒടുവിലത്തെ പത്തുദിവസം മാത്രമാണ് ഇപ്പോൾ ആകെയുള്ള ഉത്സവം. ചിങ്ങമാസത്തിൽ അത്തംനാൾ കൊടികയറി തിരുവോണത്തുന്നാൾ ആറാട്ടായി അവസാനിക്കുന്നതാണ് ആ പത്തുദിവസം. എല്ലാമാസത്തിലും 'തിരുവോണം' നാൾ ഒരു വിശേഷ ദിവസവുമാണ്.

സാധാരണമായ ഈശ്വരപ്രാത്ഥനമുതൽ തൃക്കാക്കരപ്പന്റെ തൃപ്പടിമേൽ പൊന്നും വെള്ളിയും കിഴികെട്ടിവെച്ച് അവസാനമായി സത്യം തെളിഞ്ഞുകിട്ടേണ്ട ആവശ്യംവരെയുള്ള കാര്യങ്ങൾക്ക് കേരളത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ജനങ്ങൾ പുരാതനകാലംമുതല്ക്കു പോയിരുന്ന മാഹാത്മ്യമേറിയ ആ ക്ഷേത്രത്തിലെത്തുവാൻ ഇന്ന് രണ്ടുനാഴിക അകലെനിന്നുപോലും സുഗമമായ ഒരു മാർഗ്ഗമില്ല. പ്രസിദ്ധനായ കേരളചക്രവർത്തിയായിരുന്ന മഹാബലിയുടേയും അദ്ദേഹത്തിന്റെ വംശജരുടേയും തലസ്ഥാനനഗരമായിരുന്ന തൃക്കാക്കരയെ ഇന്ന് അധിവസിക്കുന്നതു് അധികവും കുറുക്കന്മാരും കുറുനരികളുമാകുന്നു. ക്ഷേത്രപ്പറമ്പിന്റെ മൂന്നുപുറത്തും രണ്ടു മൂന്നു നാഴികയോളം ദൂരം ഇപ്പോൾ മിക്കവാറും വിജനമായ കുററിക്കാടുകളും വയലുകളും വെളിംപറമ്പുകളുമാണ്. ഓരോ തലമുറയിലുമുള്ള പണ്ടത്തെ കേരളത്തിലെ ഭരണാധികാരികളും ഭരണീയരും ഉത്സവമാഘോഷിച്ചിരുന്നതും, ആ അവസരങ്ങളിൽ വീരയോദ്ധാക്കളുടെ ഖഡ്ഗപ്രയോഗസാമർത്ഥ്യങ്ങൾക്കും മററും സാക്ഷ്യം വഹിച്ചിരുന്നതും സർവ്വോപരി അനേകകാലം കേരളത്തിന്റെ തലസ്ഥാനനഗരീസ്ഥാനം അലങ്കരിച്ചിരുന്നതും ആയ ആ പ്രദേശത്തിന്ന്, മിക്കവാറും വിജനമായ ഇന്നത്തെ അതിന്റെ ഉയന്ന കുന്നിൻപുറങ്ങളും പരന്ന മൈതാനങ്ങളും ഒരു ഗംഭീര്യമുളവാക്കുന്നു.

അവിടെനിന്ന് നാലഞ്ചുനാഴിക കിഴക്കോട്ടുപോയി കാക്കനാട്ട് എന്ന പ്രദേശത്ത് പാണ്ഡവന്മാരുടെ അരക്കില്ലമെന്നു പറഞ്ഞുവരുന്ന മുടിക്കുഴി എന്ന സ്ഥലവും ഞങ്ങൾ സന്ദർശിച്ചു. ഒരു പാറക്കൂട്ടത്തിന്റെ നടുവിൽ അവിടെ ഒരു ഗുഹയും അതിൽക്കൂടി ഇറങ്ങിപ്പോയാൽ നൂറു വാരയോളം നീളത്തിൽ പാറയിൽക്കൂടി പാടത്തേക്കു ചെന്നിറങ്ങുന്ന ഒരു വിലവും ഉണ്ടു്. ആ വിലത്തിന്റെ അററത്തുള്ള പാറയുടെ മുകളിൽ പാണ്ഡവന്മാരുടെ കിരീടം തട്ടിയിട്ടുണ്ടായ പാടുകളെന്നു പറയുന്ന കുറെ പഴുതുകളുണ്ട്. പക്ഷെ ഇപ്രകാരം പാണ്ഡവന്മാരുടെ ചരിത്രത്തോട് എന്തെങ്കിലുംതരത്തിൽ ബന്ധപ്പെട്ട ഒരവശിഷ്ടമില്ലാത്ത ഒരൊററ ഗ്രാമമെങ്കിലും കേരളത്തിലെന്നല്ല, ഭാരതത്തിലെന്നല്ല, ഭാരതീയ

സംസ്കാരത്തിൽ വളൎന്നുവന്ന ഭാരതത്തിനു ചുററുമുള്ള സിലോൺ, ജാവ, ബോർണിയോ, സുമാത്ര തുടങ്ങിയ ദ്വീപുകളിൽക്കൂടി ഉണ്ടാകുമോ എന്നു സംശയമാണ്. അതുയ്യൂണ്ട് ആ പുരാണപുരുഷന്മാരുമായി തങ്ങളുടെ നാട്ടിന്നു് ഒരു ബന്ധം സ്ഥാപിക്കുവാനുള്ള ഓരോരോ നാട്ടുകാരുടേയും വാസന.

പച്ചപ്പുല്ലു നിറഞ്ഞ മൈതാനങ്ങളും പൂച്ചെടികളും കുററിക്കാട്ടുകളും നിറഞ്ഞ പറമ്പുകളും ചേൎന്ന അവിടത്തെ പ്രകൃതി അതിമനോഹരമാണ്. ചുററിലുമുള്ള കാനനങ്ങളുടേയും കൊച്ചരുവികളുടേയും ഇടയബാലന്മാരുടേയും ദൎശനം അതിനടുത്ത നാട്ടുകാരനായ ചങ്ങമ്പുഴ തൻെറ കവിതകളിലൊന്നിലും മേല്പറഞ്ഞവയെ വിസ്മരിക്കാത്തതെന്തുകൊണ്ടെന്നു് ഞങ്ങളെ മനസ്സിലാക്കി. ആ നിസ്സൎഗ്ഗസുന്ദരമായ പ്രകൃതിയുടെ ലാവണ്യം ശ്രീമാൻ 'ജി'യെ ഗേഥേയുടെ "പ്രകൃതിയെ മനുഷ്യൻ കീഴടക്കി തൻെറ വരുതിയ്ക്കനുസരിച്ച് ക്രമപ്പെടുത്തുന്നതുകൊണ്ടുണ്ടാകുന്ന ലാഭം പ്രകൃതിയുടെ നിസൎഗ്ഗസൌന്ദൎയ്യത്തെ നശിപ്പിക്കുന്നതിനാലുണ്ടാകുന്നനഷ്ടത്തോടു തട്ടിനോക്കുമ്പോൾ എത്ര നിസ്സാരമാണ്" എന്ന ആശയത്തെയാണ് അനുസ്മരിപ്പിച്ചതു്.

എന്നാൽ താമസിയാതെ ഞങ്ങളുടെ സൌന്ദൎയ്യാസ്വാദനത്തിന് പ്രകൃതിതന്നെ വിരാമമിട്ടു. 1122-ലെ ആദ്യത്തെ മഴ മോശക്കാരനായിക്കൂടെന്നമട്ടിൽ അതികഠിനമായി ശരമാരി തുടങ്ങി. സഞ്ജയൻെറ ഭാഷയിൽ ബ്രഹ്മാണ്ഡകടാഹമാകെ ഉണ്ണിപ്പിണ്ടി പൊട്ടിച്ചു വലിച്ചതുപോലെയായി.

മഴയത്തുള്ള ആ നടത്തത്തിലും പല സാഹിത്യവിഷയങ്ങളും നിരൂപണവിഷയമായക്കൂട്ടത്തിൽ ഒരെല്ലില്ലെങ്കിൽ തനിക്കു കല്ലായിരുന്നാൽ മതിയെന്നുള്ള കുററിപ്പുറത്തിൻെറ ആഗ്രഹത്തേയും തനിക്കു 'മാനത്തെ മായാമതല്ലികയായ മാരിവില്ലാ'യാൽ മതിയെന്നുള്ള 'ജി'യുടെ ആശയേയും ഞങ്ങളുടെ കൂട്ടുകാരൻ സി. എൻ. നിൎദ്ദയമായി വിമർശിച്ചു. തനിക്കു താൻതന്നെയായാൽ മതിയെന്നുള്ള അദ്ദേഹത്തിൻെറ തത്വചിന്താപരമായ സിദ്ധാന്തവും കേട്ട് ഒരു പതിനാറുനാഴികയിൽ കുറയാതെ നടന്നതിൽ പരിക്ഷീണരായി പട്ടണത്തിലേക്കുതന്നെ ഞങ്ങൾ തിരിച്ചുപോന്നു.

# നമ്മുടെ പ്രശ്നം.

(ടി. അരവിന്ദാക്ഷൻ Cl. III)

പൂവിട്ടു മാബലിത്തമ്പുരാനെ,
പ്പൂജിച്ചുവന്നെത്തും തോഴന്മാരേ,
സ്വപ്നസ്മൃതികൾ തൻ വിസ്തൃതിയിൽ
സ്വർഗ്ഗം ചമച്ചോരെൻ തോഴിമാരേ,
ഞാനുപഹാരമായ് വയ്ക്കുയാണി-
ഗ്ഗാനശകലം ഭവൽപദത്തിൽ.

പൊന്നുഴിഞ്ഞാലിന്മേലാടിയാടി
പൊന്നോണപ്പാട്ടുകൾ പാടിപ്പാടി
ആനന്ദത്തിൻെറ മണിയറയി-
ലാറാട്ടുവാനായിപ്പോയ നമ്മൾ
കോമളമാകുമക്കേരളത്തിൻ
ഗ്രാമാന്തരങ്ങളിലെന്തുകണ്ടു ?

മാലേയകാമ്യപരിമളത്തിൽ
മുങ്ങിക്കുളിച്ചോരത്തെന്നലന്നും
പച്ച നിറഞ്ഞ പരന്ന പാട-
ത്തുച്ചലൽ കിക്കിളിയിട്ടണഞ്ഞു.
പാടിത്തളൎന്നു പുളഞ്ഞൊഴുകും
തോടിൻ കരകളിലങ്ങുമിങ്ങും
ചിററാടപ്പൂവുകൾ, തന്നരികിൽ
കുട്ടികളെത്താതെ, കേണു, നിന്നു
ചാലായൊഴുകും വിയർപ്പുതുള്ളി
മേലാകെയേന്തിയെരിവെയിലിൽ
പാടത്തും മററു പണിസ്ഥലത്തു-
മാടൽപൂണ്ടുന്ന ജനങ്ങളെത്തി.

ഉണ്ണാനുടുക്കാനും കിട്ടിടാതെ
കണ്ണീരൊലിക്കും മുഖവുമായി
പൊട്ടിയൊലിക്കും വ്രണങ്ങൾ ചേർന്ന
കുട്ടികൾ നീളെ, നിരന്നിരുന്നു.
ഓണനിലാവിൻെറ പട്ടണിഞ്ഞു
ചേണാർന്ന മിന്നുമാഗ്രാമഭംഗി
കണ്ടു പുളകപ്പുതപ്പണിഞ്ഞും
കൊണ്ടാരും പാട്ടുകൾ പാടിയില്ല.

പ്രാചീനകേരളമേദിനിതൻ
പ്രേതത്തെയന്നു, നാം കണ്ടറിഞ്ഞു.

എങ്കിലുമേതാനും പൂക്കൾ വാരി
യങ്കണമൊക്കെയും നാം നിറച്ചു
സ്വർഗ്ഗപ്രതീക്ഷകൾ തിങ്ങിവിങ്ങി
സ്വപ്നത്തിൻ വീചിയിൽ വീണുമുങ്ങി.
അന്തികത്തൊക്കെയും കണ്ടിരുന്നോ-
രന്തരത്തിൻനേരേ കണ്ണടച്ചു.
പണ്ടത്തെപ്പോലെ കഴിഞ്ഞുകൂടാൻ
വീണ്ടുമിങ്ങോട്ടു നാം, വന്നണഞ്ഞു.

നാളത്തെ നേതാക്കളാണു നമ്മൾ
നാളത്തെപ്പൌരന്മാരാണു നമ്മൾ.

ചിന്തിച്ചുനോക്കുവിനീവിധത്തിൽ
എന്തിന്നു, നമ്മൾ സുഖിച്ചിടേണം ?

# മൂകഗാനം

(കെ. വി. തോമാസ്സ്, Cl. IV B. Sc.)

ഞാൻ മൂകനായിരിക്കണം! എന്നെ രക്ഷിക്കാത്ത ലോകത്തിനു വേണ്ടി ഞാൻ മൂകനായിരിക്കണം! ഇരുമ്പു ചങ്ങലകൊണ്ടു വരിഞ്ഞു് തൂക്കുമരത്തിൻെറ കൊലക്കയറു കാണിച്ചു് നിയമങ്ങളും അധികാരങ്ങളും എന്നെ രൂക്ഷമായി താക്കീതു ചെയ്യുകയാണു്; ഞാൻ നിശ്ശബ്ദനായിരിക്കണമെന്നു്! എൻെറ അവകാശങ്ങൾ ചോദിക്കുവാൻ—എൻെറ വേദനകൾ ശമിപ്പിക്കുവാൻ എനിക്കു സന്ദർഭം തരാത്ത ലോകത്തിൽ എൻെറ ജീവിതം അധഃപതനമാണെങ്കിൽ അതു തൂക്കുമരത്തിൻെറ ഭീകരതയിൽ മരവിച്ചുകൊള്ളട്ടെ!

വിഹായസ്സിൽ പറന്നു നടക്കുന്ന പക്ഷിക്കുഞ്ഞുങ്ങൾക്കു സ്വാതന്ത്ര്യമുണ്ടു്. വെൺമാളികകളുടെ ഇരുമ്പറകളിൽ നാണയങ്ങൾക്കു ആഹ്ലാദാരവം മുഴക്കുവാൻ അവകാശമുണ്ടു്—സാമ്രാജ്യങ്ങൾ ഭരിക്കുവാൻ രാജാക്കന്മാൎക്കു അധികാരമുണ്ടു്. പക്ഷെ ഞാൻ മാത്രം മൂകനായിരിക്കണം. എല്ലാവരും എൻെറ നേരെ അപഹാസം പൊഴിക്കുന്നു. എനിക്കു ഒന്നും മനസ്സിലാകാത്ത വിധത്തിൽ എൻെറ നേരെ നിയമങ്ങൾ വിധി പ്രസ്താവിക്കുന്നു. അവയുടെ പടിവാതുക്കൽ ഞാൻ ഇഴഞ്ഞുചെന്നു് എൻെറ അവകാശങ്ങൾ ചോദിച്ചു. അധികാരത്തിൻെറ മുമ്പിൽ മുട്ടുമടക്കി എൻെറ അപേക്ഷകൾ അറിയിച്ചു. വിണ്ട പാറയ്ക്കുള്ളിൽ നിന്നു് ഞാൻ ശുദ്ധജലം കുടിച്ചു തൃപ്തനായിട്ടുണ്ടു്. എന്നാൽ ആ നശിച്ച നിയമങ്ങളും അധികാരങ്ങളും പാറയേക്കാൾ നീരുറവില്ലാത്തവയായിരുന്നു.

തീവ്രമായ വികാരങ്ങൾ എൻെറ ഹൃദയത്തെ ചൂടുപിടിപ്പിക്കുമ്പോൾ ഞാൻ എങ്ങനെ ശാന്തനായിരിക്കും! അവ കാർമേഘങ്ങൾക്കുള്ളിൽ ഒളിഞ്ഞൊതുങ്ങി ഇടിയും മിന്നലുമായി ഈ ദുഷിച്ച ലോകതത്വങ്ങളെ സ്തംഭിച്ചെങ്കിൽ ഞാൻ സമാഹിതചിത്തനാകുമായിരുന്നു. അവ അന്നു ബോംബുകളായി മാറി പണത്തിൻെറ കൊടിക്കൂറ പറക്കുന്ന ഇരുമ്പറകളെ പൊട്ടിത്തെറിപ്പിച്ചെങ്കിൽ ഞാൻ വികൃതമായി മന്ദഹസിക്കുമായിരുന്നു. പ്രതികാരംകൊണ്ടു് ഹൃദയം പുകയുമ്പോൾ കാരാഗൃഹത്തിൻെറ ഇരുമ്പഴികൾ എന്നെ ഭയപ്പെടുത്തുന്നില്ല. അധഃപതന

ത്തിൽക്കിടന്ന് മുരടിക്കുമ്പോൾ കഴുമരത്തിന്റെ കൊലക്കയറ് എനിക്കഭികാമ്യമായിത്തോന്നുന്നു. അതുകൊണ്ടാണ് ഞാൻ വിപ്ലവഗാനവുമായി സമരാങ്കണത്തിലേക്കിറങ്ങിയതു്.

പണത്തിന്റെ പ്രഭവത്തിൽ ജനിച്ച്, ചിന്തകളുടെ വിസ്മൃതിയിൽ വളന്നു, ആത്മാവിന്റെ നിയന്ത്രണത്തേക്കാൾ ശരീരത്തിന്റെ മുറവിളിയിൽ ശ്രദ്ധിച്ച്, ലോകത്തിന്റെ പുറംപൂച്ചു സൃഷ്ടിച്ച ഇല്ലായ്മയിൽ ജീവിതത്തിന്റെ മൂലം നിക്ഷിപ്തമായിട്ടുണ്ടെന്ന് അന്യായമായി തെററിദ്ധരിച്ച്, അധമ്മത്തിന്റെ കരിനിഴൽവീശിയ വികാരങ്ങളെ കെട്ടിപ്പുണന്ന് ചതിയുടെ വേശ്യാലയങ്ങളിൽ മന്മഥലീലയാടി, അജ്ഞത നിമ്മിച്ച അധികാരത്തിന്റെ പിടിയിൽ സമുദായം അധഃപതിക്കുമ്പോൾ ഞാൻ മൂകനായിരുന്ന് എന്റെ ജീവിതം മരവിപ്പിക്കണം! ഇതാണു നിങ്ങളുടെ ആഗ്രഹമെങ്കിൽ മഹാരണ്യങ്ങളുടെ നിശ്ശബ്ദതയിൽ നിന്നും മഹഷീശ്വരന്മാർ ഉജ്ജീവിപ്പിച്ച ഒരു സംസ്കാരത്തിന്റെ പേരിൽ ഞാൻ എന്റെ ശബ്ദം ഉയത്തും. ആ ശബ്ദപ്രവാഹത്തിൽപ്പെട്ടു് നിങ്ങൾ നശിക്കുകയാണെങ്കിൽ ഞാൻ സന്തുഷ്ടനാകും. എന്നെ രക്ഷിക്കുവാൻ—എന്നെപ്പോലുള്ളവരെ രക്ഷിക്കുവാൻ—നിങ്ങൾ തയ്യാറില്ലെങ്കിൽ—നിങ്ങളുടെ നിയമങ്ങൾക്ക് അതിനു കരുത്തില്ലെങ്കിൽ;—കാരാഗൃഹത്തിന്റെ ഇരുമ്പഴിക്കുള്ളിൽ ഞാൻ ചുങ്ങിക്കൂടിക്കൊള്ളാം. നിങ്ങളുടെ ഭീരുതയെപ്പററി പ്രസംഗിച്ചുകൊണ്ടു് കൊലക്കയറിന്റെ വരിഞ്ഞുമുറുകലിൽ ഞാൻ എന്റെ അന്ത്യവിപ്ലവം അവസാനിപ്പിച്ചുകൊള്ളാം—മരണത്തിന്റെ ഭയങ്കരവേദനയേക്കാൾ നിങ്ങളുടെകരാളരൂപങ്ങൾ എന്നെ ഭയപ്പെടുത്തുന്നു.

നിങ്ങളുടെനേരെ അവകാശവാദംചെയ്തുകൊണ്ടു ശ്മശാനത്തിലെ സ്മരണകൾ ഉൾക്കൊള്ളുന്ന ചില നഗ്നചിത്രങ്ങൾ നിങ്ങളെ തുറിച്ചുനോക്കുമ്പോൾ നിങ്ങൾ എന്തിനു മുഖംതിരിക്കണം? കണ്ണുകുഴിഞ്ഞു്, കവിളൊട്ടി, വയറുവീത്തു, വാരിയെല്ലുകൾപൊങ്ങി, ശരീരം വീങ്ങി ഗ്രഹണിപിടിച്ച ദരിദ്രസന്താനങ്ങൾ ശരീരം ആസകലം വ്രണങ്ങൾനിറഞ്ഞു് അതിൽനിന്നും ഒലിക്കുന്ന ദുർഗ്ഗന്ധപൂണ്ണമായ ചലത്തിൽ പൊടിപടലം അലിഞ്ഞുചേന്ന് കട്ടപിടിച്ചു, പഴന്തുണിക്കഷണങ്ങൾകൊണ്ടു നാണംമറച്ച്, പാതവക്കത്തെ വല്ല മരച്ചുവട്ടിലും ചാഞ്ഞുചരിഞ്ഞു ലോകത്തിന്നു് ഒരു ദുസ്സ്വപ്നം എന്നപോലെ പ്രത്യക്ഷപ്പെടുന്ന യാചകർ—പ്രഭാതംമുതൽ അന്തിവരെ രക്തത്തുള്ളികളെ വിയർപ്പുതുള്ളികളായി ധനവാന്റെ ധാർഷ്ട്യത്തിന്റെ മുമ്പിൽ കാഴ്ചവെച്ച് അസ്ഥികളിലേക്കുകൂടി ആളിക്കയറുന്ന വിശപ്പിന്റെ അഗ്നിജ്വാലകളെ തോളിൽ

ക്കിടക്കുന്ന വേലത്തോത്തിൻെറ വീശലിൽ അല്പമായി കെട്ടത്തി ചുക്കി ച്ചുളിഞ്ഞ ഉദരത്തെ ബീഡിയുടെ പുകയാൽ വീർപ്പിച്ച് വെറുംകയ്യോടെ സ്വന്തം ചെററപ്പുരയിലേക്കു മടങ്ങുന്ന തൊഴിലാളികൾ—ഇവരെല്ലാം നിങ്ങൾക്ക് ഉത്തരമില്ലാത്ത ചോദ്യചിഹ്നങ്ങൾ ആണ്; നിങ്ങളുടെ അവ്യക്തതയുടെ മുമ്പിൽ ഉയരുന്ന വ്യക്തങ്ങളായ പരമാർത്ഥങ്ങളാണ്; കലാബോധമുള്ള ചിത്രകാരൻ കൊഴുപ്പില്ലാത്ത തൻെറ രക്തംകൊണ്ട് സംസ്കാരത്തിൻെറ ഭിത്തിയിൽ വരച്ച ബീഭത്സങ്ങളായ ചിത്രങ്ങളാണ്.

.......................................................................................................

ഈ ദീനമായ രംഗങ്ങൾ മറയണം — ഈ ഭീകരമായ ചിത്രങ്ങൾ മായണം — അതിനാണ് ഞാൻ വിപ്ളവകാരിയായത്. പണ്ണപ്പെരുപ്പത്തെ നശിപ്പിക്കുവാൻ, സാമ്രാജ്യത്വത്തെ ഉടയ്ക്കുവാൻ, അസ്വാതന്ത്ര്യത്തിൻെറ ചങ്ങല പൊട്ടിക്കുവാൻ — അതിനാണ് ഞാൻ സമരാങ്കണത്തിലിറങ്ങിയത്. കാരാഗൃഹങ്ങളുടെ ഇരുമ്പഴികൾ എനിക്ക് ആശങ്കകളല്ല; തൂക്കുമരങ്ങൾ എന്നെ ഞെട്ടിക്കയില്ല; എന്നാൽ, ഒന്നിനേയും വകവയ്ക്കാതെ, ഞാൻ മുമ്പോട്ടുപോകും. എനിക്കൊരൊററലക്ഷ്യമേയുള്ളു. എൻെറ വിജയമാണെൻെറ വിജയം! എൻെറ തൂലികയുടെ വിജയം! എൻെറ സാഹിത്യത്തിൻെറ വിജയം!

ചെറുകഥ.

# മണിനാദം*

(ചന്ദ്രഹാസൻ, III B. A.)

ആ മണിനാദം എന്നെ എന്തെന്നില്ലാതെ ആകർഷിച്ചു. ആ ക്ഷേത്രത്തിൽ പ്രവേശിച്ചപ്പോൾ മററെല്ലാത്തിനേക്കാളും അത്യധികം എന്നെ ആകർഷിച്ചതു് ആ മണിയുടെ ശബ്ദംതന്നെയാണ്. ആരേയും അത്ഭുതപ്പെടുത്തുവാനുള്ള ഒരു ശക്തി അതിനുണ്ട്. ശബ്ദമാധുര്യംകൊണ്ട് ആ മണി ആ അമ്പലത്തിന്ന് എന്തെന്നില്ലാത്ത ഒരു ദിവ്യത്വം നൽകി. ഞാൻ തന്നത്താനറിയാതെ പറഞ്ഞുപോയി.

"ആശ്ചര്യംതന്നെ! എന്തു ശബ്ദം മണിക്ക്? ഞാൻ കണ്ണുപറിയ്ക്കാതെ അതിനെത്തന്നെ നോക്കി. അടുത്തിരുന്നു ജപിച്ചിരുന്ന ഒരു വൃദ്ധൻ എന്നെ കൗതുകത്തോടെ നോക്കി.

* ഇംഗ്ലീഷിൽനിന്നു്.

"എന്ത് — നിങ്ങൾക്കാ കഥയറിഞ്ഞുകൂടാ ?" അയാൾ എന്നെ സൂക്ഷിച്ചുനോക്കി "നിങ്ങൾ ഇവിടത്തുകാരനല്ലെന്നു തോന്നുന്നു."

"അല്ല — എന്തു കഥ ?"

"അതാ, അവിടെ കുരുപ്പുണ്ട്. ആ കഥ പറയുക അയാൾക്കൊരു സന്തോഷമാണ്" ആ വയസ്സൻ അല്പം അകലെയിരുന്നു മുറുക്കുവാൻ ആരംഭിക്കുന്ന കുരുപ്പിനെ ചൂണ്ടിക്കാണിച്ചു.

ഞാൻ ആ വയസ്സനെ സമീപിച്ചു. കുരുപ്പിന്ന് തന്റെ കഥ കേൾക്കുവാൻ ഒരാളെ കിട്ടിയതിൽ വലിയ സന്തോഷമായി. അയാൾ വെററിലയും അടക്കയും വായിലേക്കിട്ടു; കയ്യിലുണ്ടായിരുന്ന ചുണ്ണാമ്പ് അടുത്തുള്ള തൂണിന്മേൽ തേച്ചു. ഒന്നു തുപ്പിയതിന്നുശേഷം തന്റെ കഥ ആരംഭിച്ചു.

"ഒരു പത്തുനാല്പതുകൊല്ലങ്ങൾക്കുമുമ്പ് — കരിമിററത്ത് പണിക്കന്മാർ ഓട്ടുകൊണ്ട് മണിവാർക്കുന്നതിൽ പ്രസിദ്ധന്മാരായിരുന്നു. ഈ അടുത്ത പ്രദേശങ്ങളിലെ മണികളെല്ലാം അവർ വാർത്തിട്ടുള്ളതാണ്. അക്കാലത്ത് ആ തൊഴിലിൽ അവരേക്കാൾ സമർത്ഥന്മാരായി മററാരുമുണ്ടായിരുന്നില്ല.

അക്കാലത്ത് അവിടെ ഒരു യുവാവുമാത്രം അവശേഷിച്ചു—കേശവൻ. കേശവൻ അസാമാന്യബുദ്ധിശക്തിയുള്ളവനായിരുന്നതിനാൽ അവൻ തന്റെ തൊഴിലിനെ സംബന്ധിച്ച സകലപുസ്തകങ്ങളും വായിച്ചിട്ടുണ്ട്.

ജീവിതത്തിന്റെ ഉന്മേഷവശങ്ങളെ വർണ്ണിച്ചുകൊണ്ട് ഒരു മാനമ്പാടിയെപ്പോലെ ആകാശത്തിൽ ആഹ്ലാദമായി പാടിപ്പറക്കുവാൻ അയാൾക്ക് വലിയ ആശയാണ്. സന്തോഷത്തിന്റേയും, സമാധാനത്തിന്റേയും, ആനന്ദത്തിന്റേയും വിളനിലമാണ് അയാളുടെ മുഖം. മന്ദസ്മേരവദനനായി നിന്നുകൊണ്ട് സംസാരിക്കുന്ന കേശവൻ ആരുടേയും മനം കവരാതിരിക്കയില്ല.

ഒരുദിവസം ഞാൻ കേശവനെ കണ്ടതു് വിവർണ്ണവദനനായിട്ടാണ് അയാളുടെ ആനന്ദവും ആഹ്ലാദവുമെല്ലാം പറപറന്നിരുന്നു. അയാളുടെ മുഖത്ത് മന്ദസ്മിതത്തിന്റെ ഛായപോലുമില്ല — എല്ലായ്പോഴും എന്തോ ചിന്തതന്നെ—എന്താണാവോ ?

ഞാൻ അതന്വേഷിച്ചു. അയാളുടെ ഈ സ്വഭാവവ്യത്യാസത്തിന്നു കാരണം ഒരു വിവാഹമായിരുന്നു. അയൽപക്കത്തെ ഒരു വലിയ ജന്മിയുടെ മകളെ കേശവൻ സ്നേഹിച്ചിരുന്നു —അല്ല, പ്രേമിച്ചി

രുന്നു. അച്ഛന്റെ നിർബന്ധവും, പണത്തിന്റെ പളപളപ്പുംകാരണം അവൾ കേശവനെ വിസ്മരിച്ചു—വേറൊരു കുബേരപുത്രന്റെ വധുവായി. അങ്ങിനെ കേശവൻ നരകക്കുഴിയിലേക്കു താണു.

അയാൾ വീണ്ടും തന്റെ ജോലി ആരംഭിച്ചു. അതയാൾക്കു രസം നൽകി. ശബ്ദമാധുര്യമേറിയ മണികൾ അയാൾ വാർക്കുവാൻ തുടങ്ങി.

ഞങ്ങൾ അവയെല്ലാം നന്നായിട്ടുണ്ടെന്നു പറയുമ്പോൾ അയാൾ നെററി ചുളിച്ചുകൊണ്ടു പറയും.

"പോരാ—ശബ്ദം കുറച്ചുംകൂടിഭേദപ്പെടണം. കുറച്ചുകൂടി മാധുര്യം കൂടണം. എന്തോ ഒരു കുറവുണ്ട്—ഇല്ലേ!"

അതേ! ആ കുറവാണ് കേശവന്റെ ആത്മാവിനെ അപഹരിച്ചതു്. ആ കുറവു കണ്ടുപിടിക്കുവാൻ കേശവൻ തന്റെ സമയമെല്ലാം വിനിയോഗിക്കുവാൻ തുടങ്ങി. അയാൾ പല പുസ്തകങ്ങളും പരിശോധിച്ചു.........

ആയിടയ്ക്കാണ് ഈ ക്ഷേത്രത്തിലെ ആവശ്യാർത്ഥം ഒരു മണി നിർമ്മിക്കേണമെന്നു് ക്ഷേത്രാധികാരികൾ കേശവനോടു് ആവശ്യപ്പെട്ടതു്. അയാൾക്കു് എന്തെന്നില്ലാത്ത സന്തോഷമായി.

ഒരു ദിവസം കേശവൻ എന്നെ കണ്ടപ്പോൾ സന്തോഷത്തോടുകൂടി പറഞ്ഞു.

"കുറുപ്പേ! ആ 'കുറവ്' ഞാൻ കണ്ടുപിടിച്ചു. നമ്മുടെ അമ്പലത്തിലേക്കുള്ള മണി ഞാനെന്റെ കഴിവു മുഴുവൻ ഉപയോഗിച്ചുണ്ടാക്കും."

കേശവൻ 'കുറവു' കണ്ടുപിടിച്ചതിൽ ഞാൻ സന്തോഷിച്ചു. പക്ഷേ!—ആ വാക്കിന്റെ അർത്ഥവ്യാപ്തി ഞാനന്നു മനസ്സിലാക്കിയില്ല.

പിന്നീടു് വർത്തമാനം കേശവന്റെ ജീവിതത്തിലേക്കു തിരിഞ്ഞു. അയാൾക്കു പഴയ കാര്യങ്ങൾ വലിയ സങ്കടം നല്കി. സർവ്വജീവിതാശയും നശിച്ചതായി കാണപ്പെട്ടു."

മണിയുടെ പണി ആരംഭിച്ചു. ലോഹങ്ങളെല്ലാം ശേഖരിച്ചു, മൂശയുണ്ടാക്കി. വലിയൊരു അഗ്നികുണ്ഡവും തയ്യാറാക്കി. തന്റെ കീഴിൽ ജോലിയെടുക്കുന്ന കൂലിക്കാർക്കു കേശവൻ വേണ്ട ആജ്ഞകൾ നല്കിക്കൊണ്ടിരുന്നു.

ലോഹം അധികമുണ്ടായിരുന്നതിനാൽ അതു ഉരുകിക്കിട്ടുവാൻ ഒരു രാത്രി വേണ്ടിയിരുന്നു. അവർ ലോഹം ഒരു മൂശയിലാക്കി അഗ്നി

കുണ്ഡത്തിന്മേൽവച്ചു. പിറെറ ദിവസം പ്രഭാതത്തിൽ ലോഹം ഉരുകി കിട്ടിയതിന്നുശേഷം വാക്കാമെന്നുദ്ദേശിച്ചുകൊണ്ട് അവർ അവരവരുടെ വീടുകളിലേക്കു യാത്രയായി.

കേശവൻ ക്രൂചികൊട്ടത്തു തീൎത്തുകൊണ്ടു പറഞ്ഞു "നിങ്ങൾ നാളെ എന്നെ കണ്ടില്ലെങ്കിലും ഉരുകിയ ലോഹം കരുവിലൊഴിച്ച് മ ണിവാൎത്തുകൊള്ളണം കേട്ടോ!"......... .....

പിറെറ ദിവസം അവർ ജോലിയ്ക്കെത്തി. ലോഹമെല്ലാം ഉരുകി പ്രകാശിക്കുന്നുണ്ടായിരുന്നു. പക്ഷെ ഒരു നാററം—പച്ചമാംസം കരി ഞ്ഞ ഒരു നാററം. അതിൻെറ കാരണം അവൎക്കറിഞ്ഞുകൂടാ. പക്ഷെ അവർ ജോലിചെയ്യുവാൻ ആരംഭിച്ചു. കേശവനെ ആ ദിക്കിലെങ്ങും കണ്ടില്ല. അവർ തലേദിവസത്തെ കേശവൻെറ വാക്കുകൾ ഓൎമ്മിച്ചു. അവർ മണി വാൎത്തെടുത്തു.

വാസ്തവത്തിൽ അയാൾ ആ കുറവ് കണ്ടുപിടിച്ചിരുന്നു. ആ മണിയുടെ ശബ്ദത്തിന് എന്തെന്നില്ലാത്ത ഒരാകർഷകശക്തിയുണ്ടാ യിരുന്നു.

പക്ഷെ കേശവൻ എവിടെ? അയാളെ ഞങ്ങൾ എല്ലാവരും അന്വേഷിച്ചു. അയാളുടെ വീട്ടിലെന്നല്ല നാട്ടിലെങ്ങും അയാളെ കണ്ടി ല്ല. ഞങ്ങൾ അന്വേഷണം തുടൎന്നു. അയാളുടെ കിടപ്പുമുറിയിൽ കട്ടിലിന്മേൽ നിവൎത്തിവച്ച ഒരു ഗ്രന്ഥം കണ്ടു ഞങ്ങൾ ആ ഭാഗമെടുത്തു വായിച്ചു "ചീനക്കാർ തങ്ങൾ വാക്കുന്ന മണികളുടെ ശബ്ദത്തിന്നു മാധുൎയ്യം കൂട്ടുന്നതിന്ന് മനുഷ്യരെ ഉരുകിക്കിടക്കുന്ന ലോഹത്തിലേക്കു് മണി വാക്കുന്നതിന്നു മുമ്പിലായി ഇട്ടിരുന്നു"

ഞാൻ സ്തംഭിച്ചുപോയി,

ആ 'കുറവ്' അയാൾ കണ്ടുപിടിച്ചു. കേൾക്കൂ! ആ മണിയുടെ ശബ്ദം!"

കുറുപ്പു തൻെറ കഥ പറഞ്ഞു തീൎത്തു; എൻെറ മുഖത്തേയ്ക്കു് ഉററു നോക്കി.

വീണ്ടും ആ മണിനാദം ആകാശത്തിലേയ്ക്കുയൎന്നു. അതു് കേശ വൻെറ ആത്മനാദമായിരുന്നു.

# ക്ഷണനം *

(കെ. പി. ദാമോദരൻ, cl. iv, B. Sc.)

എത്രയു,മപൂർവ്വം നിന്നാഗമനസുവാസരം
നിസ്തുലാനന്ദത്തിൻെറ നിർമ്മല സ്വരൂപമേ!
എവിടെയാവാ,മേററെ നാളുകളായിട്ടെന്നെ-
ബ്ഭുവി നീ വെടിഞ്ഞേവം കാണാതെ വാണീടുന്നു?
നിന്നഭാവത്തിൽ ഖിന്നചിത്തനാ,യല്ലൽ തങ്ങി
നിന്നിട്ടും ദിനരാത്ര മെത്രയോ കഴിച്ചു ഞാൻ.
തിരികെ വരികുന്നതെങ്ങനെ, യെന്നെപ്പോലെ-
യൊരുവൻ വിദൂരമാം ഭാവിയിൽപ്പോലും തിന്നെ?
ഉല്ലാസോന്മുഖരാകും ഭാഗ്യവാന്മാർക്കേ നൽക്രു
തെല്ലുമേയാലംബം നീ കുദനാമയം തീർക്കാൻ.
നീ മറന്നല്ലോ മിത്ഥ്യാദേവതേ! നിന്നിൽ തെല്ലും
കാമിതമില്ലാത്തോരെയല്ലാതെയെല്ലാരെയും!

അഴലാ,ലിളകീടും തരു പല്ലവത്തിൻെറ
നിഴലാലൊരുചെറു വല്ലിയെന്നതുപോലെ,
ആകുലയാകുന്നു നീ; മോഹനേ! മദീയമീ
ശോകവീർപ്പുകൾപോലും പഴിചൊൽകയാം നിന്നെ
അന്തിക,മണയാത്തതെന്തെന്നായ്; അനാസ്വാദ്യം
നിൻതരളമാം ഹൃത്തിന്നീദൃശ വാക്യം നൂനം!
ആലപിക്കട്ടേ മേലി, ലതിനാലുന്മേഷത്തിൻ
താളമോടൊപ്പിച്ചെൻെറ ശോകതുന്ദില ഗാനം.
ദേവി! ജീവനിൽഹർഷം പൊഴിയാനല്ലാതെന്നും
നീ വരില്ലല്ലോ സഹതാപ മർമ്മരം തൂകാൻ.
ക്രൂരമിച്ചിറകുകൾ ഛേദിക്കുമന്നേരത്തു
കാരുണ്യം; മരുവും നീയരികിലതിൻശേഷം!

---

* മഹാകവി ഷെല്ലി.

നവപല്ലവങ്ങളാലാവൃതമാകും ചാരു
ഭുവനം; താരാമാല്യമണിയും നിശീഥിനി,
സുന്ദര ശരൽക്കാല സായാഹ്നം; കനകാഭ
ചിന്തിടും മൂടൽമഞ്ഞുമായെത്തും പുലരിയാം,
പൂജചെയ്യുന്നേൻ മോദദായികേ! ഭവൽസ്നേഹ
ഭാജനങ്ങളായോരീ ദ്രവ്യപംക്തിയെ ഞാനും.
ഉജ്ജ്വലപ്രഭയേന്തും തൂമഞ്ഞിൻ പരപ്പുകൾ
സംന്ധ്യാവാതങ്ങൾ, തിരമാലക,ളിളംതെന്നൽ,
ആരാദ്ധ്യമെന്നാലിവ; മാനവാതങ്കത്തിൻെറ
ഭാരവായ്പേശീടാത്ത പ്രകൃതി പ്രഭാവങ്ങൾ!
ഇഷ്ടമാണെനിക്കേററം ശാന്തമാ മേകാന്തത
ക്രുട്ടിനോ സുശീലരാം മതിമാന്മാരേ പോരും
ഭാവുകനിധേ! എന്തുണ്ടന്തരം നമ്മൾ തമ്മിൽ?
നിൻവശം പക്ഷേ ഞാൻ തേടുന്നവയെല്ലാംത.നെ.

പേലവ പത്രങ്ങള്ള,ണ്ടവയാലൊരു മിന്നൽ
പോലെ പോയതു മായാ, മെങ്കിലും ഭജിപ്പൂ ഞാൻ
പ്രേമത്തെ;യെന്നാലിവയ്യൊക്കെയുമുപരിയായ്
കോമളം തവാകാരം സവ്വദാ സമാരാദ്ധ്യം!
നീ, വിശിഷ്ടമാം രാഗം താവിടും പൂവല്ലല്ലീ?
ജീവിതോല്ലാസത്തിൻെറ സംഫല്ല സമ്പത്തല്ലീ?
സ്വാഗതം! മായാമൂത്തി ദേവതേ, ദയാപൂവ്വം
ആഗമിച്ചാലും, വാണുകൊൾകയെന്നകതാരിൽ!!

# ഭാഷാസാഹിത്യമണ്ഡലം

ഉത്സാഹത്തിൻേറയും ഉണർവ്വിൻേറയും ഒരു വത്സരമാണിതു്. വളരെ വാശിയോടുകൂടി തിരഞ്ഞെടുപ്പുകൾ കഴിഞ്ഞു.

സംഘടിതസമാജങ്ങളുടെ ഉൽഘാടനങ്ങൾക്കുശേഷം മെയിൻ ഹാളിൽവെച്ചു് ചിങ്ങം 10-ാംനു- തിങ്കളാഴ്ച വൈകുന്നേരം 4-15-ന് കവിതിലകൻ ജി. ശങ്കരക്കുറുപ്പു് അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു മഹായോഗം കൂടുകയുണ്ടായി. അന്നു് ശ്രീ: ററി. എൻ. ഗോപീനാഥൻ നായർ, ബി. എ ഇന്നത്തെ സാഹിത്യപ്രസ്ഥാനങ്ങളെക്കുറിച്ചു് അത്യാകർഷകമായ ഒരു പ്രസംഗം ചെയ്തു.

പിറേറദിവസം അതേസമയത്തുതന്നെ ഭാഷാവകുപ്പുഹാളിൽ വച്ചു രസകരമായ ഒരക്ഷരശ്ലോകസദസ്സ് നടന്നു. അതിൽ എട്ടു വിദ്യാർത്ഥികൾ പങ്കെടുക്കുകയുണ്ടായി. വളരെയധികം വിദ്യാർത്ഥികളും വിദ്യാർത്ഥിനികളും ഉത്സാഹപൂർവ്വം അതു് ശ്രവിച്ചുകൊണ്ടിരുന്നു. ശ്രീ: എം. എസ്. റോബർട്ടു്, തമ്മനത്തു് അരവിന്ദാക്ഷൻ എന്നീ വിദ്യാർത്ഥികളാണു് സദസ്സ് നിയന്ത്രിച്ചുകൊണ്ടിരുന്നതു്.

പിറേറദിവസം അതേസമയത്തു് മെയിൻഹാളിൽവെച്ചാണു് യോഗം കൂടിയതു്. "ഇന്നത്തെ പുരോഗമനസാഹിത്യം മനുഷ്യസമുദായത്തെ അധഃപതിപ്പിക്കുന്നു" എന്ന പ്രമേയം ശ്രീ: കെ. പി. ദാമോദരൻ അവതരിപ്പിച്ചു. ശ്രീമാന്മാർ ടി. കെ. നാരായണനുണ്ണിത്താൻ, കെ. വി. തോമസ് എന്നിവരാണു് പ്രമേയത്തെ പിന്താങ്ങി പ്രസംഗിച്ചതു്. ശ്രീ: കെ. ഐ വിജയൻ, പ്രമേയത്തെ എതിർക്കുകയും ശ്രീമാന്മാർ സി. എം. രാമചന്ദ്രൻ, കെ കെ. രാജാ എന്നിവർ അദ്ദേഹത്തെ പിന്താങ്ങുകയുമുണ്ടായി. രക്തം തിളപ്പിക്കുന്ന വാദപ്രതിവാദങ്ങൾക്കുശേഷം പ്രമേയം വോട്ടിനിട്ടു. ആറു വോട്ടുകൾ മാത്രമേ അനുകൂലമായി കിട്ടിയുള്ളു. ശ്രീ: പി. എസ്. അപ്പുവായിരുന്നു അദ്ധ്യക്ഷൻ.

ഇനിയും അനേകം കാര്യങ്ങൾ നമുക്കു ചെയ്തുതീർക്കുവാനുണ്ടു്. നിങ്ങൾ എല്ലാവരും ചെയ്തുതന്നിട്ടുള്ള സേവനങ്ങൾക്കു കൃതജ്ഞത പറയുകയും ഉത്സാഹപൂർവ്വം ഇനിയുള്ള സംഗതികൾ നടത്തുവാൻ അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

തമ്മനത്തു് അരവിന്ദാക്ഷൻ

16—1—1122 കാര്യദർശി.

# സംസ്കൃതസാഹിത്യസമാജം

## ഉൽഘാടനം

1122 തുലാമാസം 1-ാംനു- വെള്ളിയാഴ്ച 4-15-ന് കലാലയത്തിൽ ഇദംപ്രഥമമായി ആരംഭിച്ച സംസ്കൃതസമാജം ബഹു: വിദ്യാഭ്യാസമന്ത്രി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ അവർകൾ ഉൽഘാടനം ചെയ്കയുണ്ടായി. സ്വാഗതപ്രസംഗത്തിൽ പ്രിൻസിപ്പാൾ ശ്രീ. പി. ശങ്കരൻനമ്പ്യാർ അവർകൾ സംസ്കൃതസാഹിത്യത്തിന്റെ സംസ്കാരമഹിമയേയും കലാസമ്പത്തിനേയും പ്രശംസിച്ചു; പ്രസ്തുത സാഹിത്യസമാജത്തിന്റെ ഉൽഘാടനത്തിന് ബ: മന്ത്രിയെ ലഭിച്ചതിലുള്ള ചാരിതാർത്ഥ്യം പ്രകടിപ്പിച്ചു. അനന്തരം മഹാരാജാവു തിരുമനസ്സുകൊണ്ടും ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ടും അനുഭാവപൂർവ്വം അയച്ചുതന്ന ആശംസകൾ സമാജാദ്ധ്യക്ഷൻ ശ്രീ: ഇ. രാഘവവാര്യർ അവർകൾ യോഗത്തി സാദരം വായിക്കയുണ്ടായി.

**Messages.**

(1) From His Highness the Maharaja of Cochin communicated as follows:—

From,

M. R. Ry. V. Krishna Menon Avl., B. A.
*Sarvadhikariakar to his Highness the Maharaja.*

To,

The President of the Sanskrit Association, Maharaja's College,
Ernakulam.

Sir,

I am commanded to inform you as follows:- His Highness is very happy to hear of the formation of your Association. Sanskrit is a language in the progress of which His Highness is deeply interested. You shall have the blessings of His Highness and His Highness shall also keenly watching the progress of the Association.

(Sd) Sarvadhikariakar.

(2) From His Highness the Elay Raja of Cochin.

My Dear Raghava Warrier,

The news of the formation of the Sanskrit Association has given me very great pleasure. It will certainly be widely welcomed by all lovers of Sanskrit and its literature. May I request you to enrol me as a member and communicate to me the rules at your convenience?

It is a good augury for the success of the Association that Sri P. Govinda Menon, the Hon. Minister for Education, has consented to inaugurate it.

With best wishes for the Association and high hopes for the advancement of Sanskrit and its literature,

Yours sincerely

(Sd)

ബ: മന്ത്രി ഉൽഘാടനപ്രസംഗത്തിൽ—സംസ്കൃതസാഹിത്യവും, ആൎഷസംസ്കാരവുമായുള്ള പരിചയം ഏതു ഭാരതീയനും അഭിമാനപൂൎവ്വം നേടേണ്ടതാണ്. വിദേശീയരെക്കൂടി ഇത്രയും ആകൎഷിച്ചിട്ടുള്ള പ്രസ്തുത സാഹിത്യവും സംസ്കാരവും ആസ്വദിക്കാത്ത ഭാരതീയൻ ഒരു "തീൎത്ഥക്കരപാപി"തന്നെ. വിഷമപ്രശ്നങ്ങളഭിമുഖീകരിക്കുന്ന ഇന്നത്തെ ലോകത്തിനു സുഗമമാകത്തക്കവിധം സംസ്കൃതഗ്രന്ഥങ്ങളിലടങ്ങിയിട്ടുള്ള സാംസ്കാരികാംശങ്ങളെ സംഗ്രഹിച്ച് പാകപ്പെടുത്തി പ്രചരിപ്പിക്കുന്നതിൽ സംസ്കൃതാദ്ധ്യാപകന്മാരും അദ്ധ്യേതാക്കളും ശ്രദ്ധാലുക്കളായിരിക്കണം. പ്രാചീനരീതിയിലുള്ള സംസ്കൃതഭാഷാഭ്യസനം ഇക്കാലത്ത് സാൎവ്വത്രികമാകുമെന്നു പ്രതീക്ഷിക്കവയ്യ. അതിനഭിരുചിയും സൗകൎയ്യവുമുള്ളവർ സനിഷ്കൃഷം അഭ്യസിക്കയും അതില്ലാത്തവൎക്ക് ആ ഭാഷയുടേയും സാഹിത്യത്തിൻേറയും മഹിമയും മാധുൎയ്യവും ആസ്വദിക്കുവാനുള്ള അവസരമുണ്ടാക്കുകയുമാണ് ഇനി നമുക്കു വേണ്ടതു് — എന്നു് ഉൽബോധിപ്പിക്കുകയുണ്ടായി. സമാജകാൎയ്യദൎശിയുടെ കൃതജ്ഞതാപ്രകടനത്തോടുകൂടി ആറരമണിക്കു യോഗമവസാനിച്ചു.

സിക്രട്ടറി,

ടി. വിജയൻ.

———

# ഗോശ്രീഗാനം

രാഗം — കല്യാണി. താളം — ആദി. (Cochin Anthem)
with Notations.

### പല്ലവി.

മാടമഹീശകുലം നിരാകുലം
വാഴ്ക വാഴ്ക സുചിരം

### അനുപല്ലവി.

പാരീടരഴം സകലസത്വവും
രവിയും ശശിയും ജഗതിപതിയും
ആഴിയിലാളുവതോളമിരിക്കുക.

### ചരണം.

ദുരിതങ്ങളും ദൂരിതങ്ങളും
സുകൃതങ്ങളും സാധിതങ്ങളും
അമലകീർത്തികരങ്ങളും
അതുലം പ്രഥിതം ചതുരം ചരിതം
രാജാക്കളതിങ്കലുദിപ്പവർ
ആജന്മവിശുദ്ധവിശാരദർ.

| ലഘു | ദ്രുതം | ദ്രുതം |
|---|---|---|
| **പല്ലവി** | | |
| സാ സനിനിധപ പസധപപധപഗമപ<br>മാ ട , , , , മഹീ,ശ , , , , കുലം | സാ<br>നി | പധനിസനിസനിധപ<br>രാ , , , , , , കുലം |
| **അനുപല്ലവി.** | | |
| പാപധധപസാസനിധ<br>ധരിസസ<br>പാരീടരഴം സകലസത്വവും | രവിയും ശശിയും | നിനിസസരിരിരി<br>സഗരിഗരിസധനിസ<br>ജഗ,തിപതിയും |
| **ചരണം** | | |
| ഗഗഗഗരിസനിധനിരിഗാഗ,<br>ദുരിതങ്ങ , , ളും ദൂരിതങ്ങളും,<br>സാ,ഗാരീസാസനിധനിനിധപപ<br>രാ, ജാക്കളതിങ്കലുദിപ്പവർ | ഗമപപമഗരി,<br>സുകൃതങ്ങളും , ,<br>സാ , സധാപഗ<br>ആ , ജന്മവി | ഗധാപമരിപമഗ<br>സാധിത,ങ്ങളും<br>മപ_മപാധരി<br>ശുദ്ധവിശാരദർ |

| ലഘു | ദ്രുതം | ദ്രുതം |
|---|---|---|
| ഗഗരി ഗാസ സരിഗസരിരിപസാനിപ<br>, , , വാഴ്ക വാഴ്ക. സുചിരം | | |
| നിസരീരിസരിരിപമഗരിസധനിസ | | |
| ആഴിയിലാളുവതോളമിരിക്കുക | | |
| ഗധപപമഗരിരിസരിഗരിഗരിസ<br>അമലകീർത്തികര , , , , ങ്ങളും | ഗമപ_ധധപ<br>അതുലം_പ്രഥിതം | സാസനിധ_ധരിത<br>ചതുരം ചരിതം |

(മാടമഹീശ)

(സ്വരപ്പെടുത്തിയതു്) T. G. Viswanatha Bhagavathar.

WELCOME !



Diwan Bahadur
C P. KARUNAKARA MENON, Avl.,
The Diwan of Cochin.

26 APR 1947

FAREWELL !



Mr. H. R. MILLS, M. Sc. (Lond.), Dip. Ed. (Cantab),
Principal of the College, 1935-1947, in the uniform
of an Officer of the R. I. N. V. R.



*Kavithilakan* P. Sankaran Nambiyar, M. A. HONS.
Retiring Principal.

Prize-Winners at the Cranganore Talappoli Exhibition, 1946-1947.




*Left to right* : P. Damodaran ( *Poetic Composition* ) ;
M. I. Joseph (*Extempore Speech* ); Raja ( *Short Story* ) ;
Ramakrishna Pillai (*Dramatic Composition.* )

മഹാരാജകീയകലാശാലാമാസികയുടെ

മലയാളഭാഗം.

UNIVERSITY LIBRARY
30 APR 1947
MADRAS

# സാഹിത്യസോപാനം

പത്രാധിപർ:

സി. എൽ. ആൻറണി, എം. എ.

# വിഷയവിവരം


1. കരരീഗീതം 43
(കവിതിലകൻ പി. ശങ്കരൻനമ്പ്യാർ, എം. ഏ.)

2. ആയുൎവ്വേദം 46
(മഹാ മഹിമശ്രീ കേരളവൎമ്മതമ്പുരാൻ തിരുമനസ്സുകൊണ്ട്,
ഗവർമ്മേണ്ട് ആയുർവേദാസ്പത്രി, തൃപ്പൂണിത്തുറ.)

3. ആ കൊടി കാട്ടി 54
(വി. അമ്മാളുകുട്ടി, Cl. iv.)

4. പരീക്ഷ കഴിഞ്ഞു 65
(എം. രാമകൃഷ്ണപിള്ള, Cl. iv)

5. സംയുക്തകേരളം 66
(എം. ലീലാവതി, Cl. ii.)

6. ലെനിൻ 75
(പി. പീതാംബരൻ കുട്ടൻ Cl. iii.)

7. വീണ്ടും മാതൃസന്നിധിയിൽ 80
(സി. ആർ എൻ. എഴുത്തച്ഛൻ, എം. എ.)

8. "റോക്കററ്" 83
(പി. എ. ഡാനിയൽ, B. Sc.,)

9. വൃന്ദാവനത്തിൽ 88
(കെ. പി. ദാമോദരൻ, Cl. iv)

10. അവസാന പ്രാൎത്ഥന 90
(ശ്രീമതി സരള രാമവൎമ്മ)

11. ഭാഷാസാഹിത്യമണ്ഡലത്തിൻെറ റിപ്പോർട്ട് 98

# കുരരീഗീതം.

കവിതിലകൻ പി. ശങ്കരൻനമ്പ്യാർ, എം. ഏ.

(പ്രശസ്തങ്ങളായ പല ആംഗ്ലേയ കാവ്യങ്ങൾക്കും വിഷയീഭവിച്ചിട്ടുള്ള ചില പക്ഷികളുണ്ട്—വാനംപാടി (Sky-Lark), രാക്കുയിൽ (Nightingale) മുതലായവ. ഇവയിൽ രാക്കുയിലിനെക്കുറിച്ചു കീററ്സ് (Keats) എന്ന കവിവര്യൻ എഴുതിയിട്ടുള്ള ഗീത സുപ്രസിദ്ധമാണ്. അതുപോലെതന്നെ വാനംപാടിയെക്കുറിച്ചു ഷെല്ലി (Shelley) എന്ന മഹാകവി എഴുതീട്ടുള്ള ഖണ്ഡകാവ്യവും. ഇത്തരം കാവ്യങ്ങളിൽ അന്തർല്ലീനങ്ങളായിക്കിടക്കുന്ന ഒരു സ്മൃതിമണ്ഡലമാണ് ഈ കുരരീഗീതത്തിൻെറ പശ്ചാത്തലം.

കുരരി എന്ന പക്ഷിക്ക് സംസ്കൃതകാവ്യസങ്കേതത്തിലുള്ള സ്ഥാനം ഒട്ടും അപ്രസിദ്ധമല്ല. എപ്പോഴും കരഞ്ഞുകൊണ്ടിരിക്കുന്ന ഒരു പക്ഷിയത്രേ കുരരി. പ്രിയവിരഹിതകളായ നായികമാരെ, കരുണമയങ്ങളായ സന്ദർഭങ്ങളിൽ, കുരരിയോടാണു കവികൾ ഉപമിക്കാറുള്ളതു്. "കുരരിപോലെ കരയുന്ന സീത"യുടെ രുദിതമാണ് വാല്മീകിമാമുനി കേട്ടതു്. "കുരരീവ രുരോദ യാജ്ഞസേനീ" ഇത്യാദി കാണുക.

കീററ്സ് മഹാകവിയുടെ "രാക്കുയിൽ ഗ്ഗീത"ത്തിലെന്നപോലെ ഈ "കുരരീ ഗീത"ത്തിലും ചില ആന്തരാർത്ഥങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. കുറെ ചെല്ലുമ്പോൾ, കുരരീഗാനം പ്രകൃതിയേയും കവിതയേയും കലാസൌന്ദര്യത്തേയും പ്രതിനിധാനം ചെയ്യുന്നതായി കാണാം. സ്വാഭാവികപ്രേരണയാൽമാത്രം ആത്മാവിഷ്കരണം ചെയ്യുന്ന കവിയെ അതു് അനുസ്മരിപ്പിക്കുന്നു. മനുഷ്യസമുദായത്തിൽ എന്തൊക്കെ മാററങ്ങൾ വന്നാലും ശരി, അതു് എന്നും ഒന്നുതന്നെ അതിൻെറ സൌന്ദര്യം നിത്യസത്യത്തിൻെറ സ്വാഭാവികതയല്ലാതെ മറെറാന്നുമല്ല.

അപ്രസ്തുതാംശം ആലോചനീയം.)

1

വീണ്ടും വീണ്ടും പൊഴിച്ചീടയി കുരരി! വിഷാ-
ദാത്മകം സ്വാത്മഗീതം!
നീണ്ടുള്ളാ നിൻെറ ഗാനം കരളിലലിയവേ
കോൾമയിർക്കൊള്ളുമാരും

തീണ്ടുന്നീലങ്ങു തെല്ലും നരകൃതദുരിത-
പ്പാഴ്ച്ചളിക്കുണ്ടിലൊന്നാ-
യാണ്ടുള്ളോരിജ്ജഗത്തിൻ കെടുതി ഭവതിയെ-
ത്തിണ്ണമെന്നെണ്ണിടുന്നോൻ!

2

മൂഴം വെൺതാർ മണം ചിന്തിന വനലതികാ-
മഞ്ജുകുഞ്ജത്തിലെങ്ങോ
വാഴും നീയെന്തറിഞ്ഞൂ മനുജരനുഭവി-
ക്കുന്ന മാലിൻപ്രകാരം?
കേഴുന്നുണ്ടെങ്കിലും നീ, ശരി; കഠിനഗൃഹ-
സ്ഥാശ്രമോദ്ദാമഭാരാൽ
ത്താഴുന്നോരിശ്ശിരസ്സിന്നകമെരിയുമഴൽ-
പ്പാടിനെപ്പാടിയാലും!

3

വന്മാലിൻ മൂലമെന്താണയി കുരരി! വിചാ-
രിച്ച പോൽ മെച്ചമോടേ
തിന്മാൻ കിട്ടായ്ക കൊണ്ടോ? പ്രിയജനനികടം
പൂകുവാൻ വൈകയാലോ?
ഉന്മാദം കോലുമേതോ പകയരദയരായ്
ദ്രോഹസന്നാഹപൂർവ്വം
നിന്മാർഗ്ഗത്തിൽപ്പതുങ്ങുന്നതു കരുതി വിര-
ണ്ടീവിധം വാവിടുന്നോ?

4

ആരോഗ്യക്ഷാന്തി ചേക്കും ബഹുവിധ വിഷമ-
പ്രശ്നജാലത്തൊടീ ഞാ-
നോരോരോ മട്ടു മല്ലിട്ടരിഗണദമനം
സവ്യഥം നിർവ്വഹിക്കേ;
വാരോലും പൂവനം പുക്കിണയുടെ വരവും
കാത്തുകാത്താത്തരാഗം
നീ രോദിക്കുന്നു! നീയെന്തറിവു മുറിവെഴും
മർത്ത്യഹൃദ്രക്തപാതം?

5

ശോകം താനോ വികാരം തവ ഹൃദി സതതം?
മററു ഭാവങ്ങളൊന്നും

ലോകത്തിൽക്കാൺമതില്ലേ? കരുണമൊരു രസം
കേവലം തേവലംബം!
നീ കല്യാണം നശിപ്പിപ്പൊരു ശകുനി; ശരി-
യ്യെങ്കിലും തങ്കിടുന്നു-
ണ്ടാകർഷിപ്പാൻ തഴച്ചോരഴകു പഴകിടാ-
തൊന്നിടും നിന്നിലെന്നും!

6

നാട്ടാർ കാണുന്നു നിത്യം കവിത ഭവതിയിൽ;
പ്പണ്ടു സീതാവിലാപം
കേട്ടാ വാല്മീകിയോർത്താൻ തവരുദിതമതി-
ങ്ങൊന്നുതാനന്നുമിന്നും!
കാട്ടാളക്രൂരഹിംസാഗതികളെയതിവ-
ർത്തിച്ചു നീ സ്വച്ഛമാം നിൻ
പാട്ടാലാർജ്ജിച്ചിരുല്ലോ സഹൃദയ ഹൃദയാ-
വർജ്ജകം നിർജ്ജരത്വം!

7

പ്രത്യഗ്രപ്രേമപൂർവ്വം പ്രകൃതിജനനിതൻ
പ്രേരണയ്ക്കൊത്തു നീതാ-
നത്യന്താവേശമാന്നെൻ കുരരി! സരളമാം
ഭാവമാവിഷ്കരിയ്ക്കേ
പ്രത്യക്ഷീഭൂതമകുന്നിതു മമ കവിതാ-
കർമ്മമർമ്മം രഹസ്യം:—
നിത്യം സത്യം സ്വഭാവോജ്ജ്വലമധുരിമയാൽ
സുന്ദരം നന്ദനീയം.

8

ആദർശപ്രേമമേതോ മനസി നിഴലെട്ടു-
ത്തായതിൻ ഛായയെങ്ങും
നീ ദർശിക്കായ്കമൂലം യുവകവിസദൃശം
നിത്ത്യവും മാഴ്കിടുന്നോ?
ഖേദം പാരമതൃപ്തിജനിതമലസത-
യ്ക്കുള്ള സംതൃപ്തിയേക്കാൾ
ഭേദം താൻ; താവകാതൃപ്തിയിൽ മധുരിമയു-
ണ്ടെപ്പൊഴും കയ്പൊടൊപ്പം!

# ആയുർവ്വേദം*

(മഹാമഹിമശ്രീ കേരളവൎമ്മതമ്പുരാൻ തിരുമനസ്സുകൊണ്ട്.
ഗവ: ആയുർവ്വേദാസ്പത്രി, തൃപ്പൂണിത്തുറ.)

ആയുർവ്വേദം ധർമ്മാർത്ഥസുഖങ്ങളാകുന്ന പുരുഷാർത്ഥങ്ങൾക്ക് മുഖ്യകാരണമായിരിക്കയാൽ സകല മനുഷ്യരും ശ്രദ്ധയോടെ അതിനെ പഠിക്കുകയും അതിലുള്ള തത്ത്വങ്ങൾ ഗ്രഹിക്കുകയും വിധിപ്രകാരം ആചരിക്കുകയും ചെയ്യേണ്ടതാകുന്നു. ആയുർവ്വേദത്തിന്റെ നിരുക്തി ഇപ്രകാരമാണ്.

"ആയുർഹിതാഹിതംവ്യാധേർന്നിദാനം ശമനം തഥാ
വിദ്യതേയത്രവിദ്വത്ഭിസ്സ ആയുർവ്വേദ ഉച്യതേ.
അനേനപുരുഷോയസ്മാദായുർവ്വിന്ദതിവേത്തിച
തസ്മാന്മുനിവരൈരേഷ ആയുർവ്വേദ ഇതിസ്മൃതഃ"

ആയുർവ്വേദം നിത്യവും അഥർവ്വവേദത്തിന്റെ ഉപവേദവും സൃഷ്ട്യാദിയിൽ ബ്രഹ്മാവിനാൽ സ്മരിക്കപ്പെട്ട് ദക്ഷാദിശിഷ്യപരമ്പരയാ അഗ്നിവേശാദിപര്യന്തം അധീതവുമായി. അതിന്റെശേഷംഅഗ്നിവേശാദികൾ തദുക്തങ്ങളായ വിഷയങ്ങളെ ഓരോരോ ഭാഗങ്ങളാക്കി തിരിച്ച് പലേ ഗ്രന്ഥങ്ങളേയും ഉണ്ടാക്കി. ഈ ഗ്രന്ഥങ്ങൾ സംസ്കൃതഭാഷയിലാണ്. വേദാനുപൂർവ്വികമല്ലെങ്കിലും വേദമൂലകത്വമുള്ളതിനാൽ ഈ ഗ്രന്ഥങ്ങളേയും ആയുർവ്വേദഗ്രന്ഥങ്ങൾ എന്നു പറയുന്നു. ഇവയിൽ പ്രതിപാദിക്കുന്ന ചികിത്സകളെ ആയുർവ്വേദചികിത്സ, നാട്ടുചികിത്സ എന്നും മററും വിവരിക്കുന്നു. അല്ലോപ്പതി, ഹോമ്യോപ്പതി, ചിന്താമണി ഇങ്ങിനെ പലേ ശബ്ദങ്ങളെക്കൊണ്ടും പറയപ്പെടുന്ന ചികിത്സകൾ ആയുസ്സിനെ സമ്പാദിക്കുവാൻ കാരണമാകുന്നു എങ്കിൽ അതുകളെല്ലാം ആയുർവ്വേദചികിത്സകൾതന്നെയാണ്.

ഇതിനെ കായചികിത്സിതം, ബാലചികിത്സിതം, ഗ്രഹചികിത്സിതം, ഊർദ്ധ്വാംഗചികിത്സിതം, ശല്യചികിത്സിതം, വിഷചികിത്സിതം, രസായനം; വാജീകരണം എന്ന് എട്ടുവിധത്തിലും, കായചികിത്സിതം, ശാലാക്യതന്ത്രം എന്ന് രണ്ടുവിധത്തിലും വിഭജിച്ചിട്ടുള്ളതു കൂടാതെ ഇംഗ്ലീഷുചികിത്സ, ഹോമ്യോപ്പതിചികിത്സ, ചിന്താമണി ഈവക വിഭ

* കോട്ടയത്തെ ആര്യവൈദ്യസമാജത്തിൽ ചെയ്ത അദ്ധ്യക്ഷപ്രസംഗം.

ജനങ്ങൾചെയ്തു് പരസ്പരം കലഹിക്കുന്നതു് ഇന്നത്തെ ഹിന്ദു, മുസ്ലീം, സവർണ്ണർ, അവർണ്ണർ ഇത്യാദി വിഭജനം കൊണ്ടുള്ള തമ്മിത്തല്ലുപോലെ അത്ഥശൂന്യവും അനത്ഥകരവുമാകുന്നു.

ഇന്നു് ആയുർവ്വേദത്തെപ്പോലെ ഭത്സനം സഹിക്കേണ്ടിവന്നിട്ടുള്ള ഒരു പൌരസ്ത്യശാസ്ത്രശാഖ വേറെ ഉണ്ടെന്നു തോന്നുന്നില്ല. എന്നാൽ ആയുർവ്വേദത്തിന്നു് ഈദൃശഭത്സനങ്ങളേയോ വൈദേശികവൈദ്യത്തിന്റെ വൈദ്യുതപ്രഭയേയോ നിശ്ശബ്ദമായി അഭിമുഖീകരിക്കുന്നതിന്നുള്ള സങ്കോചരാഹിത്യം അത്ഭുതകരംതന്നെ.

തങ്ങളുടെ സ്വന്തം ആളുകൾക്ക് എന്തെങ്കിലും സുഖമില്ലായ്മ ഉണ്ടെങ്കിൽ ഡാക്ടരുടെ ചികിത്സയാണെന്നു പറയുന്നതു് ഒരഭിമാനമായി പലരും കരുതുന്നു. ഒരാശുപത്രിയിലെ കോമ്പൌണ്ടറെക്കൊണ്ടു് ഒരു രോഗിക്കു് എനിമാവയ്പ്പിച്ചാൽ കൊടുക്കുന്ന ഫീസ്സു് ഒരു വൈദ്യനെക്കൊണ്ടു് അതു പ്രവൃത്തി ചെയ്യിച്ചാൽ കൊടുക്കുന്നതിന്നു് സാധാരണ ജനങ്ങൾ മടിയുള്ളവരായി കാണപ്പെടുന്നു. പ്രഭുകുടുംബങ്ങളിലേയോ, രാജകുടുംബങ്ങളിലേയോ, ശമ്പളംപററി കുടുംബവൈദ്യന്മാരായി കഴിഞ്ഞുകൂടുന്നവരിൽ ഡോക്ടർമാരാണെങ്കിൽ അവർ രോഗിയുടെ യജമാനന്മാരും വൈദ്യന്മാരാണെങ്കിൽ ഭൃത്യന്മാരുമായി രൂപാന്തരംപ്രാപിച്ചു കാണുന്നു. ചില മാന്യന്മാർ ഇംഗ്ലീഷുചികിത്സയാണു് ചെയ്യുന്നതെന്നു ധരിപ്പിച്ചുകൊണ്ടു സ്വകാര്യമായി ആയുർവ്വേദചികിത്സ നടത്തിയിട്ടുള്ളതായും അറിവുണ്ടു്. ഇങ്ങിനെനോക്കിയാൽ ആയുർവ്വേദത്തെ സംബന്ധിച്ചേടത്തോളം ഇന്നു് പൊതുജനങ്ങളുടെ ഇടയിലുള്ള ബോധം എത്ര ഹീനവും അധഃപതിതവുമാണെന്നു തെളിയിക്കുന്നതിന്നു് നമ്മുടെചുററുപാടുംതന്നെ അസംഖ്യം ഉദാഹരണങ്ങൾ കാണാവുന്നതാണു്. ഇന്ത്യയിലെ ബഹുഭൂരിപക്ഷം രോഗികൾക്കും പ്രയോജനപ്പെട്ടുകൊണ്ടിരിക്കുന്ന ആയുർവ്വേദത്തിന്നു് ഒരുകാലത്തുണ്ടായിരുന്ന സമുല്ക്കർഷത്തേയും, വൈദ്യസമ്പ്രദായങ്ങളിൽവെച്ചു് അതിനുള്ള ശ്രേഷ്ഠ്യത്തേയും, ഇന്നു് അതിനെപ്പററിയുള്ള പൊതുബോധം അധഃപതിച്ചിരിക്കുന്നതിനേയും നോക്കുക.

ബാഹ്യമായി എന്തുതന്നെ കാരണങ്ങളുണ്ടായാലും അവ നേരിട്ടു് രോഗകാരണങ്ങളായി ഭവിക്കുകയില്ലെന്നും ത്രിദോഷങ്ങളെ തകരാറാക്കി രോഗകാരണങ്ങളായി തീരുന്നു എന്നും വിശ്വസിക്കുന്നവരാണു് നമ്മൾ. ത്രിദോഷങ്ങൾ സമ്യക്സ്ഥിതങ്ങളായിരുന്നാൽ ബാഹ്യമായ യാതൊരു ശക്തിക്കും ആ ശരീരത്തെ രോഗഗ്രസ്തമാക്കുവാൻ കഴിയുന്നതല്ലല്ലോ. അപ്രകാരംതന്നെ നമ്മുടെ ചികിത്സാതത്ത്വവും ത്രിദോഷങ്ങ

ളെ സമ്യക്‌സ്ഥിതിയിൽ കൊണ്ടുവരുന്നതിനാകുന്നു. അതിനാൽ ആയുർവ്വേദം അനുസരിച്ചു, ശരീരത്തെസംബന്ധിച്ചിടത്തോളം അതിലെ ത്രിദോഷങ്ങൾക്കു വന്നിട്ടുള്ള കോട്ടത്തെ പരിഹരിക്കാനുള്ള ശ്രമം മാത്രം നമ്മുടെ രോഗനിവൃത്തിക്ക് പര്യാപ്തമായിത്തീരുന്നതാണ്. "ത്രിദോഷങ്ങ"ളെന്ന ഏകസിദ്ധാന്തമാണ് ആയുർവ്വേദശാസ്ത്രത്തിൻെറ മർമ്മമെന്ന് ആയുർവ്വേദശാസ്ത്രത്തെ കൈകാര്യംചെയ്യുന്ന ഏതു സാധാരണന്നും അറിവുള്ളതാണ്. ത്രിദോഷസിദ്ധാന്തങ്ങളെ ബഹിഷ്കരിച്ചിട്ട് ആയുർവ്വേദത്തെ പരിഷ്കരിക്കുക എന്നു വന്നാൽ അതു് ആയുർവ്വേദമല്ലാതാക്കുകയാകുന്നു.

മരുന്നുകൾ എന്തെല്ലാമാണെന്നും എന്തെല്ലാം രസവീര്യവിപാകങ്ങളോടുകൂടിയതാണെന്നും മററും അറിഞ്ഞാൽ ആയുർവ്വേദവൈദ്യന്മാർക്ക് ഉപയോഗിക്കാവുന്നതല്ലാത്ത മരുന്നുകൾ ഒന്നും ഇല്ല. അതുകൂടാതെ മരുന്നിൻെറ പേരും രോഗത്തിൻെറ പേരും മാത്രം അറിഞ്ഞു് ചികിത്സിക്കുന്നതു് തീരെ നിഷിദ്ധമാണ്. വൈദ്യശാലാനിർമ്മാണവും മരുന്നുവില്പനയും ധനസമ്പാദനവും പ്രയോജനമെന്നുകരുതി പ്രവൎത്തിക്കുന്ന വൈദ്യന്മാരെക്കൊണ്ടു് ഇന്ന് ആയുർവ്വേദത്തിൻെറ നില പരിഹാസാസ്പദമായിത്തീൎന്നിരിക്കുന്നു. രോഗിയുടെ കോഷ്ഠസ്ഥിതി നോക്കാതെ ഔഷധങ്ങൾ മേലേക്കുമേലേ പ്രയോഗിച്ചിട്ടു് അതുകൊണ്ടുതന്നെ അജീൎണ്ണം പിടിപെടുന്നു. മേൽപറഞ്ഞസ്ഥിതിയിലുള്ള രോഗത്തെ കേവലം ലഘുദീപനൌഷധങ്ങളെക്കൊണ്ടു സുഖമാക്കിയതായനുഭവമുണ്ടു്. ഈ നില വ്യത്യാസപ്പെടണമെങ്കിൽ അവിടവിടെ ആയുർവ്വേദാഭ്യസനത്തിന്ന് പാഠശാലകളേയും അതുകളുടെ കീഴിൽ ഔഷധനിർമ്മാണശാലകളേയും ചികിത്സാമന്ദിരങ്ങളേയും ഏൎപ്പെടുത്തി വിദ്യാൎത്ഥികൾക്ക് വേണ്ടുന്ന അദ്ധ്യാപനവും പരിചയവും സമ്പാദിക്കുകയും ഇടയ്ക്കിടക്കു് വൈദ്യസദസ്സുകളെ നടത്തിപ്പിക്കുകയും ചെയ്യുകയാണ് വേണ്ടതു്. "തദ്വിദ്യസംഭാഷാ ബുദ്ധി വൎദ്ധനാനാം" എന്നാണല്ലോ പറഞ്ഞിട്ടുള്ളതു്. ആയുർവ്വേദത്തിൻെറ പരിഷ്കരണമെന്നുവെച്ചാൽ അതിൻെറ പ്രചരണത്തിന്നുവേണ്ടി അംഗീകരിക്കേണ്ട ചില പ്രായോഗികമാററങ്ങൾ എന്നാണൎത്ഥം കൊടുക്കേണ്ടതു്.

ഇംഗ്ലീഷുഡോക്ടർമാരുടെ മരുന്നുകൾ ഉപയോഗിക്കുകയും അവരുടെ ആഹാരവിഹാരങ്ങളെ സ്വീകരിക്കുകയും മററുമാണ് ആയുർവ്വേദപരിഷ്കരണമെന്നുകരുതി ചിലർ എടുത്തുവരുന്ന നടപടികൾ തീരെ തെററാണ്. ഇതിന്ന് ചുരുക്കം ഒരുദാഹരണം പറയാം. യുവാക്കന്മാരാ

യ രോഗികളുടെ ശുശ്രൂഷയ്ക്ക് യുവതികളെ ഏൎപ്പെടുത്തുന്നതു് എത്രയും തെററാണെന്നു് എല്ലാവൎക്കും അറിയാവുന്നതും,

" സ്ത്രീണാന്തുസ്മൃതിസംസ്പൎശദൎശനൈശ്ചലിതേസ്രുതേ
ശുക്ലേവ്യവായജാൻ ദോഷനസംസൎഗ്ഗേപ്യ്വാപ്നുയാൽ."

എന്നുള്ളതുകൊണ്ടു നിഷിദ്ധമാണെന്നു നിശ്ചയമുള്ള അധികാരികളും ആയുർവ്വേദാസ്പത്രികളിൽക്കൂടി സ്ത്രീകളെ ശുശ്രൂഷയ്ക്ക് ഏൎപ്പെടുത്തിയിട്ടുള്ളതു്, നോക്കുക.

ഇനി ആയുർവ്വേദഗവേഷണത്തെപ്പററിയാണു് വിവരിക്കേണ്ടതു് ഇതിൻെറ സമ്പ്രദായം അഷ്ടാംഗഹൃദയത്തിൽത്തന്നെ പറഞ്ഞിട്ടുണ്ടു്.

"രോഗസ്തുദോഷവൈഷമ്യം
ദോഷസാമ്യമരോഗതി"

എന്നുള്ളതുകൊണ്ടു് കുപിതങ്ങളായ ദോഷങ്ങളുടെ നിലഭേദംകൊണ്ടാണു് രോഗങ്ങളുണ്ടാകുന്നതു്. വൃദ്ധിക്ഷയംകൊണ്ടു് 62 തരം വരുമെന്നും 63-ാമത്തെ ഭേദം സ്വാസ്ഥ്യകാരണമായും

" ഭേദാദ്വിഷഷ്ടിന്നിൎദ്ദിഷ്ടാ
സ്ത്രിഷഷ്ടഃ സ്വാസ്ഥ്യകാരണം."

എന്നുള്ളതുകൊണ്ടു് പറഞ്ഞിരിക്കുന്നു. ദോഷകോപകാരണം സ്ഥൂലമായി പറയുന്നതായാൽ രസഭേദംകൊണ്ടാണു്.

" ദോഷാദുഷ്ടാരസൈൎദ്ധാതൂൻ
ദൂഷയന്ത്യുഭയേമലാൻ
മലാമലായനാനിന്ന്യ
യ്യുദ്ധാസ്വംതേഷ്വതോഗദാ."

എന്നാണല്ലോ പറഞ്ഞിട്ടുള്ളതു്. പൂർവ്വോക്തരസങ്ങളുടെ ഭേദവും

" സംയോഗാസ്സപ്തപഞ്ചാശൽ
കല്പനാതു ത്രിഷഷ്ടിധാ"

എന്നതുകൊണ്ടു് 63 തരം പറഞ്ഞിരിക്കുന്നു. രസകല്പനാഭേദവും സ്ഥൂലമായിട്ടു് 63 തരത്തിൽ പറഞ്ഞിരിക്കുന്നു. ഇതുകൊണ്ടു് നമുക്ക് ഒന്നാലോചിക്കേണ്ടതു് ഏതേതു് ദോഷകോപം ഏതേതു് രസഭേദംകൊണ്ടാണു് എന്നും മററുമാണു്. ഇനി മധുരാദി രസങ്ങളുടെ ഉല്പത്തിയെപ്പററി ആലോചിക്കുക. അതിൻെറ സമ്പ്രദായവും,

" ക്ഷ്മാംഭോഗ്നിക്ഷ്മാംബുതേജഃ ഖവായ്വഗ്ന്യനിലഗോനിലൈഃ
ദ്വയോല്ബണൈഃ ക്രമാത്ഭൂതൈൎമ്മധുരാദിരസോത്ഭവഃ"

എന്നുള്ളതുകൊണ്ടു് പറഞ്ഞിട്ടുണ്ടു്. ഒരു രോഗത്തിന്നു് വികല്പേന പലേ ഔഷധങ്ങളെ വിധിച്ചിട്ടുള്ള സ്ഥലങ്ങളിൽ അതിൻെറ കാരണങ്ങളെ വിചാരിക്കുക:—

"മുസ്തയാ പർപ്പടം യുക്തം
ശുണ്ഠ്യാദുസ്പൃശയാപിവാ.
പാക്യം ശീതകഷായംവാ
പാഠോശീരം സവാളകം."
"പിബേൽതദ്വച്ഛദ്രനിംബ-
ഗുളൂചീമുസ്തനാഗരം"

ഈ ശ്ലോകംകൊണ്ടു് പത്തുവിധത്തിൽ കഷായത്തെ പറഞ്ഞിരിക്കുന്നതു് എന്തിനായിട്ടാണു് എന്നു് ആലോചിയ്ക്കുക. ഈവക ഗവേഷണമാണു് വേണ്ടതു്. അതുകൂടാതെ "സർവ്വരോഗകുലാന്തകം" എന്നോ "കാമവൎദ്ധനം" എന്നോ മറേറാ ഒരു പേരുവച്ചു് ഒരു മരുന്നു് നല്ല പരസ്യത്തോടുകൂടി പ്രസിദ്ധപ്പെടുത്തുക, അതിൻെറ കൂട്ടു് പുറത്താക്കാതെ ഇരിക്കുക മുതലായതു് ഗവേഷണമാണെന്നു് പറയുവാൻ തരമില്ല. ഇപ്പോഴുള്ള ഗവേഷകന്മാരുടെ സമ്പ്രദായം പ്രായേണ ഇപ്രകാരമായിത്തീൎന്നിരിക്കുന്നു. ഒന്നുകൂടി പറയാം. ആയുർവ്വേദശാസ്ത്രപ്രകാരം കഷായം വെക്കുക മുതലായ കഷ്ടപ്പാടുകൾ കൂടാതെ മരുന്നുകളുണ്ടാക്കി അതിൻെറ ഫലം കിട്ടുവാൻ സാധിക്കുമോ എന്നു വിചാരിക്കേണ്ടതാണു് എന്നു പലരും അഭിപ്രായപ്പെടുന്നു. ഈ കാൎയ്യംപ്രയോഗംകൊണ്ടു് നല്ല തീൎച്ചയാകുന്നതുവരെ ശാസ്ത്രപ്രതിപാദിതമായ മാൎഗ്ഗത്തെ വിട്ടുകളയുന്നതു് ഉചിതമല്ലെന്നാണു് എൻെറ അഭിപ്രായം.

ഗുളികകൾ യന്ത്രത്തിലുണ്ടാക്കുകയും കഷായങ്ങൾ ഗുളികകളാക്കി ഉണക്കിവച്ചു് ചൂടുവെള്ളത്തിൽ കലക്കി കൊടുക്കുകയും മററും പരിഷ്കാരങ്ങൾ ചെയ്യുന്നുണ്ടു്. ഇതെല്ലാം ശരിയാണോ എന്നു പരീക്ഷിച്ചു തന്നെ തീൎച്ചപ്പെടുത്തുകയാണു് വേണ്ടതു്. ചുരുക്കിപ്പറഞ്ഞാൽ ഇന്നത്തെ സ്ത്രീപുരുഷപരിഷ്കാരങ്ങൾ പുരുഷന്മാരെ സ്ത്രീകളാക്കുവാനും സ്ത്രീകളെ പുരുഷന്മാരാക്കുവാനും അപൎയ്യാപ്തങ്ങളാകുന്നതുപോലെ ആയുർവ്വേദപരിഷ്കാരങ്ങളും ആയുർവ്വേദത്തെ ഹിംസാവേദമാക്കുവാൻ അപൎയ്യാപ്തങ്ങളായിത്തീരുവാൻ ജഗദീശ്വരനെ പ്രാൎത്ഥിക്കുന്നു.

ആയുർവ്വേദശാസ്ത്രത്തിൻെറ കൂടുതൽ പ്രചാരത്തിന്നു് ഇതരവൈദ്യസമ്പ്രദായങ്ങളിൽനിന്നു് സ്വീകരിക്കേണ്ട ചില നിർദ്ദേശങ്ങളെ താഴെ വിവരിക്കാം.

(1) ആയുർവ്വേദപ്രചരണത്തിന്ന് ഇന്നത്തെനിലയിൽ ഒന്നാമതായി വേണ്ടത് ഒരു പണ്ഡിതസമിതിയാണ്. പാശ്ചാത്യപൌരസ്ത്യവൈദ്യങ്ങൾ വഴിയാകുംവണ്ണം അഭ്യസിച്ചിട്ടുള്ളവരും, ക്രിയാപരിചയം സമ്പാദിച്ചിട്ടുള്ളവരുമായിരിക്കണം അതിലെ അംഗങ്ങൾ. പക്ഷപാതബുദ്ധിയോടുകൂടാതെ അവർവഴി ആകുംവണ്ണം ശാസ്ത്രപരിച്ഛെയ്തു ഒരു ശരിയായരീതിയിലുള്ള പാഠപദ്ധതി തയ്യാറാക്കുകയും വേണം. ആയുർവ്വേദശാസ്ത്രങ്ങൾ മിക്കവാറും സംസ്കൃതഭാഷയിലായതുകൊണ്ടും അവ സുഗ്രാഹ്യങ്ങളല്ലാത്തതുകൊണ്ടും ഏവൎക്കും ഗ്രഹിക്കത്തക്കരീതിയിൽ ഗ്രന്ഥങ്ങൾ നിർമ്മിക്കേണ്ടതാണ്.

(2) ശാസ്ത്രങ്ങളിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഔഷധങ്ങളെ ആരാഞ്ഞറിയുന്നതിന്നും, ഓരോ ഔഷധങ്ങളിൽ അടങ്ങിയിരിക്കുന്ന ഘടകങ്ങളെ പരിശോധിച്ചറിയുന്നതിന്നുമുള്ള ഒരു ഗവേഷണശാഖയും, ശാലയും നവീനോപകരണങ്ങളോടുകൂടി ഉണ്ടാക്കണം. അതിൽക്കൂടിവേണം ആയുർവ്വേദവിദ്യാൎത്ഥികൾ ഔഷധപരിചയം സമ്പാദിക്കുവാൻ.

(3) ഉത്തരവാദിത്വത്തോടുകൂടിയ ഔഷധങ്ങൾ തയ്യാറാക്കുന്ന പാഠശാലകളും അവിടെനിന്നും മാത്രമേ ഔഷധങ്ങൾ വാങ്ങി ഉപയോഗിക്കുവാൻ പാടുള്ളു എന്ന നിയമവും ഉണ്ടാക്കേണ്ടതാണ്. ഔഷധങ്ങളെ സംസ്കരിക്കുന്നതിന്ന് നവീനങ്ങളായ സകല ഉപകരണങ്ങളും സ്വീകരിക്കേണ്ടതാകുന്നു.

(4) രോഗികളെ ശാസ്ത്രീയമായി ചികിത്സിക്കുന്നതിന്നുള്ള ആശുപത്രികൾ നാട്ടിന്റെ നാനാഭാഗത്തുമുണ്ടായിരിക്കണം ആ ആശുപത്രികളിൽ രോഗിയെ പരിശോധിക്കുക, ചികിത്സിക്കുക മുതലായ കാൎയ്യങ്ങളിൽ മലമൂത്രാദിപരിശോധന, ശസ്ത്രക്രിയാഭാഗങ്ങൾ, ശരീരപരിശോധന എന്നിത്യാദികാൎയ്യങ്ങൾ നവീനോപകരണങ്ങൾമൂലവും നടത്തേണ്ടതാകുന്നു. പുതിയ പദ്ധതി അനുസരിച്ചു അഭ്യസിച്ചിട്ടുള്ള വൈദ്യന്മാരേ മാത്രമേ ഈ ആശുപത്രികളിൽ നിയമിക്കുവാൻ പാടുള്ളു എന്ന് നിഷ്കൎഷയുണ്ടായിരിക്കണം. ആയുർവ്വേദത്തിലെ ശോധനപരമായ ചികിത്സ നിർബ്ബന്ധമായിരിക്കുകയും വേണം. വിദ്യാൎത്ഥികൾക്ക് ചികിത്സാപരിചയം ഈ സ്ഥാപനങ്ങൾമൂലം നടത്തേണ്ടതാണ്

(5) സ്വാസ്ഥ്യഹിതങ്ങളായ ആരോഗ്യകേന്ദ്രങ്ങൾ ഉണ്ടായിരിക്കണം. ഋതുഭേദമനുസരിച്ച് ദോഷംവരാത്ത സ്ഥാനങ്ങൾ തിരഞ്ഞെടുത്തുവേണം ആരോഗ്യസ്ഥാപനങ്ങൾ സൃഷ്ടിക്കുവാൻ വിധിവിഹിതമായിട്ടുള്ള രസായനാദിപ്രയോഗങ്ങൾ ഈ കേന്ദ്രത്തിൽവെച്ചു നടത്തപ്പെടാവുന്നതുമാണ്.

(6) പ്രചരണം—ഒരു ക്ലിപ്തമായ ദിനചര്യ്യ, ഋതുഭേദമനുസരിച്ചുള്ള ചര്യ്യകൾ മുതലായവ ജനങ്ങളെ ധരിപ്പിക്കേണ്ടതാകുന്നു. ബാലപരിചരണം, ഋതുമതിചര്യ്യ, ഗർഭിണീചര്യ്യ, സൂതികാചര്യ്യ മുതലായവയിൽ കൂടുതൽ നിർദ്ദേശങ്ങൾ കൊടുക്കുന്നതിന്നു പ്രത്യേകം നിഷ്കൃഷ്ടിക്കേണ്ടതാകുന്നു. ത്രികരണശുദ്ധി, ഗൃഹശുദ്ധി മുതലായവയും ഇതിലുൾപ്പെടുന്നു. ലഘുലേഖകൾ, ലഘുപ്രബന്ധങ്ങൾ മുതലായവ ഉണ്ടാക്കി സാമാന്യജനങ്ങളുടെ ഇടയിൽ വിതരണം ചെയ്യേണ്ടതാകുന്നു. കൂടാതെ വിദ്യാലയങ്ങളിൽ ശരീരത്തെപ്പററി സാമാന്യജ്ഞാനമുണ്ടാകുന്നതിന്നും, രോഗത്തിൽനിന്നും ശരീരത്തെ രക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനും ആയുർവ്വേദപരമായ ഗ്രന്ഥങ്ങളുണ്ടാക്കി പഠിപ്പിക്കേണ്ടതാകുന്നു. ഇതിന്നു പത്രങ്ങൾ മാസികകൾ മുതലായ പ്രസ്ഥാനങ്ങൾ അത്യന്തം ഉപകരിക്കുന്നതാണല്ലോ.

(7) നല്ല വൈദ്യന്മാർ—ആയുർവ്വേദത്തിൽ നിർദ്ദേശിച്ചിട്ടുള്ള ശാസ്ത്രതത്വങ്ങളെ ശരിയാകുംവണ്ണം പഠിച്ചിട്ടുള്ളവരും, ശരിയായവിധത്തിൽ ചികിത്സാപരിചയം സമ്പാദിച്ചിട്ടുള്ളവരുമായ വൈദ്യന്മാരെ ഉണ്ടാക്കേണ്ടതാണ്. ചികിത്സയുടെ അംഗങ്ങളിൽ പ്രധാനസ്ഥാനത്തെ അർഹിക്കുന്ന വൈദ്യൻെറകാര്യ്യത്തിൽ ഏററവും ശ്രദ്ധയുണ്ടായിരിക്കേണ്ടതാണെന്ന് ആചാര്യ്യൻതന്നെ—

"യാതിഹാലാഹലതാംച
സദ്യോവൈദ്യാജ്ഞനസ്ഥിതം."

എന്ന വിധികൊണ്ടു കാണിച്ചിരിക്കുന്നു. വൈദ്യന്മാരെ ചികിത്സയുടെ വിഭാഗങ്ങൾപോലെ പലതരത്തിൽ വിഭജിച്ചു മാറേറണ്ടതാണ്. ഔഷധനിർമ്മാണകന്മാർ, ശസ്ത്രക്രിയാവിദഗ്ദ്ധന്മാർ, നേത്രചികിത്സകന്മാർ, വിഷചികിത്സകന്മാർ, രസതന്ത്രവിദഗ്ദ്ധന്മാർ, എന്നിങ്ങനെ പലതായി വിഭജിക്കേണ്ടതാകുന്നു.

(8) ശസ്ത്രക്രിയാവിഭാഗം— ആയുർവ്വേദത്തിൻെറ ഇന്നത്തെ നിലയ്ക്ക് ഏററവും ശ്രദ്ധിക്കേണ്ട ഒരു ഭാഗമാണിതു്. മുമ്പ് എത്ര ഉൽകൃഷ്ടമായിരുന്നു എന്ന് പറഞ്ഞാലും ഇന്ന് ഈ വിഭാഗം ആയുർവ്വേദത്തിൽ വളരെ മോശമാണെന്ന് സമ്മതിച്ചേതീരൂ. പാശ്ചാത്യവൈദ്യത്തിൻെറ യഥാർത്ഥവിജയം ശസ്ത്രക്രിയയിലാണ് നിലകൊള്ളുന്നതു്. പരമാർത്ഥത്തിൽ സാമാന്യജനങ്ങളുടെ ഇടയിൽ ആയുർവ്വേദത്തിൽ ശസ്ത്രക്രിയ എന്നൊന്നില്ലെന്നുതന്നെയാണ് ധാരണ. ഈ വിഷയത്തിൽ "എക്സ്റേ" കണ്ടുപിടിച്ചതുമുതൽ പാശ്ചാത്യർ വിജയശ്രീലാളിതരായിട്ടുണ്ട്. പുതിയ സമ്പ്രദായങ്ങൾ കൂട്ടിയിണക്കി കഴിയുന്നതും വേഗത്തിൽ ഈ പ്രസ്ഥാ

നത്തെ നവീകരിക്കേണ്ടതാകുന്നു. ആയുർവ്വേദത്തിൻെറ ആധുനികവിജയം ഇതിലാണ് നിലകൊള്ളുന്നതു്.

(9) സൂതികാകേന്ദ്രങ്ങൾ— ആയുർവ്വേദത്തിൽ സൂതികാഗാരവും പരിചരണവും പ്രത്യേകം നിർദ്ദേശിക്കുന്നുണ്ടെങ്കിലും അതു് ശരിയായി അനുവൎത്തിച്ചുവരുന്നുണ്ടോ എന്ന് സംശയമാണ്. ഋതുമതീചര്യതുടങ്ങി ബാലോപചാരംവരെയുള്ള അനുഷ്ഠാനത്തിലാണ് ലോകത്തിൻെറ സാമൂഹ്യമായ ആരോഗ്യം സ്ഥിതിചെയ്യുന്നതെന്ന് അറിയേണ്ടതാണ്. സ്ത്രീകളുടെ ഇടയിൽ ഈവക കാൎയ്യങ്ങളെക്കുറിച്ചു് പ്രചരണം നടത്തേണ്ടതാണ്. ഈ പ്രസ്ഥാനം വിലോപമായിപ്പോയതുകൊണ്ടു് വൈദ്യന്മാർതന്നെ ഇതരസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. അതു നമ്മുടെ ആയുർവ്വേദത്തിൻെറ അപൂൎണ്ണതയെയാണ് സൂചിപ്പിക്കുന്നതു്.

ആയുർവ്വേദത്തിന് ഇന്നത്തെനിലയ്ക്കു കാണുന്ന കുറവുകളെ പരിഹരിക്കുകയും ഇതരസമ്പ്രദായങ്ങളിൽനിന്നും ആയുർവ്വേദതത്വങ്ങൾക്കു ദോഷംവരാത്തവിധത്തിൽ സ്വീകരിക്കാവുന്നതിനെ സ്വീകരിച്ചു് പുഷ്ടിപ്പെടുത്തുകയും ചെയ്യാമെങ്കിൽ ആയുർവ്വേദം പരിഷ്കരിക്കപ്പെടുന്നതാണ്. ആ ഉദ്യമം അതിൻെറ തത്വങ്ങൾക്ക് ദോഷംവരാത്തതായിരിക്കുകയും ചെയ്യും.

ഋഷിപുംഗവന്മാരുടെ കല്പനക്കുള്ള മെച്ചവും സൎവ്വാദരണീയമായ അതിൻെറ സംസ്കാരവും ഏതു് ദയനീയമായ അവസ്ഥയിലും ആയുർവ്വേദത്തെ രക്ഷിക്കുമെന്നതന്നെ പൂൎവ്വചരിത്രം നോക്കുമ്പോൾ നമുക്ക് വിശ്വസിക്കാവുന്നതാണ്. ഭാരതത്തിൻെറ അമൂല്യസമ്പത്തായ ആയുർവ്വേദശാസ്ത്രം പ്രചുരപ്രചാരത്തോടേ വൎത്തിക്കേണമേ !

# ആ കൊടികാട്ടി. *

വി. അമ്മാളുകുട്ടി, Cl. IV.

"ഹേയ്! ഇങ്ങോട്ടു നോക്കു!"—ഞാൻ ഉറക്കെ പറഞ്ഞു. എന്നിട്ടും ഞാൻ നില്ക്കുന്നിടത്തേക്കു തലപൊക്കി നോക്കാതെ, അയാൾ തീവണ്ടിപ്പാതയിലേക്കുതന്നെ നോക്കിനിന്നു. അയാളുടെ ആ നോട്ടത്തിൽ എന്തൊ ഒരു പ്രത്യേകതയുണ്ടായിരുന്നു എന്താണതെന്ന് എനിക്ക് തീർച്ച പറയുവാൻ കഴികയില്ല. ഞാൻ ആവർത്തിച്ചു:—

"ഹേയ്, ഇങ്ങോട്ടു നോക്കു!"

പാതയിൽനിന്നു കണ്ണുതിരിച്ച്, അയാൾ തലയുയർത്തി എന്നെ നോക്കി.

"എനിക്കു താഴെവന്നു നിങ്ങളോടു സംസാരിക്കുവാൻ വല്ല വഴിയുമുണ്ടോ?" ഞാൻ വീണ്ടും ചോദിച്ചു.

അയാൾ മറുപടി പറയാതെ, എൻെറ നേരെ നോക്കുകമാത്രം ചെയ്തു. ഇനിയും ചോദ്യം ആവർത്തിക്കേണ്ട എന്നു കരുതി നിശ്ശബ്ദനായി ഞാൻ അയാളെ കുനിഞ്ഞു നോക്കിക്കൊണ്ടിരുന്നു. പെട്ടെന്നു ഭൂമി കുലുങ്ങുന്ന ശബ്ദംകേട്ട് ഞാൻ തിരിഞ്ഞുനോക്കി, തീവണ്ടി കടപട ശബ്ദമുണ്ടാക്കി കടന്നുപോയി കഴിഞ്ഞപ്പോൾ ഞാൻ അയാളെ വീണ്ടും കുനിഞ്ഞുനോക്കി. അയാൾ അതുവരെ തുറന്നു വീശിക്കൊണ്ടിരുന്ന കൊടി ചുരുട്ടുകയായിരുന്നു അപ്പോൾ—

"അങ്ങോട്ടു വരട്ടെ" ഞാൻ പിന്നേയും ചോദിച്ചു. കുറച്ചുനേരം എന്നെ ശ്രദ്ധാപൂർവ്വം നോക്കിയതിനുശേഷം, അയാൾ ആ ചുരുട്ടിയ കൊടികൊണ്ടു കുറച്ചു ദൂരേക്കായി ആംഗ്യംകാട്ടി. "ഓ, ശരി" എന്നു പറഞ്ഞു് ഞാൻ ആ സ്ഥലത്തേക്കു നടന്നു. അവിടെചെന്നു നോക്കിയപ്പോൾ ഒരു കുറുക്കുവഴി ചുവട്ടിലേക്കു വെട്ടിയിരിക്കുന്നതു കണ്ടു.

ആ ഊടുവഴി വല്ലാതെ കാടുപിടിച്ചു കിടന്നിരുന്നു. ഒരു കല്ലിനുള്ളിൽക്കൂടിയാണു് അതു വെട്ടിയിറക്കിയിരിക്കുന്നതു്. മഴ നനഞ്ഞു് ആ വഴി വല്ലാതെ വഴുക്കിയിരുന്നു. സൂക്ഷിച്ചു സൂക്ഷിച്ചു് ഒരുവിധം ഞാൻ ഇറങ്ങി.

---

* ഡിക്കൻസിൻെറ The Signalman എന്ന ചെറുകഥയുടെ ഒരു സ്വതന്ത്രതർജിമ.

തീവണ്ടിപ്പാതകളുടെ നടക്ക് എന്നെകാത്തുകൊണ്ട് അയാഠം നില്ക്കുന്നുണ്ടെന്ന് അടുത്തെത്തിയപ്പോഠം എനിക്കു മനസ്സിലായി.

നിബിഡമായ താടിമീശയോടും തടിച്ച പുരികങ്ങളോടും കൂടിയ ഒരു കറുത്ത മനുഷ്യനായിരുന്നു അയാഠം. വളരെ വിജനമായ ഒരു സ്ഥലത്താണ് അയാളുടെ സ്റ്റേഷൻ. രണ്ടുഭാഗത്തും കല്ലുകൊണ്ടു കുത്തനെ കെട്ടിപ്പടുത്ത മതിലിൻെറ മുകളിൽനിന്നു എത്തിനോക്കുന്ന ആകാശമൊഴിച്ച് മറെറാന്നും അവിടെ നിന്നാൽ കണ്ടുകൂടാ. വന്നവഴി ഈ കുണ്ടറയുടെ ഒരു ഭാഗത്ത് എത്തിച്ചേരും. മറുഭാഗത്തുനിന്ന് വേറെ ഒരു ചെറിയ വഴി ചുവന്ന വെളിച്ചം തട്ടിയ കാലുകളിൽ ചെന്നവസാനിക്കുന്നു. അതിൻെറ അടുത്തുള്ള ഒരു വലിയ തുരങ്കം അവിടത്തെ അന്തരീക്ഷത്തിൻെറ ഭീകരതയ്ക്കു് മാററുകൂട്ടി.

അയാളെ തൊട്ടു തൊട്ടില്ല, എന്നായി ഞാൻ. പെട്ടെന്ന് അയാഠം വല്ലാതെ ഞെട്ടി, എൻെറ മുഖത്തുനിന്നു കണ്ണെടുക്കാതെ രണ്ടടി പിന്നോക്കം നീങ്ങി കൈപൊക്കി.

"മുകളിൽനിന്ന് നോക്കിയപ്പോഠം ഈ വിജനസ്ഥലം എന്നെ ആകഷിച്ചു. എൻെറ വരവ് അനിഷ്ടമാകയില്ലല്ലോ"—ഞാൻ അയാളോടു പറഞ്ഞു.

അയാഠം മറുപടി പറഞ്ഞില്ല.

ആ ചുമന്ന വെളിച്ചത്തിന്മേൽ ആ അപരിചിതൻ വല്ലാതെനോക്കി. എന്തോ അവിടെ കാണുവാനില്ലെന്ന മട്ടിൽ തിരിഞ്ഞു് എന്നെ ദനാക്കി.

"ആ വെളിച്ചം സൂക്ഷിക്കേണ്ടതു് നിങ്ങളാണ്, അല്ലേ?"

ഒരുപതിഞ്ഞ സ്വരത്തിൽ അയാഠം ഉത്തരം പറഞ്ഞു "ആണെന്നു നിങ്ങഠംക്കറിഞ്ഞുകൂടേ?"

ഞാൻ ആ തിളങ്ങുന്ന കണ്ണുകളിലേക്കു നോക്കിയപ്പോഠം, പെട്ടെന്നൊരു ഭയങ്കരചിന്ത എൻെറ മനസ്സിൽക്കൂടി പാഞ്ഞു. ഞാൻ സംസാരിക്കുന്നതു് ഒരു മനുഷ്യനോടല്ല, ഒരു പ്രേതത്തിനോടാണെന്നു വരുമോ?

ഞാൻ അറിയാതെ രണ്ടടി പിന്നോക്കം നീങ്ങി. പക്ഷെ ആ സമയത്തു അയാളുടെ കണ്ണുകളിൽ എന്നെക്കുറിച്ചൊരു ഭയം ഒളിഞ്ഞു കിടപ്പുണ്ടെന്നു് എനിക്കു മനസ്സിലായി. എൻെറ പേടി മാറി.

"എന്താണു പകച്ചിങ്ങനെ നോക്കുന്നതു്" ഞാൻ ചിരിക്കുവാൻ പണിപ്പെട്ടുകൊണ്ടു പറഞ്ഞു.

"ഞാൻ നിങ്ങളെ ഇതിനുമുമ്പു കണ്ടിട്ടുണ്ടോ എന്നു സംശയിച്ചു" എന്നായിരുന്നു മറുപടി.

"എവിടെ?" ഞാൻ അത്ഭുതപ്പെട്ടു.

ആ ചുമന്ന വെളിച്ചത്തിലേക്ക് അയാഠം ചൂണ്ടിക്കാണിച്ചു.

"അവിടേയോ?" ഞാൻ ചോദിച്ചു.

എന്നെ സൂക്ഷിച്ചുനോക്കിക്കൊണ്ടു അയാഠം പറഞ്ഞു. "അതേ" ആ ശബ്ദം പുറത്തു കേഠംക്കുവാൻതന്നെ പ്രയാസമായിരുന്നു.

"എൻെറ ചങ്ങാതി ഞാനവിടെയെന്തു ചെയ്യാനാണ്? എങ്ങിനെയായാലും, ഞാൻ ഒരിക്കലും അവിടെ ചെന്നിട്ടില്ലെന്ന് സത്യം ചെയ്യാവുന്നതാണ്."

"ചെയ്യാമെന്നു തോന്നുന്നു" അയാഠം സമ്മതിച്ചു. "ശരിയാണ്, തീച്ചയായും നിങ്ങഠം അവിടെ ചെന്നിട്ടില്ല."

അയാളുടെ മട്ടും നോട്ടവും മററും ക്രമേണ സാധാരണങ്ങളായി. എൻെറ ചോദ്യങ്ങഠംക്ക് വ്യക്തവും ഉചിതവുമായ ഉത്തരങ്ങഠം ലഭിച്ചുതുടങ്ങി.

അയാഠംക്കവിടെ അധികം ജോലിയുണ്ടോ? ഉവ്വ്; പക്ഷെ ദേഹം അനങ്ങിയുള്ള പണിയൊന്നുംതന്നെ അയാഠംക്കുണ്ടായിരുന്നില്ല. വേണ്ടപ്പോഠം അടയാളം കാണിക്കുക, വെളിച്ചം കാണിക്കുക, വാതിൽ ഇടക്കിടയ്ക്കു തുറക്കുക—അങ്ങിനെ ചില്ലറ ജോലികഠം. ചിലപ്പോഠം ആ തണുത്ത ചാലിൽ നിന്നുമാറി അയാഠം മുകളിൽ പോയിരിക്കാറുണ്ട്. പക്ഷെ അപ്പോഠം ഇലക്ട്രിക്ക് ബെൽ അടിക്കുന്നുണ്ടോ എന്ന് ഉൽകണ്ഠയോടുകൂടി നോക്കിക്കൊണ്ടിരിക്കും.

അയാഠം എന്നെ അയാളുടെ കുടിലിലേക്ക് കൂട്ടിക്കൊണ്ടുപോയി. അടുത്താണ് ആ കുടിൽ. അവിടെ ഒരു ചെറിയ മേശമേൽ എഴുതുവാൻ ഒരു പുസ്തകവും ഒരു ടെലിഫോണും ഒരു ഇലക്ട്രിക്ക് ബെല്ലും ഉണ്ടായിരുന്നു. ജോലി നോക്കുന്നതിൽ അയാഠം അസാമാന്യമായ വിധത്തിൽ ശ്രദ്ധാലുവായിരുന്നുവെന്നു ഞാൻ മനസ്സിലാക്കി. സംഭാഷണത്തിനിടക്ക് എന്തെങ്കിലും ജോലി ചെയ്യേണ്ടിവന്നാൽ അപ്പോഠം പറയുന്ന വാക്ക് പകുതിയാക്കി അയാഠം എഴുന്നേററുപോകും. പിന്നെ ആ ജോലി കഴിയുന്നതുവരെ ഒരക്ഷരം ഉരിയാടുകയില്ല.

ചുരുക്കത്തിൽ, ഈ മനുഷ്യൻ ഈ ജോലിക്കേൎപ്പെടുത്തുവാൻ ഏററവും പററിയവനാണെന്ന്, വേറെ ചില കാരണങ്ങളില്ലെങ്കിൽ, ഞാൻ പറഞ്ഞേനെ. അയാഠം സംഭാഷണത്തിനിടക്ക് രണ്ടുപ്രാവശ്യം വിളത്ത മുഖത്തോടുകൂടി മണിയടിക്കാത്ത സമയത്തും ഇലക്ട്രിക്ക് ബെല്ലിന്മേൽ നോക്കുകയും തണുപ്പു കേറാതിരിക്കുവാൻ അടച്ചിട്ടിരുന്ന വാതിൽ തുറ

ന്നു് ആ ചുമന്ന വെളിച്ചത്തിലേക്കു് നോക്കുകയും ചെയ്യുന്നതിന്റെ സാരം എനിക്കു മനസ്സിലായില്ല. ഈ രണ്ടു തവണയും തിരിച്ചുവന്നപ്പോൾ അയാളുടെ മുഖത്തു് എന്തോ അസുഖകരമായ ഒരു ഭാവം പ്രത്യക്ഷമായിരുന്നു

ഞാൻ പോകുവാനായി എഴുന്നീററപ്പോൾ പറഞ്ഞു. "തൃപ്തനായ ഒരു മനുഷ്യനേയെങ്കിലും ഞാൻ കണ്ടുമുട്ടിയല്ലോ."

"ഞാൻ അങ്ങിനെയായിരുന്നു ഒരിക്കൽ" അയാൾ യോജിച്ചു. ആദ്യത്തെ ആ പതിഞ്ഞ സ്വരത്തിൽ അയാൾ തുടർന്നു. "പക്ഷെ ഇപ്പോൾ ഞാൻ അസ്വസ്ഥനായിരിക്കുന്നു—അതെ—അസ്വസ്ഥനായിരിക്കുന്നു. അതുപറഞ്ഞു മനസ്സിലാക്കുവാൻ വിഷമമാണു്. നിങ്ങൾ ഇനിയുമെന്നെ സന്ദർശിക്കുകയാണെങ്കിൽ അന്നു ഞാനതു പറയാം."

"എന്നാൽ ഞാൻ അടുത്തുതന്നെ വന്നുകാണാം എന്നു വേണമെന്നു പറയൂ"

"ഞാൻ നാളെ രാവിലെപോയാൽ രാത്രി പത്തുമണിക്കേ മടങ്ങൂ."

"എന്നാൽ ഞാൻ പതിനൊന്നു മണിക്കു വരാം."

അയാൾ എന്നെ യാത്രയയക്കുവാൻ ഒപ്പംവന്നു. "വഴി കണ്ടുപിടിക്കുന്നതുവരെ വെളുത്ത വെളിച്ചം ഞാൻ കാണിച്ചുതരാം." ഒരു പ്രത്യേകതരം താഴ്ന്ന സ്വരത്തിൽ അയാൾ പറഞ്ഞു. "വഴി കണ്ടുപിടിച്ചു കഴിഞ്ഞാൽ വിളിച്ചു പറയരുതു്, കിട്ടോ. മുകളിലെത്തിയാലും വിളിച്ചു പറയരുതു്!"

അയാളുടെ ആ അസാധാരണ സമ്പ്രദായം അന്തരീക്ഷത്തിനു് അല്ലെങ്കിൽത്തന്നേയുള്ള മരവിപ്പിക്കുന്ന തണുപ്പു കൂട്ടുന്നതുപോലെ എനിക്കു തോന്നി. "ഓ, ശരി" എന്നുമാത്രമേ മറുപടി പറയാൻ എനിക്കു കഴിഞ്ഞുള്ളൂ.

"നിങ്ങൾ രാത്രിവരുമ്പോഴും എന്നെ വിളിക്കരുതു്—ഞാൻ ഒന്നു ചോദിക്കട്ടെ. നിങ്ങൾ എന്തുകൊണ്ടാണു് "ഹേയ്, ഇങ്ങോട്ടു നോക്കൂ" എന്നു പറഞ്ഞതു്."

"ദൈവത്തിനേ അറിഞ്ഞുകൂടൂ ഞാൻ അങ്ങിനെയെന്തോ വിളിച്ചു പറഞ്ഞു—"

"അങ്ങിനെയെന്തോ അല്ല. അതായിരുന്നു നിങ്ങളുടെ വാക്കുകൾ. എനിക്കു നല്ല തീർച്ചയാണു്."

"ശരിയാണു്—അതുതന്നെയാണു് ഞാൻ പറഞ്ഞതു്. നിങ്ങളെ ചുവട്ടിൽ കണ്ടതുകൊണ്ടു് ഞാൻ അങ്ങിനെ വിളിച്ചുപറഞ്ഞു."

"അത്രയേ ഉള്ളൂ"

"അല്ലാതെ"

"വേറെ എന്തോ നിങ്ങളെ പ്രേരിപ്പിച്ചുവെന്നു തോന്നുന്നില്ലേ?"

"ഇല്ല—"

അയാൾ യാത്രപറഞ്ഞു് വെളിച്ചം പൊക്കിക്കാണിച്ചു. ഞാൻ വഴിയിൽ എത്തുന്നതുവരെ തീവണ്ടിപ്പാതകളുടെ അരികിൽക്കൂടി നടന്നു. തീവണ്ടി പിന്നിൽ വരുന്നുവെന്നെനിക്കു തോന്നി. വലിയ ബുദ്ധിമുട്ടുകളൊന്നും കൂടാതെ ഞാൻ എൻെറ താമസസ്ഥലത്തു് തിരിച്ചെത്തി.

നേരത്തെ തീർച്ചയാക്കിയിരുന്നതനുസരിച്ചു് മണി പതിനൊന്നടിച്ചപ്പോൾ ഞാൻ ആ കുറുക്കുവഴിയിൽ എത്തി. അയാൾ ആ വെളുത്ത വെളിച്ചം പിടിച്ചുകൊണ്ടു് എന്നെ കാത്തു നിന്നിരുന്നു.

"ഞാൻ വിളിച്ചിട്ടില്ല." അയാളുടെ അരികിലെത്തിയപ്പോൾ ഞാൻ പറഞ്ഞു.

"ഇനി എനിക്കു സംസാരിച്ചുകൂടേ?"

"തീർച്ചയായും"

ഞങ്ങൾ അയാളുടെ കുടിലിലേക്കു നടന്നു. അതിനുള്ളിൽ കടന്നപ്പോൾ അയാൾ വാതിൽ അടച്ചു.

"എന്നെ അസ്വസ്ഥനാക്കിയിട്ടുള്ളതു് എന്തെന്നു ഞാൻ പറയാം." അയാൾ പതിഞ്ഞ സ്വരത്തിൽ തുടങ്ങി. "ഞാൻ ഇന്നലെ നിങ്ങളെ കണ്ടിട്ടു് വേറെ ആരോ ആണെന്നു സംശയിച്ചു. അതാണെന്നെ അസ്വസ്ഥനാക്കിയതു്.

"എന്നെ കണ്ടിട്ടു?"

"വേറെ ആളെന്നു കരുതി"

"അതാരാണു്?"

"എനിക്കറിഞ്ഞുകൂടാ"

"എന്നെപ്പോലെയാണോ?"

"എനിക്കറിഞ്ഞുകൂടാ. ഞാൻ ആ മുഖം ഒരിക്കലും കണ്ടിട്ടില്ല. ഇടത്തുകൈ മുഖത്തിനുമീതെ പിടിച്ചു് വലത്തുകൈ വീശുകയാണു് പതിവ്. ശക്തിയോടെ വീശും. ഈ വിധത്തിൽ."

ഞാൻ അയാളുടെ ആംഗ്യം സസൂക്ഷ്മം വീക്ഷിച്ചു. "ദൈവത്തെയോർത്തു വഴി മാറൂ!" എന്നു അഭ്യർത്ഥിക്കുന്നതുപോലെ വികാരപാരവശ്യത്തോടെയുള്ള ഒരു ആംഗ്യമായിരുന്നു അതു്.

"ഒരു ചന്ദ്രികയുള്ള രാത്രിയിൽ" ആ മനുഷ്യൻ തുടർന്നു. "ഞാൻ ഇവിടെയിരിക്കുമ്പോൾ ഒരു വിളികേട്ടു. 'ഹേയ്, ഇങ്ങോട്ടു നോക്കൂ' ഞാൻ പിടഞ്ഞെഴുന്നേററപ്പോൾ ആ ആൾ ആ ചുമന്ന വെളിച്ചത്തിനു

സമീപം നില്ക്കുന്നതു കണ്ടു. അയാരം ഞാൻ ഇപ്പോരം കാട്ടിയപോലെ കൈ വീശുന്നുണ്ടായിരുന്നു. ഞാൻ എൻെറ ചുമന്ന വെളിച്ചമെടുത്ത് ആ രൂപത്തിൻെറ അരികിലേക്കോടി. "എന്താണ് അപകടം? എന്തു സംഭവിച്ചു? എവിടെയാണ്?" ആ രൂപം ഇരുട്ടത്തുനിന്നിരുന്നു. ഞാൻ അതിൻെറ അടുത്തെത്തിയിട്ടും കൈകൊണ്ട് മുഖംമറച്ചു പിടിച്ചിരിക്കുന്നതെന്തെന്നു ഞാൻ അത്ഭുതപ്പെട്ടു. ഓടിച്ചെന്നു ആ കൈപിടിച്ചു മാററുവാൻ ഞാൻ തുനിഞ്ഞപ്പോഴേക്കും ആ രൂപം പോയിക്കഴിഞ്ഞു."

"തുരങ്കത്തിൻെറ ഉള്ളിലേക്കോ?" ഞാൻ ചോദിച്ചു.

"അല്ല. ഞാൻ തുരങ്കത്തിലേക്കോടി. പക്ഷെ അവിടെയെങ്ങും അതിനെ കണ്ടില്ല. ഒടുവിൽ ഞാൻ തിരിച്ച് ഇവിടെ ഓടിയെത്തി രണ്ടു ഭാഗത്തേക്കും ഞാൻ ടെലിഫോണിൽ വിളിച്ചുചോദിച്ചു "ഒരപകടം ഉണ്ടെന്നു തോന്നുന്നു. എന്തെങ്കിലും സംഭവിച്ചിട്ടുണ്ടോ?" മറുപടി രണ്ടുഭാഗത്തുനിന്നും വന്നു. "ഇല്ല; എല്ലാം ക്രമംതന്നെ."

അയാരം എൻെറ കൈ മുറുകെപ്പിടിച്ചു. ആ കൈ തണുത്തു വിറങ്ങലിച്ചിരുന്നു. അതു മതിഭ്രമം കൊണ്ടെന്നുകരുതി അയാളെ സമാധാനിപ്പിക്കുവാൻ ഞാൻ ശ്രമിച്ചു.

"അതൊക്കെ ശരി തന്നെ. പക്ഷെ ഞാൻ മുഴുവനാക്കിയില്ല." കുറച്ചു നേരത്തെ നിശ്ശബ്ദതയ്ക്കുശേഷം എൻെറ കൈവിടാതെ അയാരം തുടന്നു.

"ആ രൂപം പ്രത്യക്ഷപ്പെട്ടു കൃത്യം ആറുമണിക്കൂറിന്നുശേഷം ഒരിക്കലും മറക്കാത്ത ആ അപകടം സംഭവിച്ചു. പത്തുമണിക്കൂറിനുശേഷം ആ രൂപം നിന്നിരുന്ന സ്ഥലത്തിൻെറ താഴെയുള്ള തുരങ്കത്തിൽക്കൂടി മരിച്ചവരേയും മുറിവേററവരേയും കൂട്ടംകൂട്ടമായി കൊണ്ടുവന്നു."

അസ്വസ്ഥമായ ഒരു കുളിരു എന്നെ ബാധിച്ചു. അതു് എന്തോ ആകസ്മികസംഭവമായിരിക്കാമെന്നു എനിക്കു സമ്മതിക്കേണ്ടിവന്നു.

"അതു്" അയാരം എൻെറ കൈ മുറുകെപ്പിടിച്ചു മിഴിച്ചു നോക്കിക്കൊണ്ടു തുടന്നു. "ഒരു കൊല്ലം മുമ്പായിരുന്നു. ആറേഴു മാസം കഴിഞ്ഞു. ഞാൻ ഇതെല്ലാം മറന്നതായിരുന്നു. പെട്ടെന്ന് ഒരുദിവസം രാവിലെ ഞാൻ വാതില്ക്കൽ നില്ക്കുമ്പോരം, ആ ചുമന്ന വെളിച്ചത്തിന്നരികെ ആ ഭൂതത്തിനെ വീണ്ടും കണ്ടു.'' എന്നെ തുറിച്ചുനോക്കിക്കൊണ്ട്, പെട്ടെന്ന് അയാരം നിത്തി.

"അതു് എന്തെങ്കിലും വിളിച്ചു പറഞ്ഞോ?"

"ഇല്ല."

"കൈ വീശിയില്ലേ?"

"ഇല്ല. രണ്ടുകൈകൊണ്ടും മുഖംപൊത്തി കുനിഞ്ഞു നോക്കിക്കൊണ്ടിരുന്നു. ദേ ഇതുപോലെ."

ഒരിക്കൽക്കൂടി അയാളുടെ ആംഗ്യത്തെ ഞാൻ സോൽകണ്ഠം വീക്ഷിച്ചു. അതിൽ അത്യധികം വ്യസനവ്യഗ്രത കലർന്നിരുന്നു.

"നിങ്ങൾ അങ്ങോട്ടു പോയോ?"

"ഞാൻ അകത്തു വന്നിരുന്നു. എനിക്കു തല ചുററുന്നതുപോലെ തോന്നി. ചിതറിയ ചിന്തകൾ കേന്ദ്രീകരിച്ചതിനുശേഷം ഞാൻ വാതില്ക്കൽച്ചെന്നുനോക്കി. ആ ഭൂതം പോയിക്കഴിഞ്ഞിരുന്നു."

"പക്ഷെ ഒന്നും സംഭവിച്ചില്ലല്ലോ?"

അയാൾ എൻെറ കൈ ഇടക്കിടയ്ക്കു് അമർത്തിക്കൊണ്ടിരുന്നു.

"ആ ദിവസം, തീവണ്ടി തുരങ്കത്തിൽനിന്നു വന്നപ്പോൾ ഒരു ജനവാതുക്കൽ എന്തൊ തിരക്കു കണ്ടു ഞാൻ അടയാളം കാണിച്ചു. ഡ്രൈവർ ബ്രേക്കിട്ടുവെങ്കിലും കുറേദൂരം ചെന്നതിനുശേഷമേ വണ്ടി നിന്നുള്ളു. ഞാൻ അതിൻെറ പിറകെ ഓടി. എന്തോ അവ്യക്തമായ നിലവിളി വണ്ടിയിൽ മുഴങ്ങുന്നുണ്ടായിരുന്നു. ഒരു മുറിയിൽ സുന്ദരിയായ ഒരു യുവതി പെട്ടെന്നു് മൃതിയടഞ്ഞിരിക്കുന്നതായി ഞാൻ മനസ്സിലാക്കി. അവളെ ഇവിടെക്കൊണ്ടുവന്നു സംസ്കരിക്കുകയാണുണ്ടായതു്."

അയാൾ അവസാനിപ്പിച്ചു. "ഇപ്പോൾ നിങ്ങൾക്കു് എൻെറ മനസ്സിനെ എന്താണു് അലട്ടിയിരുന്നതെന്നു മനസ്സിലായോ? ആ ഭൂതം ഒരാഴ്ചമുമ്പു വീണ്ടും വന്നു. ഇടക്കിടയ്ക്കു് അതു പ്രത്യക്ഷമാകുന്നുണ്ടു്."

"വെളിച്ചത്തിൻെറ അടുക്കലോ?"

"ആ ചുമന്ന വെളിച്ചത്തിന്നരികെ"

"എന്താണതു് ചെയ്യുന്നതു്?"

"ദൈവത്തെയോർത്തു വഴി മാറൂ" എന്നർത്ഥംവരുന്ന ആദ്യം കാണിച്ച ആ ആംഗ്യം പൂർവ്വാധികം ശക്തിയോടുകൂടി അയാൾ ആവർത്തിച്ചു. പിന്നെ തുടർന്നു. "എനിക്കു് ഒരിക്കലും മനസ്സമാധാനമില്ല. അതു് ഇടക്കിടയ്ക്കു് വ്യസനപരവശതയോടെ എന്നെ വിളിക്കുന്നു "ഹേയ്, ഇങ്ങോട്ടു നോക്കൂ! ഒന്നു്, ഇങ്ങോട്ടു നോക്കൂ!" കൈവീശിക്കൊണ്ടു് അതു നില്ക്കുന്നു. അതു് എൻെറമണിയടിക്കുന്നു—"

ഞാൻ അതിന്മേൽ കേറിപ്പിടിച്ചു. "ഇന്നലെ ഞാനിവിടെ ഉണ്ടായിരുന്നപ്പോൾ അതു മണിയടിച്ചതു കൊണ്ടാണോ നിങ്ങൾ വാതിൽക്കൽപോയി നോക്കിയതു്?"

"അതെ. രണ്ടുപ്രാവശ്യം."

"കണ്ടോ", ഞാൻ പറഞ്ഞു "നിങ്ങളുടെ ഭാവന നിങ്ങളെ വഴി

തെററിക്കുന്നു. ഞാൻ ആ ബെൽ നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. ശ്രദ്ധിക്കുന്നുമുണ്ടായിരുന്നു. ഞാൻ ഒരു ജീവനുള്ള മനുഷ്യനാണെങ്കിൽ, ആ സമയത്തു് അതു അടിച്ചിട്ടില്ല എന്നു തീച്ച്യയാണ്''

അയാറം തല കുലുക്കി. "അതിനെക്കുറിച്ച് എനിക്കിതേവരെ തെററു പററിയിട്ടില്ല. ഭൂതത്തിന്റെ മണിയടി മനുഷ്യന്റേതിൽനിന്നും വ്യത്യസ്തമാണ്. അതു് ഒരു അസാധാരണമായ ചലനം മാത്രമാണ്. മണി അനങ്ങുന്നുണ്ടെന്ന് കണ്ടാൽ തോന്നുകയില്ല. നിങ്ങറം അതു് കേറംക്കാഞ്ഞതിൽ എനിക്കത്ഭുതമില്ല. പക്ഷെ ഞാൻ അതു കേട്ടു.''

"നിങ്ങറം പുറത്തുചെന്നു നോക്കിയപ്പോറം ഭൂതം അവിടെയുണ്ടായിരുന്നോ?"

"ഉവ്വ് രണ്ടുപ്രാവശ്യവും?''

അയാറം ഉറപ്പോടെ ആവത്തിച്ചു. "രണ്ടു തവണയും"

"ഇപ്പോറം നിങ്ങറം എന്റെകൂടെ വാതിൽക്കലേക്കു വന്ന് അതു് അവിടെയുണ്ടോ എന്നു നോക്കാമോ?''

അയാറം സമ്മതമില്ലാത്ത ഭാവത്തിൽ ചുണ്ടു കടിച്ചമത്തിയെങ്കിലും, എഴുന്നേററു. ഞാൻ വാതിൽ തുറന്നു പടിയിന്മേൽ ഇറങ്ങിനിന്നു. അയാറം വാതില്ക്കലും.

"നിങ്ങറം കാണുന്നുണ്ടോ?'' അയാളുടെ മുഖത്തുനിന്നു കണ്ണെടുക്കാതെ ഞാൻ ചോദിച്ചു. അയാറം ആ സ്ഥലത്തേക്കു സൂക്ഷിച്ചു നോക്കുകയായിരുന്നു.

"ഇല്ല.'' അയാറം പറഞ്ഞു "അതവിടേയില്ല.''

"ശരി'' ഞാൻ പറഞ്ഞു. ഞങ്ങറം വാതിലടച്ച് അകത്തുവന്നിരുന്നു.

"നിങ്ങറംക്കിപ്പോറം മനസ്സിലായിട്ടുണ്ടാവും.''

എന്നെ വിഷമിപ്പിക്കുന്നതു് 'ഈ ഭൂതം എന്താണ്' എന്ന പ്രശ്നമാണ്. അയാറം എങ്ങോട്ടെന്നില്ലാതെ തുറിച്ചുനോക്കിക്കൊണ്ട്, ആലോചനാനിമഗ്നനായി പറഞ്ഞു.

"എന്താണപകടം? എവിടേയാണപകടം? പാതയിലെവിടേയോ അപകടം ഉണ്ടാകുവാൻ പോകുന്നുണ്ട്. മുമ്പ്ലുണ്ടായ സംഭവങ്ങളിൽ നിന്നും, ഈ മുന്നറിയിപ്പ് സംശയിക്കത്തക്കതല്ല. പക്ഷെ എന്നെ ഇതു ക്രൂരമായി അലട്ടുന്നു. ഞാൻ എന്തു ചെയ്യാനാണ്."

തുവാലയെടുത്ത് അയാറം നെററിയിലെ വിയർപ്പു കണങ്ങറം തുടച്ചു. "എന്നാൽ അപകടമുണ്ടെന്ന് ഫോൺ ചെയ്യുവാൻമാത്രം കാരണവുമില്ല.'' കൈ തുടച്ചുകൊണ്ട് അയാറം തുടന്നു. "എനിക്കു ബുദ്ധിമുട്ടു

ണ്ടാകുമെന്നല്ലാതെ യാതൊരു ഗുണവുമുണ്ടാകുന്നില്ല. എനിക്കു ഭ്രാന്താണെന്ന് അവർ വിചാരിക്കും. കാരണം, "അപകടം! സൂക്ഷിക്കുക" എന്ന് ഞാൻ അറിയിക്കുകയാണെങ്കിൽ "എന്തപകടം? എവിടെ?" എന്നവർ ചോദിക്കും. "എനിക്കറിഞ്ഞുകൂടാ, ദൈവത്തെയോർത്തു സൂക്ഷിക്കുക" എന്നേ എനിക്കു പറയുവാൻ നിവൃത്തിയുള്ളു. അപ്പോൾ അവർ എന്നെ ജോലിയിൽനിന്നു പിരിച്ചുവിടും. അല്ലാതെ അവരെന്തു ചെയ്യാനാ?"

അയാളുടെ മനോവ്യഥകണ്ട് എനിക്കത്യധികം സഹതാപംതോന്നി.

"അതു് ആദ്യം ആ വെളിച്ചത്തിന്നരികെ നിന്നപ്പോൾ'' വല്ലാതെ അസ്വസ്ഥതയോടെ നെററി തലോടിക്കൊണ്ടു് അയാൾ തുടന്നു. ''എന്തപകടമാണ് വരുവാൻ പോകുന്നതു് എന്നു ആ രൂപത്തിന്നു പറഞ്ഞുകൂടെ? അതുകൂടാതെ കഴിക്കുവാൻ സാദ്ധ്യമാണെങ്കിൽ അതു് എങ്ങിനെയാണെന്നു പറഞ്ഞു തന്നാലെന്താണ്? രണ്ടാമത്തെതവണ വന്നപ്പോൾ അതു മുഖംപൊത്തി, അതിനുപകരം "അവൾ മരിക്കുവാൻ പോകയാണ്. അവളെ വീട്ടിൽ തന്നെ നിത്തട്ടെ'' എന്നു പറയാമായിരുന്നില്ലേ? ഈ രണ്ടു പ്രാവശ്യവും അതിൻെറ മുന്നറിയിപ്പു് ശരിയാണെന്ന് കാണിക്കുവാൻ മാത്രമാണ് വന്നതെങ്കിൽ അതു വ്യക്തമായി എന്നെ അറിയിച്ചില്ലെങ്കിൽ ഈ മൂന്നാമത്തെ തവണ ഞാൻ അപകടത്തെ കാത്തിരിക്കമാത്രമല്ലാതെ എന്തു ചെയ്യാനാണ്? എന്നിട്ടും ദൈവമേ, ഞാൻ ഒരു വെറും കൊടി കാണിക്കുന്ന ഒരു സാധുവായ മനുഷ്യൻ—ഈ വിജനമായ സ്റ്റേഷനിൽ എന്തു ചെയ്യാനാണ്? പ്രവത്തിക്കുവാൻ അധികാരവും സാമത്ഥ്യവുമുള്ള വേറെ വല്ലവരോടും ചെന്നു പറഞ്ഞിരുന്നെങ്കിൽ!"

ഈ സ്ഥിതിയിൽ അയാളെക്കണ്ടപ്പോൾ, അയാളുടെ രക്ഷയ്ക്കും പൊതുജനങ്ങളുടെ രക്ഷയ്ക്കുംവേണ്ടി ആദ്യമായി ചെയ്യേണ്ടതു് അയാളുടെ മനസ്സ് സ്വസ്ഥമാക്കുകയാണ് എന്നു ഞാൻ തീച്ചയാക്കി. അതിനാൽ, സ്വാഭാവികവും അസ്വാഭാവികവുമായ എല്ലാ പ്രശ്നങ്ങളെയും തള്ളിമാററി, ഞാൻ അയാളെ സമാധാനിപ്പിക്കുവാൻ ശ്രമിച്ചു. ആരായാലും ചെയ്യുന്ന ജോലി നല്ലവണ്ണം ചെയ്യേണ്ടതാണ് ഓരോരുത്തരുടേയും ചുമതല, എന്നിങ്ങനെ കാൎയ്യകാരണസഹിതം പലതും പറഞ്ഞു ഞാൻ അയാളെ ഭ്രമത്തിൽനിന്നും വ്യതിചലിപ്പിക്കുവാൻ ശ്രമിച്ചു. അല്പം വിജയമുണ്ടായി എന്നു പറയണം. അയാൾ ശാന്തനായിത്തീന്നു. രാത്രിയായതോടുകൂടി അയാളുടെ ശ്രദ്ധ ജോലിയിലേക്കു് അധികം കേന്ദ്രീകരിക്കേണ്ടി വന്നു. രണ്ടുമണിക്ക് ഞാൻ അയാളെ പിരിഞ്ഞു പോന്നു.

ഞാൻ പാത കേറുന്നതുവരെ ആ ചുമന്ന വെളിച്ചത്തെ ഒന്നിലധികം തവണ തിരിഞ്ഞുനോക്കി. ഞാൻ അതിനെ ഇഷ്ടപ്പെട്ടില്ല. എൻെറ കിടക്ക അതിൻെറ ചുവട്ടിലായിരുന്നുവെങ്കിൽ രാത്രി ഉറങ്ങുവാൻ സാധിക്കയില്ലെന്ന് എനിക്കു തോന്നി.

പക്ഷെ എൻെറ മനസ്സിൽ അപ്പോൾ തിരതല്ലിയിരുന്ന ചിന്തകൾ ഇതൊന്നുമായിരുന്നില്ല. ഈ സംഭവം മനസ്സിലാക്കിയ സ്ഥിതിക്ക് ഞാൻ എന്താണ് പ്രവൎത്തിക്കേണ്ടതു്? ആ മനുഷ്യൻ ബുദ്ധിശാലിയും കാൎയ്യപ്രാപ്തനും ജോലിയിൽ അത്യന്തം ശ്രദ്ധാലുവുമാണെന്നു എനിക്കു മനസ്സിലായി. എന്നാൽ ഈ മനഃസ്ഥിതിയിൽ അയാൾ എത്രകാലം ഈ വിധത്തിൽ കഴിയും?

അയാളോടു പറയാതെ, അയാൾ പറഞ്ഞ വസ്തുതകൾ മേലധികാരികളോടു പറഞ്ഞാൽ അതു വഞ്ചനയാകയില്ല എന്ന ചിന്തമൂലം അവസാനം അയാളെ ഒരു വൈദ്യൻെറയടുത്തു കൊണ്ടുപോയി കാണിക്കാൻ ഞാൻ തീൎച്ചയാക്കി. രണ്ടുദിവസത്തിനുശേഷം അയാൾക്ക് രാവിലെ രണ്ടുമണിക്കൂർ ഒഴിവുണ്ടാകുമെന്നു പറഞ്ഞതു് ഓൎമ്മിച്ചു ഞാൻ ആ സമയം ഇതിനു വിനിയോഗിക്കുവാൻ തീൎച്ചയാക്കി. രണ്ടു ദിവസത്തിനുശേഷം അയാളുടെയടുക്കെ ചെല്ലുന്നമെന്നും ഉറച്ചു.

പിറേറദിവസം സായാഹ്നം വളരെ മനോഹരമായിരുന്നു. ഞാൻ പുറപ്പെട്ടു. സൂൎയ്യാസ്തമയത്തിന്നുമുമ്പ് മടങ്ങിയെത്തണമെന്നായിരുന്നു എൻെറ ഉദ്ദേശം.

ഞാൻ ആ കുറുക്കുവഴിയുടെ അടുക്കലെത്തിയപ്പോൾ, കുനിഞ്ഞു് അയാൾ എന്തുചെയ്യുകയാണെന്ന് എത്തിനോക്കി. അപ്പോൾ ഞാൻ കണ്ട വസ്തുത എനിക്ക് രോമാഞ്ചത്തോടുകൂടിയല്ലാതെ പ്രസ്താവിക്കുവാൻ സാദ്ധ്യമല്ല. ആ തുരങ്കത്തിൻെറ മുമ്പിലായി ഒരു മനുഷ്യൻ അയാളുടെ ഇടത്തുകൈകൊണ്ടു് മുഖം മറച്ചുപിടിച്ചു വലതുകൈ ശക്തിയോടെ വീശുന്നുണ്ടായിരുന്നു.

എന്നെ ബാധിച്ച ഭയം പെട്ടെന്ന് എന്നെ വിട്ടുമാറി. എന്തുകൊണ്ടെന്നാൽ ഞാൻ കണ്ട ആ രൂപം ഒരു മനുഷ്യൻേറതു തന്നെയെന്നെനിക്കു മനസ്സിലായി. അവിടെ കൂടിയിരുന്ന ഒരുകൂട്ടം ജനങ്ങളോടു് ഒരാൾ എന്തോ ഒരു ആംഗ്യം ആവൎത്തിക്കുകയായിരുന്നു. ചുവന്ന വെളിച്ചം ഇനിയും കൊളുത്തിയിട്ടുണ്ടായിരുന്നില്ല. അതിൻെറ നിഴലത്തു് മരംകൊണ്ടു വെച്ചുകെട്ടിയ ഒരു പുതിയ കുടിൽ ഞാൻ കണ്ടു. അതിന് ഒരു കട്ടിലിനോളം വലുപ്പമേ ഉണ്ടായിരുന്നുള്ളു.

എന്തോ തകരാറുണ്ടെന്ന് എനിക്കു തോന്നി. ആ മനുഷ്യൻ ചെയ്തിരുന്നതിനെ നോക്കുവാനോ ശരിയാക്കുവാനോ ആരെയും പറഞ്ഞ

യക്കാത്ത അയാളെ തനിച്ചുവിട്ട് ഞാൻ പോയതുകൊണ്ട് വലിയ അപകടം വന്നിട്ടുണ്ടെന്നുള്ള വിചാരംമൂലം ആത്മനിന്ദയോടുകൂടി ഞാൻ കഴിയുന്നതും വേഗത്തിൽ ആ കുറുക്കുവഴിയിറങ്ങി ഓടി.

"എന്തുപററി?" ഞാൻ അവരോടു ചോദിച്ചു.

"ആ കൊടി കാണിക്കുന്നയാൾ ഇന്നു കാലത്തു മരിച്ചു."

"ആ കുടിലിലിലുള്ള മനുഷ്യനല്ലല്ലോ."

"അതെ."

"ഞാൻ അറിയുന്ന മനുഷ്യനല്ലല്ലൊ."

"നിങ്ങൾക്കു നോക്കാം" ഒരു മനുഷ്യൻ ആ ശവശരീരത്തെ മൂടിയ വസ്ത്രം എടുത്തു മാററി "അയാളുടെ മുഖം നോക്കു."

"അയ്യോ, ഇതു് എങ്ങിനെ പററി," ഞാൻ ഓരോരുത്തരോടും തിരിഞ്ഞു ചോദിച്ചു.

"എഞ്ചിൻ കയറി മുറിഞ്ഞതാണ്. അയാളുടെ ജോലി ഇത്ര നല്ലപോലെ അറിയുന്നവർ വേറെയില്ല. പക്ഷെ എങ്ങിനേയൊ അബദ്ധംപററി. നല്ല വെളിച്ചമുണ്ടായിരുന്നു. അയാൾ വെളിച്ചംകൊളുത്തി. വിളക്കു കയ്യിൽ പിടിച്ചിരുന്നു. എഞ്ചിൻ തുരങ്കത്തിൽനിന്നു പുറത്തുവന്നപ്പോൾ അയാളുടെ പിൻവശം അതിൻെറ നേരെയായിരുന്നു. ഈ മനുഷ്യനാണ് ഓടിച്ചിരുന്നതു്. സംഭവിച്ചതെങ്ങിനെയെന്ന് അയാൾ കാണിക്കും."

ആ മനുഷ്യൻ ആ തുരങ്കത്തിൻെറ മുമ്പിൽ അയാളുടെ ആദ്യത്തെസ്ഥലത്തു ചെന്നുനിന്നു.

"തുരങ്കത്തിൽനിന്നു പുറത്തുവന്നപ്പോൾ ഞാൻ അയാളെക്കണ്ടു. വേഗം കുറയ്ക്കുവാൻ സമയം ഉണ്ടായിരുന്നില്ല. മാത്രമല്ല, അയാൾക്കു വളരെ സൂക്ഷ്മം ഉണ്ടെന്നു എനിക്കറിയാം. ചൂളംവിളി കേട്ടും അയാൾ കൂട്ടാക്കുന്നില്ലെന്നു കണ്ടപ്പോൾ ഞാൻ ബ്രേക്കിട്ടു. തീവണ്ടി നില്ക്കുവാൻ പോകുമ്പോഴും ഞാൻ അയാളോടു വിളിച്ചുപറഞ്ഞു.

"നിങ്ങൾ എന്താണ് വിളിച്ചുപറഞ്ഞതു് ?"

ഞാൻ പറഞ്ഞു. "ഹേയ്, ഇങ്ങോട്ടു നോക്കു, ഒന്നിങ്ങോട്ടുനോക്കു. ദൈവത്തെയോർത്തു വഴിമാറു!"

ഞാൻ ഒന്നു ഞെട്ടി.

" അയ്യോ, അതു് ഒരു വല്ലാത്തഘട്ടമായിരുന്നു. ഞാൻ വിളിച്ചുപറയൽ നിർത്തിയില്ല. എൻെറ ഇടത്തുകൈ ആ കഷ്ടം കാണാതിരിക്കുവാൻ വേണ്ടി മുഖത്തിന്നു മീതെപിടിച്ചു്, വലത്തുകൈ അവസാനംവരെ ശക്തിയോടെ വീശി" —അയാൾ തുടരുകയാണ്— " എന്നിട്ടുംയാതൊരുഫലവുമുണ്ടായില്ല."

# പരീക്ഷ കഴിഞ്ഞു്

(എം. രാമകൃഷ്ണപിള്ള, Cl. IV.)

നീലവാനത്തിൻ മേഘത്താളുകൾ നിറച്ചെന്നും-
കാലമാം കലാകാരനെഴുതിക്കൂട്ടുന്നെന്തോ!
ഭാവനക്കതീതമാ മാശയബാഹുല്യത്താൽ
കേവലം ദുരൂഹമിദ്ദൃ നനാമെനിക്കിന്നും.
അമ്പിളിത്തിരി, മെല്ലെത്തെളിച്ചീടിലും പിച്ച-
ക്കമ്പിളിക്കരം ചുമക്കുമ്പൊഴെങ്ങിനെ നോക്കും?
താരകാക്ഷരങ്ങളേ! തെളിഞ്ഞീടുമോ?, വേണ്ട-
പൂരിതപ്രഭയേററെൻ കണ്ണുകളടഞ്ഞുപോം.
എന്നിനിപ്പഠിച്ചു ഞാനെഴുതും, പരീക്ഷയോ-
വന്നടുത്തയ്യോ! തപ്തഹൃദയം പിടയ്ക്കുന്നു!!
പ്രകൃതീശ്വരിപോററിപ്പുലർത്തും കിടാങ്ങളേ!
സുകൃതാത്മാക്കൾ, നിങ്ങൾക്കറിയാം വിജയിക്കാൻ.
മാമരത്തളിർക്കൊമ്പത്തമരും പച്ചക്കിളി
കോമളസ്വരത്തിൽ തൻ പാഠങ്ങളാലാപിക്കേ,
നവമല്ലികാസൂനസൌരഭംതാവും മെയ്യിൽ
ജവമോടിളംമഞ്ഞിൻ സാരിചുററിയങ്ങനെ.
അതുലാനന്ദാൽ മൃദുസ്മേരമാം മുഖവുമായ്-
കുതുകാലടിവെച്ചു പുലരിത്തയ്യൽപോകേ,
മാലേയമന്ദാനിലൻ ഭ്രാന്തനായോടിച്ചെന്നു
മാലതീജാലത്തോടു സംശയം തീർത്തീടവേ,
മങ്ങിയ ചുവപ്പേലും ചക്രവാളത്തിൽക്കൂടി-
അങ്ങതാ വരുന്നാരോ, വെളിച്ചച്ചുരുളേന്തി!!

* * * * *

വെള്ളിമേഘത്തിൽക്കേറിക്കളിക്കും പൂന്തെന്നലേ!
ചൊല്ലായ്ക ഞാൻ തോററെങ്കിലക്കഥ നീയാരോടും.. !
നിസ്പൃഹം നിരാശതൻ നിഴലിലടിഞ്ഞാലും-
പത്രമർമ്മരങ്ങളേ! കളിയാക്കൊല്ലേ നിങ്ങൾ!
പോവു, തോഴിമാരേ,യിക്കണ്ണുനീർത്തുടച്ചു, ഹാ!
ജീവിതപ്പരീക്ഷയ്ക്കു വീണ്ടും ഞാൻ പഠിക്കട്ടേ!!

# സംയുക്തകേരളം*

(എം. ലീലാവതി Cl. II)

സ്വാതന്ത്ര്യത്തിന്റെ മണിഗോപുരത്തിലെത്തിയിരിക്കുകയാണ് ഇന്നു ഭാരതം. എന്നാൽ, സംസ്കാരത്തിന്റെ തങ്കരശ്മികൾ ആ മോഹനസൌധത്തെ ഇനിയും വേണ്ടതുപോലെ പ്രകാശമാനമാക്കിത്തീർത്തിട്ടുണ്ടെന്നു പറഞ്ഞുകൂടാ. ഇനിയുള്ള കാൽവെപ്പ്, ഇതിനു മുമ്പിലത്തേക്കാൾ സുധീരവും സുസ്ഥിരവും സൂക്ഷ്മവുമായിരിക്കണം. രാഷ്ട്രീയമായ സ്വാതന്ത്ര്യം മാത്രമായിക്കൂടാ, നമ്മുടെ ലക്ഷ്യം. സാംസ്കാരികമായ പുരോഗതിക്ക് അഗ്രിമസ്ഥാനം അർപ്പിച്ചേ മതിയാവൂ. പ്രാകൃതികവും പ്രാദേശികവും സാംസ്കാരികവുമായ വിഭിന്നതകൾ നിറഞ്ഞ ഒരഭിന്നതയാണ് ഭാരതത്തിൽ ദർശിക്കേണ്ടിയിരിക്കുന്നത്. ഭാഷാപരവും സംസ്കാരപരവുമായ വ്യത്യാസങ്ങളെ അനുസരിച്ചുള്ള സംസ്ഥാനസംവിധാനമായിരിക്കും ഭാരതത്തിന്റെ ഉത്കർഷത്തിനുള്ള നല്ലൊരു മാർഗ്ഗമെന്നു പല ചിന്തകരും സമ്മതിച്ചുകഴിഞ്ഞിട്ടുണ്ട്. എന്നാൽ ഭിന്നങ്ങളായ ഈ സംസ്കാരങ്ങളുടെ പരിപോഷണം ഭാരതീയൈക്യത്തെ ഭഞ്ജിക്കാത്തതരത്തിലായിരിക്കണമെന്നതു് വിസ്മരിച്ചുകൂടാ. ഭാരതീയൈക്യവും ഭാരതത്തിലെ പ്രാദേശികസംസ്കാരപരിരക്ഷണവും ഏകകാലത്ത് സാധിക്കുക അസാദ്ധ്യമാണെന്ന് കരുതുന്നവരും ഇല്ലായ്കയില്ല. അമ്മയോടുള്ള അതിസ്നേഹത്തിൽ മുത്തശ്ശിയെ മറന്നുപോയേക്കുമെന്ന് പറയുന്നതിനോടു തുല്യമല്ലേ ഈ അസ്ഥാനത്തുള്ള സംശയവും? മലയാളിക്കൊരു സംസ്കാരമുണ്ട്; തമിഴനുമുണ്ട് സ്വന്തമായ ഒരു സംസ്കാരം. അതുപോലെതന്നെ ബങ്കാളിക്കും ഗുജറാത്തിക്കും പഞ്ചാബിക്കും. വിവിധത്വത്തിൽക്കൂടി ഏകത്വത്തെ ദർശിച്ച ഋഷികളുടെ മാതാവാണല്ലോ ഭാരതം. എങ്ങിനെയായാലും വ്യത്യസ്തങ്ങളായ ഈ സംസ്കാരങ്ങളെ പരിപോഷിപ്പിക്കുന്നതുതന്നെയാണ് ഭാരതീയസംസ്കാരപരിപോഷണം. സംസ്കാരങ്ങളുടെ വിഭിന്നതനിമിത്തമാണല്ലോ,

നമോസ്തു ഭാഗീരഥി, ഭാവുകപ്രദേ;
നമോസ്തുതേ ഭാരത ജീവനാഡികേ!

---

* കോളേജ് കോ-ഓപ്പറേററീവ് സൊസൈററിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ഉപന്യാസമത്സരത്തിൽ സമ്മാനാർഹമായ ഉപന്യാസം.

എന്നിങ്ങനെ പാടി, ആ ഗാനവിഷയത്തെ ആസ്പദമാക്കി ഭാരതീയരുടെ സാമാന്യസംസ്കാരത്തെ ഏകീകരിക്കാമെന്ന് ഒരു രസികൻ ഒരിക്കൽ അഭിപ്രായപ്പെട്ടതു്.

എങ്ങിനെയായാലും ഭാരതത്തിലെ പ്രാദേശികസംസ്കാരങ്ങൾ വ്യത്യസ്തമായി പരിപോഷിക്കുന്നതു് ഭാരതീയൈക്യത്തെ ഭഞ്ജിക്കുമെന്ന് പറയാൻ ന്യായമില്ല. ഭാഷാപരമായും പ്രാകൃതികമായുമുള്ള സംസ്ഥാന സംവിധാനം തൽപോഷത്തിനൊരുത്തമ മാർഗ്ഗമാണെന്നുള്ളതു് സ്ഫടിക സ്ഫുടമാണ്.

അങ്ങനെയെങ്കിൽ കേരളത്തിൻെറ ഏകീകരണം ഭാരതസംസ്കാരത്തിൻെറ ഉൽക്കർഷത്തിനുതകുന്ന ഒരു പദ്ധതിയായിരിക്കും. മന്ദമെങ്കിലും മന്ദ്രമായ സ്വരത്തിൽ ഇതിനെക്കുറിച്ചുള്ള ആശകൾ ആവേശത്തോടുകൂടി പ്രസ്താവിക്കുവാൻ കേരളസന്താനങ്ങൾ ഇന്നും ഇന്നലെയുമല്ല തുടങ്ങിയിട്ടുള്ളതു്. 'പതിനെട്ടടി താഴ്ത്തിയാൽമാത്രം ജലം കാണുന്ന ഭൂമിയിൽ ആറടിവീതം താഴ്ചയുള്ള മൂന്നു കുഴികൾ കുഴിച്ചാൽ മതിയോ?' എന്നും മററുമുള്ള ചിന്താശകലങ്ങൾ നമ്മുടെ കർണ്ണങ്ങളിൽ മുഴങ്ങിത്തുടങ്ങിയിട്ടു കാലം കുറെയായി. എങ്കിലും ഏതു കേരളീയൻെറയും ചിന്തയെ ഉദ്ദീപിപ്പിക്കത്തക്കവണ്ണമുള്ള പ്രാധാന്യം ഈ ആശയത്തിനു സിദ്ധിച്ചതു് ഇപ്പോൾമാത്രമാണ്. അതിനു കാരണമായ പ്രതിഭാവൈശിഷ്ട്യം സ്തുത്യംതന്നെ.

പരശുരാമൻ കേരളക്കരയെ കടലിൽനിന്നുദ്ധരിച്ചുവെന്നതാണല്ലോ ഐതിഹ്യം. ആദികേരളം ഏകീകൃതവും, സമത്വസുന്ദരവും, ജാതിപ്പിശാചിൻെറ കരാളഹസ്തങ്ങളിൽനിന്നു മുക്തവും ആയിരുന്നുവെന്നാണ് ചരിത്രം ഘോഷിക്കുന്നതു്. സ്വാർത്ഥപരരായ ഭരണമേധാവികളുടെ പരമതാസഹിഷ്ണുതയാണ് കാലും, ഉടലും, തലയും വേർപെട്ടുകിടക്കുന്ന ഇന്നത്തെ ഈ ദയനീയസ്ഥിതിയിലേക്ക് ഈ ഭാർഗ്ഗവദത്തയെ അധഃപതിപ്പിച്ചതു്. ഭാർഗ്ഗവൻ, ലവണസാഗരത്തിൽനിന്ന് പരശുവിൻെറ സഹായത്താൽ ഈ ഭൂവിഭാഗത്തെ ഉദ്ധരിച്ചു എന്നു വിശ്വസിക്കുവാൻ സാധിക്കാത്തവണ്ണം ശാസ്ത്രപരിചയം സിദ്ധിച്ചവർ സ്വർദ്ധസാഗരത്തിൽനിന്നും കേരളത്തെ ഉദ്ധരിച്ച് നമ്പൂതിരിമാരുടെ ആധിപത്യത്തിൻ കീഴിൽ ഏകീകൃതമാക്കിത്തീർത്തുവെന്നു വിശ്വസിച്ചാൽമതി. എന്നാൽ ഇന്നത്തെ അതിൻെറ സ്ഥിതിയോ?

"അമ്പെഴമല്ലൂൻ മക്കൾക്കെല്ലാക്കുംകൂടിത്തന്ന
സമ്പത്തു കരുത്തരാം ചിലർതൻ വകയായ്പ്പോയ്"

എന്ന കവിവാക്യം ഈ സംഗതി സ്മരിക്കുമ്പോഴും അർത്ഥവത്തുതന്നെ!

മലയാളികളെ മറുനാട്ടുകാർ കാണുന്നതു് മലയാളികളായിട്ടുമാത്രമാണു്. 'തട്ടുകിട്ടുമ്പോഴും തടവു പഠിക്കാതെ തരമില്ലെന്ന' തത്വമാണു മറുനാട്ടുകളിൽ മലയാളികളെ ഇത്ര ഐക്യത്തോടുകൂടി കാണാൻ കഴിയുന്നതിനു കാരണം. എന്തായാലുംശരി, മലയാളിയുടെ ശബ്ദം ഇന്നു് ഭാരതാന്തരീക്ഷത്തിൽ മുഴങ്ങുന്നതു് അതർഹിക്കുന്ന മന്ദ്രതയോടുകൂടിയല്ല. അതിനുള്ള ഏകകാരണം, ഏകീകൃതകേരളത്തിന്റെ അഭാവം മാത്രമാണ്.

ഒരു സംയുക്തകേരളത്തിന്റെ ആഗമനമാർഗ്ഗത്തിൽ വിലങ്ങടിച്ചുനില്ക്കുന്ന പൂത്ത മതിലുകൾ എന്തെല്ലാമാണെന്നു് പര്യാലോചിക്കേണ്ടിയിരിക്കുന്നു. പൊതുവായ മതം, പൊതുവായ സംസ്കാരം, പൊതുവായ ഭാഷ, പൊതുവായ ആചാരങ്ങൾ, പ്രകൃതിയുടെ പക്ഷപാതരഹിതമായ ഐശ്വര്യവിതരണം, ജനതതിയുടെ സ്നേഹപൂർണ്ണവും സ്വാതന്ത്ര്യോന്മുഖവുമായ മനസ്ഥിതി മുതലായവയെല്ലാം ഉണ്ടായാൽ പിന്നെ ആവശ്യമുള്ളതെന്താണു്? രാജകുടുംബങ്ങൾ അവരുടെ പ്രാചീനപ്രഭാവങ്ങളുടെ ചരിത്രം പഠിച്ചുകൊണ്ടിരിക്കുക മാത്രമല്ല ചെയ്യുന്നതെന്നു് ഇന്നു് വ്യക്തമായിട്ടുണ്ടു്. തങ്ങളുടെ അന്തസ്സിനും ആഭിജാത്യത്തിനും കോട്ടംവരാത്തതരത്തിൽ പരിതഃസ്ഥിതികൾ സൃഷ്ടിച്ചുകഴിഞ്ഞാൽ, വ്യവസ്ഥാപിതഭരണഘടനകൾക്കനുസാരമായി ജീവിക്കുവാൻ തങ്ങൾ സന്നദ്ധരാണെന്നു് മുക്തകണ്ഠം പ്രസ്താവിക്കത്തക്ക കരളുറപ്പും കാര്യക്ഷമതയും ഭാരതത്തിലെ മറെറല്ലാ രാജകുടുംബങ്ങളിലേക്കാളുമധികം, ഈ കൊച്ചുകേരളത്തിന്റെ മൂലയിലുള്ള കൊച്ചിയിലെ രാജകുടുംബത്തിൽ മാത്രമാണു് കാണാൻ കഴിഞ്ഞതു്. ഒരന്യനാട്ടുകാരനു്, കേരളമാതാവിനെ മുറിച്ചു തുണ്ടാക്കുന്നതിലുള്ള വേദനയറിയുവാൻ കഴിവില്ല. അതിനാൽ അങ്ങിനെയുള്ളവർ വല്ലവരും ഈ മഹനീയാശയത്തിന്നൊരു വിലങ്ങായിനില്ക്കുന്നുണ്ടെങ്കിൽ, കേരളീയരാകെ ഒന്നിളകിയാൽ ഇടിഞ്ഞു് പൊളിഞ്ഞുവീഴത്തക്ക ഉറപ്പേ അതിനുണ്ടാകയുള്ളു. ഭിന്നമായ ജീവിതരീതിയും ഭാഷയും ഉള്ള ഒരു ജനതതി മലയാളത്തിന്റെ മതിലകത്തുണ്ടെങ്കിൽ അവരെ സംരക്ഷിക്കത്തക്ക മഹാമനസ്കത കേരളത്തിന്റെ സന്താനങ്ങൾക്കു് അസ്തമിച്ചുകഴിഞ്ഞിട്ടില്ല. 'പുകഞ്ഞകൊള്ളി പുറത്തു്' എന്നതാണു് അനാവശ്യമായി സിംഹഗർജ്ജനം ചെയ്യുന്നവരുടെ വിധിയെന്നു് തുറന്നുപറയേണ്ടിയിരിക്കുന്നു.

കേരളത്തിനു പൊതുവെ ഒരു സംസ്കാരവും ഭാഷയും മതവും മററുമുണ്ടെന്നുള്ളതുതന്നെ വിശ്വസിക്കുവാൻ സംശയിക്കുന്നുണ്ടു്, കരി

നിറഞ്ഞ ഇന്നത്തെ ദയനീയാന്തരീക്ഷത്തിൽക്കൂടി കേരളചരിത്രത്തെ വീക്ഷിക്കുന്ന പലരും. നമുക്കൊന്നു ചുഴിഞ്ഞു പരിശോധിക്കാം.

ആദ്ധ്യാത്മികവും ബാഹ്യവുമായ സംസ്കാരമാണ് ഒരു ജനതതിയെ കൂട്ടിയിണക്കുന്ന ആയസ ശൃംഖലകൾ—അല്ലെങ്കിൽ സുവർണ്ണശൃംഖലകൾ. വിവിധത്വത്തിൽ ഏകത്വത്തെ ദർശിച്ച അദ്വൈതവാദിയായ ശ്രീ ശങ്കരൻ കേരളത്തിലാണ് അവതരിച്ചതു്.

'തൻകിടാവിനോടൊപ്പമങ്ങന്നു താലോലിച്ച
പൈങ്കിളിപ്പിടയുടെ പഞ്ചമസ്വരാലാപം,
ഇരുളിൽമയങ്ങിയ ലോകത്തെയുണർത്തിയി-
ട്ടരുണപ്രഭവീശും സുപ്രഭാതത്തെ'

ദർശിപ്പിക്കത്തക്കവണ്ണം, സാന്ദ്രമന്ദ്രധ്വനിയിൽ മുഴങ്ങിയതു് കേരളത്തിന്റെ 'തളിർച്ചെടിപ്പടർപ്പു'കളിൽ നിന്നാണ്. പറയക്കുടിലിൽപോലും 'ബ്രഹ്മവർച്ചസം' അവതരിച്ചതു് 'താഴ്വയുമുയർച്ചയും പുറം കാഴ്ചയിൽ' മാത്രമുള്ള ഈ കേരളക്കരയിലാണ്. ആദ്ധ്യാത്മികസംസ്കാരത്തെ 'ഇഞ്ചക്കു' ചെയ്യുന്ന 'ജ്ഞാനപ്പാന' പൂന്താനത്തിന്റെ പൂതമാനസത്തിൽ നിന്നും നിർഗ്ഗളിച്ചതു് കൈരളിയിൽക്കൂടിയാണ്. മേപ്പത്തൂർ, ഗൈർവ്വാണിയിൽക്കൂടി സച്ചിദാനന്ദന്റെ പാദങ്ങളിലേക്കു് നമ്മെ ആനയിച്ചു. ചെറുശ്ശേരി, ഭാരതീദേവിയുടെ മഞ്ജീരശിഞ്ജിതമാകുന്ന മഞ്ജരിയിൽക്കൂടി, ബാലഗോപാലന്റെ ലീലാവിലാസങ്ങളിലേക്ക് നമ്മെ ആകർഷിച്ചു. എഴുത്തച്ഛൻ, കിളിമകളുടെ കളകളഗാനത്തിൽക്കൂടി അജ്ഞാനാന്ധകാരത്തെ—രാവിനെ—മായ്ച്ചുകളഞ്ഞു് ജ്ഞാനകിരണങ്ങളുതിരുന്ന സുപ്രഭാതത്തെ കാണിച്ചുതന്നു. ഇനിയും ആദ്ധ്യാത്മികസംസ്കാരത്തിൽ, നമുക്കു് ഏകമായ സമ്പന്നത്വമില്ലെന്നോ?

ബാഹ്യമായ സംസ്കാരത്തിന്റെ ഗതിയും ഇതുതന്നെയാണ്. കളരിപ്പയററു് മുതലായ കായികസംസ്കാരം, കഥകളി, ഓട്ടൻതുള്ളൽ, മതലായ കലാസംസ്കാരം, ഏതു മൂലയിലും സ്വതന്ത്രമായി വിലസുന്ന ആചാരസംസ്കാരം മുതലായവയെല്ലാം കേരളജനതയെയൊട്ടാകെ ബാധിക്കുന്നതാണ്.

ചുവടുവച്ചു് ആഞ്ഞൊരു ചവിട്ടു ചവിട്ടിയാൽ മണ്ണും മതിലും തെറിക്കുന്ന വിദ്യയെ അനുസ്മരിക്കുമ്പോൾ, 'ഭഗവാന്റെ മായാവിലാസങ്ങളു്!' എന്നല്ലേ ശങ്കുവാശാനെപ്പോലെ നമുക്കും പറയാൻ തോന്നുക? കായികപരിശീലനം പുരുഷവർഗ്ഗത്തിന്റെ കുത്തകയായിരുന്നില്ല. കുലീനതയും സൌന്ദര്യവും സംസ്കാരവും മററും സംരക്ഷിക്കുന്ന

തോടുകൂടിത്തന്നെ കേരളത്തിലെ തരുണീമണികൾ അവരുടെ ആഭിജാത്യത്തിനും ചാരിത്രത്തിനുംവേണ്ടി പടവെട്ടുന്നതിലും അലസകളായിരുന്നില്ല. അത്തരത്തിലുള്ള സംസ്കാരം മൺമറഞ്ഞുപോയ സ്ഥിതിയിലായിത്തീൎന്ന ഇന്ന് —ആ വീരചരിതങ്ങളുടെ അപദാനങ്ങൾപോലും പാടത്തെ പ്രതിധ്വനികളായിത്തീൎന്ന ഇന്ന് —കേരളീയജനതയ്ക്കു് ഒരു പൊതുസംസ്കാരമുണ്ടോ എന്ന സംശയം പലരിലും ഉയൎന്നതിൽ അത്ഭുതമുണ്ടോ?

കലാപരമായ സംസ്കാരവും കേരളസന്താനങ്ങൾക്ക് പൊതുവായി ആസ്വദിക്കുവാൻ കഴിഞ്ഞിരുന്നു. കഥകളി, ചാക്യാർക്കൂത്തു്, തുള്ളൽ മുതലായവയിൽ തെളിഞ്ഞുവിളങ്ങുന്ന അഭിനയചാതുരിയും നൃത്തവൈദഗ്ദ്ധ്യവും മററും തീരെ മറഞ്ഞുകഴിയാത്തതു് മലയാളിയുടെ ഭാഗ്യമെന്നേ പറയേണ്ടു. വാദ്യഘോഷങ്ങളും ഭാരതത്തിലെ മറെറല്ലാ ദേശങ്ങളേയും അപേക്ഷിച്ചു് ചില വിശേഷതകളോടുകൂടിയായിരുന്നു കേരളത്തിൽ വിലസിയിരുന്നതു്. ഇങ്ങിനെ മറെറല്ലാ ദേശങ്ങളിൽനിന്നും ഭിന്നമാണെങ്കിലും കേരളീയൎക്കു് പൊതുവായി ആസ്വദിക്കാൻ കഴിഞ്ഞിരുന്ന ഒരു സംസ്കാരമായിരുന്നു കേരളത്തിൻേറതു്. ഇന്നത്തെ സ്ഥിതിയോ?

മലനാട്ടുജീവിതത്തിൻെറ ചുണ്ടിൽ
പ്പലകാലം തത്തിക്കളിച്ചഗാനം
മലനാട്ടുജീവിതത്തൂക്കഴലിൽ
പ്പലനാൾമുകൎന്ന മധുരനൃത്തം
എവിടെയാണിപ്പോഴെവിടെയാണെ"

എന്നു് എത്ര വെമ്പിയാലും കണ്ടുപിടിക്കാൻ കഴിയാതെ വരുമ്പോൾ,

"മലനാട്ടുജീവത മിത്രമാത്ര
മലസമായ് ശുഷ്കമായ്ത്തീൎന്നുവല്ലോ!"

എന്നു് ഒരു കവി, ഹൃദയം തുറന്നു വിലപിച്ചതു് കുററമാണോ?

കേരളീയൎക്കു് പൊതുഭാഷയുണ്ടോ എന്നും സംശയമുണ്ടു് പലൎക്കും. വടക്കൻമലയാളം, തെക്കൻമലയാളം, മദ്ധ്യമലയാളം എന്നിങ്ങനെ ചില വരമ്പുകളിടുകയും ചെയ്തു കഴിഞ്ഞിട്ടുണ്ടു്. എങ്കിലും എല്ലാം മലയാളം തന്നെ എന്ന കാൎയ്യത്തിൽ ഒരിക്കലും പക്ഷാന്തരമുണ്ടായിട്ടില്ല. അയൽനാടുകളോടുള്ള സമ്പൎക്കമനുസരിച്ചു് അല്പം ചില വ്യത്യാസങ്ങൾ വന്നുകഴിഞ്ഞിട്ടുണ്ടെങ്കിൽ അതൊരു വ്യത്യാസമായിക്കണക്കാക്കേണ്ടതില്ല. ശുദ്ധ മലയാളത്തിൻെറ രൂപാന്തരങ്ങൾ മാത്രമാണു് മുൻ പ്രസ്താവിച്ചവയൊക്കെ. അവയുടെ ബാഹ്യഗുണങ്ങൾ വ്യത്യസ്തങ്ങളാണെങ്കിൽ

ത്തന്നെയും ആന്തരഗുണങ്ങൾ എല്ലാം സാമാന്യമാണ്. മലയാളിക്ക് ആശയവിനിമയം ചെയ്യുവാൻ മറെറാരുഭാഷ പഠിക്കേണ്ടതില്ലെന്നുള്ളതു് സുസ്പഷ്ടമാണല്ലോ.

പൊതുവായ മതത്തിൻെറ കാര്യമാണ് ഇനിയത്തേതു്. ഒരു വലിയ ഭാഗം കൃസ്ത്യാനികൾ ഉണ്ടെന്നതു് വാസ്തവംതന്നെ. എന്നാൽ മതപരങ്ങളായ ആവശ്യങ്ങൾക്ക് യാതൊരു തടസ്സവുമില്ലാതിരിക്കുന്നേടത്തോളം കാലം കേരളത്തിലെ കൃസ്ത്യാനികൾ, മാതൃഭൂമിയുടെ അഭിവൃദ്ധിയെ തടയുമെന്നു് നാം ശങ്കിക്കേണ്ടതില്ല. ഒരു 'പാക്കിസ്ഥാൻ'വേണ്ടി വാദിക്കാൻ ഒരു ജിന്നയുണ്ടായതുപോലെ ഒരു ക്രിസ്തീയസ്ഥാനുവേണ്ടി വാദിക്കുവാൻ ഒരൊററ ക്രിസ്ത്യാനിയെങ്കിലും മുതിരുന്നില്ലെന്നുള്ളതു് അവരുടെ മഹാമനസ്കത മാത്രമല്ല, ഹിന്ദുക്കളും കൃസ്ത്യാനികളും തമ്മിലുള്ള ഐക്യത്തെക്കൂടി സ്പഷ്ടമാക്കുന്നു.

കേരളത്തിൻെറ സംയോജനത്തിന്ന് ഓരോ കേരളസന്താനവും ആഗ്രഹിക്കുന്നു. അതിനുള്ള സകല പരിതഃസ്ഥിതികളും വന്നു ചേർന്നിട്ടുമുണ്ട്. മൂന്നാക്കി മുറിച്ചിടുന്നതിലുള്ള (ബ്രി. മലബാർ, കൊച്ചി, തിരുവിതാംകൂർ) അജ്ഞതയേയും, തജ്ജന്യമായ വ്യഥാവ്യയത്തെയും ഓരോരുത്തരും കണ്ടുകഴിഞ്ഞു. പ്രകൃതിയുടെ ഹിതമാണ് കേരളത്തിൻെറ ഐക്യം. 'വാരാശി തന്നൊട്ടുവിലെ ശ്ശിശുവായ കേരളത്തെ' സുരക്ഷിതമായി സൂക്ഷിക്കുന്ന സഹ്യനോടും അറബിക്കടലിനോടും ചോദിക്കുക. വിദേശാക്രമണങ്ങളെ കേരളത്തിനുവേണ്ടി—അതിലെ വിവിധ വിഭാഗങ്ങൾക്കു വേണ്ടിയല്ല—ചെറുത്തു നിന്നിട്ടുള്ളവരാണ് അവർ രണ്ടുപേരും.

"വിയതിതരുകദംബം മുമ്പുഞാൻ മുമ്പുഞാനെ—
ന്നുയരുമമലശൈത്യം വാച്ചനിൻ കാനനങ്ങൾ"

കേരളത്തിൻെറ ഒരു മൂലയിൽ മാത്രമല്ല ഉള്ളതു്. പേരാറും പെരിയാറും നനച്ചുണ്ടാക്കുന്ന ആരാമത്തിലെ കനികൾ ഭക്ഷിച്ചുപാടുന്ന തങ്കവർണ്ണക്കിളികൾ കേരളക്കരയിലങ്ങോളമിങ്ങോളം തത്തിക്കളിക്കുന്നുണ്ടു്. സ്വർണ്ണകുംഭങ്ങൾ താങ്ങുന്നതെങ്ങുകൾ കേരളത്തിലെവിടേയും അതിഥിപൂജക്കുതയ്യാറായ 'കാരണവരെ'പ്പോലെ നില്പുണ്ടു്. താംബൂലദാനത്തിനു സന്നദ്ധരായി കവുങ്ങുകൾ ആനന്ദപൂർവ്വം ആടുന്നതു് എവിടേയും കാണാം. കേരളത്തിൻെറ അവയവങ്ങൾ അരുത്തിടുന്നതു് പ്രകൃതീദേവിക്കസഹ്യമാണ്.

സംയുക്തകേരളത്തിന്റെ നേട്ടങ്ങൾ. കേരളത്തെ ഏകീകരിക്കുന്നതുകൊണ്ടുള്ള നേട്ടങ്ങളെന്താണെന്നു് പര്യാലോചിക്കുന്നതു് സന്ദർഭോചിതമായിരിക്കും. ഒന്നേകാൽക്കോടി ജനങ്ങളാണ് — ബുദ്ധിയിലോ വിദ്യാഭ്യാസത്തിലോ, സംസ്കാരത്തിലോ, ധനസ്ഥിതിയിലോ, പരിശ്രമത്തിലോ മറേറതൊരു ജനതതിയേക്കാളും മോശമല്ലാത്ത ഒരു ജനവിഭാഗമാണ് — ഇന്നു കേരളത്തിലുള്ളതു്. അവരുടെ ഏതു തരത്തിലുള്ള അഭിവൃദ്ധിയും ഈ ഭൂവിഭാഗത്തിന്റെ ഐക്യത്തിൽ സ്ഥിതിചെയ്യുന്നു.

കേരളം—ഒരു പ്രത്യേകസംസ്ഥാനം. ഇന്നത്തെ കേരളത്തിന്റെ സ്ഥിതി, മദിരാശിസംസ്ഥാനത്തിലെ ഒരു ജില്ല, നാട്ടുരാജാക്കന്മാരുടെ കീഴിലുള്ള രണ്ടു കൊച്ചുരാഷ്ട്രങ്ങൾ, ഇവയടങ്ങിയ ഒരു ഭൂഭാഗം എന്നതാണല്ലോ. ബ്രിട്ടീഷുമലബാറിൽ, മദിരാശിസംസ്ഥാനത്തിൽ ഒട്ടാകെ വരുത്താവുന്ന ഭരണപരിഷ്കാരങ്ങൾ മാത്രമേ വരുത്താൻ കഴികയുള്ളു. അതിന്നു് പ്രത്യേകമായ ആശകളുണ്ടായിരിക്കാം. എന്നാൽ അതെല്ലാം അടക്കിയൊതുക്കി വെക്കുവാനേ ഇന്നു തരമുള്ളു. കൊച്ചിയിലും തിരുവിതാംകൂറിലും മാത്രം പരിഷ്കാരങ്ങൾ വന്നുകൊള്ളട്ടെ. കേരളത്തിനെന്താണൊരു മെച്ചം? തലയും ഉടലും നല്ലവണ്ണം പോഷിപ്പിച്ചു, കാലിനു മാത്രം യാതൊരു രക്ഷയുമില്ലെങ്കിൽ കിടന്നേടത്തു കിടക്കുകതന്നെയല്ലേ ഗത്യന്തരമുള്ളു ?

അതിനാൽ കേരളം ഏകസംസ്ഥാനമാക്കിത്തീർക്കുകയും പരിഷ്കാരങ്ങൾ കേരളത്തിലെവിടേയും ഏകരീതിയിൽ വ്യാപരിപ്പിക്കുകയും ചെയ്താലേ കേരളം കേരളമാകയുള്ളു. മാർത്താണ്ഡവർമ്മമഹാരാജാവും മാനവിക്രമന്മാരും കേരളത്തെ ഏകാധിപത്യത്തിൽ കൊണ്ടുവരാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ അതു് രാജാധിപത്യത്തിൽക്കൂടിയായിരുന്നു; പ്രജാധിപത്യത്തിൽക്കൂടിയായിരുന്നില്ല. വാളിന്റെ ശക്തി അതു് വീശിക്കഴിയുന്നതോടുകൂടിത്തന്നെ അസ്തമിച്ചു. ജനാധിപത്യത്തിൻകീഴിൽ ഒരു സുവർണ്ണദശയുണ്ടായിരുന്ന കേരളത്തിന്നു്. രക്ഷാപുരുഷന്മാരും, തളിയാതിരിമാരും, പെരുമാക്കന്മാരും അന്നത്തെ സ്വാതന്ത്ര്യം ദുസ്സ്വാതന്ത്ര്യമാക്കിതീർത്തു. അതിന്റെഫലമാണ് കേരളഭൂമി ഇന്നും അനുഭവിക്കുന്ന കഠിനയാതന. കേരളത്തെ ഏകീകരിക്കുകയാണെങ്കിൽ ഇത്തരത്തിലുള്ള ഒരു പരിണാമം ഇനി ഉണ്ടാകാതിരിക്കാൻ ഇപ്പോൾതന്നെ ശ്രദ്ധിക്കേണ്ടതാണ്. ജനാധിപത്യമായിരിക്കണം — ഫണം പൊക്കിയ പാമ്പുപോലെ ചീററിക്കൊണ്ടിരിക്കുന്ന ജനാധിപത്യമല്ല; മുതലാളിത്തം സൂത്രധാരത്വംവഹിക്കുന്ന പ്രജാധിപത്യമല്ല; സമത്വസുന്ദരവും സമാധാ

നപൂൎണ്ണവുമായ ഒരന്തരീക്ഷത്തെ സൃഷ്ടിക്കുന്ന ജനാധിപത്യമായിരിക്കണം—കേരളത്തിൻെറ ലക്ഷ്യം. പ്രതിഭാശാലികളായ നേതാക്കൾ നമുക്കുണ്ടെന്ന് വ്യക്തമാക്കിത്തന്നു, ഈ കഴിഞ്ഞ കാലഘട്ടം. 'പണിക്കരും' 'മേനോനും' മററും വിദേശാന്തരീക്ഷങ്ങളിൽ അൎത്ഥംതിരിയാത്ത ചില പദങ്ങൾ മാത്രമല്ല, ഇന്ന്. കേരളത്തിൻെറ ആന്തരഭരണരീതി നിശ്ചയിക്കുവാനും നിശ്ചയിച്ചതുപോലെ നടത്തുവാനും പ്രാപ്തരായ കേരളീയർ ഇന്നിവിടെയുണ്ട്. ഒരു പ്രത്യേകസംസ്ഥാനമാക്കത്തക്കവണ്ണമുള്ള ജനബാഹുല്യവും നമുക്കുണ്ടെന്ന് കണ്ടുകഴിഞ്ഞു. അതിനാൽ ഒരു പ്രത്യേകസംസ്ഥാനത്തിനുള്ള ആഗ്രഹം അസ്ഥാനത്തുള്ളതോ, കേവലം വനരോദനമായിപ്പരിണമിക്കത്തക്കവണ്ണം അൎത്ഥരഹിതമോ അല്ലതന്നെ.

കേരളത്തെ പ്രത്യേകസംസ്ഥാനമാക്കുന്നതുകൊണ്ട് കാൎഷികമായും, വൈയവസായികമായും ഭാരതത്തിനുതന്നെ ഉത്കർഷമുണ്ടാകാനാണ് വഴിയുള്ളത്. സ്വയം സമ്പൂൎണ്ണതയായിരിക്കണമല്ലോ ഓരോ സംസ്ഥാനത്തിൻേറയും ലക്ഷ്യം. ഉൽപന്നങ്ങളുടെ സമൃദ്ധി, ഉൽപാദകരുടെ ഉത്സാഹം, ഉൽപാദനത്തിനു സഹായകമായ പരിതഃസ്ഥിതികൾ ഇവയൊന്നുംതന്നെ കേരളത്തിൻെറ കാര്യത്തിൽ നിരാശാജനകമല്ല. കേരളത്തിലെ ഇന്നത്തെ കാർഷികസ്ഥിതി ഒട്ടും പൂൎണ്ണമായിട്ടുള്ളതല്ല. ഗവൎമ്മേണ്ടിന്—ജനങ്ങളുടെ ഗവൎമ്മേണ്ടിന്—ഇക്കാൎയ്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കാനുള്ള സൌകൎയ്യം സൃഷ്ടിക്കുവാൻ ഒരു പ്രത്യേകസംസ്ഥാനമെന്ന നില കേരളത്തെ വളരെ സഹായിക്കും.

വ്യവസായത്തിൻെറ ഗതിയും ഇതുതന്നെ. കുടിൽ വ്യവസായങ്ങളും യാന്ത്രികവ്യവസായങ്ങളും എല്ലാം ആശാസ്യമായ നിലയിലല്ല ഇന്നു കേരളത്തിൽ. വിദ്യാസമ്പന്നർ ഇന്നു കേരളത്തിൽ ഇല്ലാഞ്ഞിട്ടാണോ? അവരുടെ ആവശ്യം കേരളത്തിലില്ലാഞ്ഞിട്ടാണോ? എത്ര മലയാളികൾ അവരുടെ ആദായത്തെ വിദേശഭൂമികളിൽ വിതച്ച് മടങ്ങിപ്പോരുന്നു! ഇതിനെല്ലാം കാരണം, കേരളത്തിന്നു സ്വന്തമായ ഒരു ഭരണകൂടമില്ലാത്തതു തന്നെയാണ്.

<u>കേരളസൎവ്വകലാശാലാസ്ഥാപനം.</u> കലാപോഷണം, സംസ്കാരസംരക്ഷണം, വിദ്യാപ്രദാനം മുതലായവയെല്ലാം ഒരു കലാശാലയുടെ പ്രവൎത്തനപരിധിക്കുള്ളിൽ അടങ്ങിയിരിക്കുന്നു. ഇന്ന് തിരുവിതാംകൂറിൽ ഒരു സൎവ്വകലാശാലയുണ്ട്. എന്നാൽ കേരളസംസ്കാരപരിപോഷണത്തിലോ, കേരളീയ കലാപോഷണത്തിലോ അതിൻെറ പ്രവൎത്തനം എത്തുന്നത് പരിപൂൎണ്ണമായ നിലയിലാണെന്നു പറഞ്ഞുകൂടാ. ശിര

സ്സിൽമാത്രം അണിഞ്ഞ ആഭരണം ശരീരത്തെ മുഴുവൻ അലങ്കരിക്കുകയില്ലല്ലോ. ആ കലാശാലതന്നെ മതി, ഒരു കേരളസർവ്വകലാശാലയായി ഉയർത്തപ്പെടുകയാണെങ്കിൽ, അതിൻെറ സൽഫലങ്ങൾ ഉതിർത്തുവാൻ.

കേരളത്തിൻെറ ഏകീകരണം അതിൻെറ സർവ്വതോമുഖമായ അഭിവൃദ്ധിക്കു നിദാനമാണെന്നു് നാം കണ്ടുകഴിഞ്ഞു. എന്നാൽ, നൂതനമായ ആശയം, വിപ്ലവങ്ങൾ ഉണ്ടാക്കുവാനുള്ള ഒരു സന്ദർഭം, ഇവയായിരിക്കരുതു്, ഈ ആശയത്തിൻെറ പ്രായോഗികതയെക്കുറിച്ചു് വാദിക്കുവാനുള്ള പ്രേരകശക്തികൾ. കലർപ്പറ്റ ദേശഭക്തിയായിരിക്കണം, ജാതിമതഭേദമെന്യേ ഏതു കേരളീയൻെറയും ഉദ്ഗതിയിലുള്ള കാങ്ക്ഷയായിരിക്കണം, ഓരോരുത്തർക്കും ആവേശം നൽകേണ്ടതു്. 'ഏച്ചുകൂട്ടിയാൽ മുഴച്ചിരിക്കുക'യേ ഉള്ളു. ബാഹ്യമായ സംയോജനം യഥാർത്ഥമായ ഐക്യമല്ല. ആന്തരമായ ഐക്യത്തോടുകൂടാത്ത ബാഹ്യമായ ഐക്യം പൊള്ളയത്രെ. അതു് ശാശ്വതമല്ല. സംയുക്തകേരളത്തിലെ പ്രജയ്ക്കു്, കൊച്ചിക്കാരനെന്നോ, തിരുവിതാംകൂറുകാരനെന്നോ, ബ്രിട്ടീഷുമലബാറുകാരനെന്നോ അപരനാമധേയം ഉണ്ടായിക്കൂടാ. കേരളീയനാണെന്ന ചിന്ത അയാളുടെ ഹൃദയത്തിൽ ദൃഢമൂലമായിരിക്കണം. അങ്ങിനെയാണെങ്കിൽ മാത്രമേ ഈ ഐക്യം സഫലമാകയുള്ളു. മാത്രമല്ല, ഈ നിമിഷത്തിൽ ഉത്ഭവിക്കുകയും അടുത്തനിമിഷത്തിൽ അന്തർദ്ധാനം ചെയ്യുകയും ചെയ്യുന്ന ആവേശമായിരിക്കരുതു് നമ്മെ നയിക്കുന്നതു്. കേരളത്തെ മൂന്നു വിഭാഗമായിക്കാണുവാൻ കഴിയുന്ന ചിന്തകരോ, കവികളോ, ദേശാഭിമാനികളോ ഉണ്ടായിട്ടില്ല.

'ഭാരതമെന്നപേർ കേട്ടാലഭിമാന-
പൂരിതമാകണമന്തരംഗം.
കേരളമെന്നു കേട്ടാലോ തിളയ്ക്കണം
ചോരനമുക്കു ഞരമ്പുകളിൽ'

എന്നിങ്ങനെയാണു് കവികൾ നമ്മോടു പറയുന്നതു്.

"ജയജയ ജയജയ ജയജയ ജനനീ!
ജനനീ! മാമക കേരളധരണീ!"

ഇങ്ങനെ ഭക്തിപൂർവ്വം മാതാവിനെ ഏകയായി കാണുവാനേ ഹൃദയാലുക്കൾക്കു് കഴിഞ്ഞിട്ടുള്ളു. കേരളത്തിൻെറ അപദാനങ്ങളിലാണു്, പ്രത്യേകവിഭാഗങ്ങളുടെ അപദാനങ്ങളിലല്ല, നമ്മുടെ ഹൃദയം തുടിക്കേണ്ടതു്.

വിപുലമായ ചിന്താഗതിയോടുകൂടിയുള്ള കേരളസന്താനങ്ങളായിത്തീരണം ഓരോരുത്തരും. എന്നാൽ മാത്രമേ

" ............ അബ്ധികാഞ്ചിക്കനീയേ
മുടിനടുവിൽവിളങ്ങും മുഖ്യമാണിക്യരത്നം"

എന്ന് ഗോകർണ്ണംമുതൽ കന്യാകുമാരിവരെ, 'ശ്രീക്കേററ ലാസ്യപദമായ്' വിളങ്ങുന്ന സഹ്യന്റെ തണലിൽ, 'മാർല്ലേയമന്ദമാരുതനാൽ പരിലാളിതനായിക്കൊണ്ട്', അറബിക്കടൽ ആനന്ദപൂർവ്വം നൽകുന്ന വെൺനുരച്ചേലയുടുത്ത് വിശ്രമിക്കുന്ന നമ്മുടെ മാതാവിന്നെ ഉദ്ദേശിച്ച് അഭിമാനപൂർണ്ണരായി, ആവേശഭരിതരായി, ഉച്ചരിക്കാൻ നമുക്കു കഴികയുള്ളൂ.

# ലെനിൻ *

( പി. പീതാംബരൻ കുട്ടൻ Cl. III )

ലെനിൻ! അദ്ദേഹത്തെ ചിത്രീകരിയ്ക്കുക ഏതു വലിയ സാഹിത്യകാരനും അസാദ്ധ്യമാണ്; എന്നാൽ ഏതു മന്ദബുദ്ധിയ്ക്കും അദ്ദേഹത്തെ മനസ്സിലാക്കുവാൻ കഴിയും. അത്രയും ലളിതവും സ്പഷ്ടവുമായിരുന്ന അദ്ദേഹത്തിന്റെ വാക്കുകളോരോന്നും. സാമ്പത്തികവും സാമുദായികവുമായ സമത്വത്തിൽ വിശ്വസിച്ച്, മർദ്ദിതരും അധഃകൃതരുമായ അനേകലക്ഷം ജനങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി അനവരതം അടരാടിയ ആ പടയാളിയുടെ പ്രശസ്തി, റഷ്യയിലെന്നല്ല, ലോകത്തിലെവിടേയും എല്ലാകാലത്തും, നിലനില്ക്കും. ലോകാഭ്യുദയത്തിന്നുവേണ്ടി, ജീവിതസുഖങ്ങളെ നിശ്ശേഷം ത്യജിച്ചു പണിയെടുത്ത ഒരു വ്യക്തിയായിരുന്നു ലെനിൻ.

"ഗോക്കി അദ്ദേഹത്തിന്റെ ചിത്രം വരയ്ക്കുകയാണ്:— അന്നാണു ഞാൻ അദ്ദേഹത്തെ ആദ്യമായി കണ്ടതു്. വളരെ കുറച്ചേ ഞാനദ്ദേഹത്തെപ്പററി വായിച്ചിരുന്നുള്ളൂ; എങ്കിലും, ആ മഹാനെ നേരിട്ടറിഞ്ഞിട്ടുള്ളവരുടെ പ്രതീക്ഷാപൂർണ്ണങ്ങളായ അഭിപ്രായങ്ങൾ, അദ്ദേഹത്തിലേയ്ക്കുന്നെ എന്നും ആകർഷിച്ചുകൊണ്ടിരുന്നു. സമ്മേളനാനന്തരം തമ്മിൽ പരിചയപ്പെട്ടപ്പോൾ, ആ കൃത്ത കണ്ണുകൾ ഒന്നു വിടത്തി എന്നെ പരിശോധിച്ചിട്ട്, അദ്ദേഹം നേരംപോക്കായി പറഞ്ഞു. "ഗോക്കി നിങ്ങളൊരു കലഹപ്രിയനാണ്, അല്ലേ? നന്നായി. അടുത്തുതന്നെ ഒരു വലിയ സമരം ആരംഭിക്കുന്ന മട്ടുണ്ട്."

* മാക്സിം ഗോക്കിയുടെ ലേഖനത്തിൽനിന്നു്.

"എനിക്കുതോന്നി, അദ്ദേഹത്തിന് എന്തോ ഒരു കുറവുണ്ടെന്ന്. കയ്യുംകെട്ടി നില്ക്കുന്നതു കണ്ടാൽ, അദ്ദേഹം പൂർണ്ണതൃപ്തനാണെന്നുതോന്നും. സാധാരണക്കാരിലും സാധാരണക്കാരനായിരുന്നു ലെനിൻ; ഒരു നേതാവിനു വേണ്ട ഗാംഭീര്യം ഞാനദ്ദേഹത്തിൽ കണ്ടില്ലെങ്കിലും, ആ ലഘു സംഭാഷണം എനിക്ക് അമൂല്യമായിരുന്നു"

* "റോസാ ലക്സംബർഗ് അയിരുന്നു സമ്മേളന*ത്തിലന്ന് ആദ്യം പ്രസംഗിച്ചത്. ഉജ്ജ്വലമായിരുന്ന ആ പ്രസംഗത്തിനുശേഷം, "സഖാക്കളേ!" എന്ന് പതിഞ്ഞ സ്വരത്തിൽ ലെനിൻ പ്രസംഗമാരംഭിച്ചു. തുടക്കം കേട്ടപ്പോൾ പ്രസംഗം ആകർഷകമാകുമെന്ന് എനിക്കു തോന്നിയില്ല. എന്നാൽ ജനതയെ ഇളക്കുവാനുള്ള സാമർത്ഥ്യം ലെനിനുണ്ടെന്നു എനിക്കു വേഗം മനസ്സിലാക്കുവാൻകഴിഞ്ഞു. പ്രസംഗം തുടങ്ങിയിട്ടു അഞ്ചുമിനിട്ടുപോലുമായില്ല, ആ വിശാലമായ ഹാളിൽ കൂടിയിട്ടുള്ള സകലജനങ്ങളും അദ്ദേഹത്തിൻെറ പ്രസംഗത്തിൽ മുഴുകിക്കഴിഞ്ഞിരുന്നു! അതിഗഹനങ്ങളായ രാഷ്ട്രീയപ്രശ്നങ്ങൾ അത്ര ലളിതമായി വിശദമാക്കുന്ന ഒരു പ്രസംഗം ഞാനതുവരെ കേട്ടിട്ടില്ല. മധുരപദങ്ങൾ കൊള്ളു പരക്കംപാച്ചിലല്ല; ആദർശങ്ങൾ വ്യക്തമാക്കുന്ന ഒരു മനോഹര പ്രഭാഷണരീതിയാണ് എനിക്കന്ന് അനുഭവപ്പെട്ടത്.

"ലെനിൻെറ ആത്മവിശ്വാസത്തോടുകൂടിയ ആ നില ജീവിതകാലം മുഴുവനും എൻെറ മനസ്സിൽ മായാതെ കിടക്കും. നീട്ടിപ്പിടിച്ചിരുന്ന അദ്ദേഹത്തിൻെറ കയ്യുകൾ ഓരോ വാക്കിൻേറയും ശക്തിയെ ദ്വിഗുണീകരിച്ചുകൊണ്ടിരുന്നു. എതിരാളികളുടെ ദുരഭിപ്രായശതങ്ങളുടെ അടിസ്ഥാനത്തെത്തന്നെ ഇളക്കിമറിച്ച്, ഉത്തേജകങ്ങളായ സ്വമതങ്ങൾ അവശന്മാൎക്കുവേണ്ടിയും അധഃകൃതൎക്കുവേണ്ടിയും കെട്ടിപ്പടുത്ത ആ പ്ലാനുകൾ, ലളിതമായി സദസ്യൎക്കു മനസ്സിലാക്കിക്കൊടുക്കുവാൻ അദ്ദേഹത്തിന്ന് യാതൊരു ബുദ്ധിമുട്ടും തോന്നിയിരുന്നില്ല. ജന്മിമുതലാളിമാരുടെ മർദ്ദനങ്ങൾകൊണ്ട് കഷ്ടപ്പെടുന്ന കർഷകത്തൊഴിലാളിവൎഗ്ഗത്തെ സമത്വസുന്ദരമായ സമുദായത്തിലേക്ക് ഉയൎത്തുവാനുള്ളതായിരുന്നു ആ പ്ലാനുകൾ."

"തൊഴിലാളികൾ മററു യാതൊരുവൎഗ്ഗത്തിൻെറയും പിന്നിൽ കഴിയുവാനുള്ളവരല്ലെന്നു ലെനിൻ പ്രഖ്യാപിച്ചു. ജോലിചെയ്യുന്നവരിലായിരിക്കണം പരമാധികാരമെന്ന് അന്നദ്ദേഹം വാദിച്ചു. ഇതെല്ലാം എനിക്കു പുത്തരിയായിരുന്നു; ലെനിനല്ല, ചരിത്രത്തിൻെറ തെററുപ

---

* ലെനിൻെറ ഒരു സഹപ്രവൎത്തക.

* 1907-ൽ കൂടിയ "റഷ്യൻ സോഷ്യൽ ഡെമാക്രാററിക്കുപാർട്ടി"യുടെ അഞ്ചാം സമ്മേളനം.

ററാത്ത ആ വശങ്ങളാണ് ഈ പാഠത്തെ വിളിച്ചുപറയുന്നതെന്ന എനിക്കു തോന്നി. മററുള്ളവരാണ് അന്ന് അധികംസമയം പ്രസംഗിച്ചതു്. പക്ഷേ സദസ്യക്കു കാര്യമധികം മനസ്സിലായതു് ലെനിൻെറ പ്രസംഗംകൊണ്ടാണ്. എൻെറ പിന്നിൽ ഇരുന്നിരുന്ന ഒരു മാന്യൻ പറഞ്ഞു. "ഈയാറംക്കു് കാര്യം പറയാൻ അറിയാം." വാസ്തവമായിരുന്നു; വളച്ചുകെട്ടി അഭിപ്രായങ്ങറം പറയുക അദ്ദേഹത്തിനറിഞ്ഞുകൂടാ നേർവഴിയിലൂടെ, യാതൊന്നും മറച്ചുവയ്ക്കാതെ, നിർഭയനായി കാര്യം തുറന്നുപറയുവാനേ അദ്ദേഹം പഠിച്ചിട്ടുള്ളൂ."

* * * * *

"ഒഴിവുസമയങ്ങറം അദ്ദേഹം തൊഴിലാളികളുടെ ഇടയിൽ കഴിച്ചുകൂട്ടുക പതിവാണ്. തൊഴിലാളികളുടെ വിവരങ്ങറം അദ്ദേഹം അവരോടു വിശദമായി ചോദിച്ചറിയും. ഒരുകൂട്ടം തൊഴിലാളികറം ഒരിക്കൽ ലെനിനെ നേരിട്ടു കണ്ടതിനുശേഷം അവരിലൊരാറം പറയുകയാണ്; "യൂറോപ്പിൽ ഇദ്ദേഹത്തേക്കാറം ബുദ്ധിമാന്മാരായ മഹാന്മാരെക്കണ്ടെന്നുവരാം. എന്നാൽ ഒന്നു തീർച്ചയാണ്; അദ്ദേഹത്തിനുള്ളതുപോലെ വശീകരണശക്തി ഞാൻ വേറെ ആരിലും കണ്ടിട്ടില്ല!"

ലെനിൻ ഒരു ശുദ്ധഗതിക്കാരനായിരുന്നു. ആ ശുദ്ധമനോഭാവമായിരുന്നു മനുഷ്യരെ അദ്ദേഹത്തിലേക്കു് എന്നും ആകർഷിച്ചുകൊണ്ടിരുന്നതു്.

* * * * *

"അതിനുശേഷം ഞാൻ ലെനിനെ കണ്ടതു് * കാപ്രിയിൽവച്ചായിരുന്നു. അന്ന് ലെനിനാകപ്പാടെ ഒന്നു മാറിയിരുന്നു. സുസ്മേരവദനനായി, ശാന്തഹൃദയനായി, ഒടുങ്ങാത്ത ആകാംക്ഷയോടെ, അവിടെയുള്ള ഓരോ മുക്കുവന്മാരോടും അവരുടെ നിത്യജീവിതത്തിലെ ഓരോരോ സംഭവങ്ങറം അദ്ദേഹം അത്യുൽക്കണ്ഠയോടെ ചോദിച്ചുകൊണ്ടിരുന്നു. ഇങ്ങനെ എല്ലാജനങ്ങളുടേയും പിന്തുണയുണ്ടായിരുന്നിട്ടും യാതൊരു അഹങ്കാരവുമില്ലാതെ, പട്ടിണിപ്പാവങ്ങളുടെകൂടെ, സോല്ലാസം സംസാരിക്കുവാനും അവരുടെയിടയിൽ കഴിഞ്ഞുകൂടുവാനുമുള്ള സന്നദ്ധത ദുർല്ലഭമായേ നേതാക്കളിൽ നാം കാണാറുള്ളൂ."

പ്രകൃത്യാതന്നെ, ലെനിൻ നിർഭയനായിരുന്നു. എന്നാൽ, പണത്തിനുവേണ്ടി പടവെട്ടുന്ന പരുക്കൻപടയാളിയുടേതായിരുന്നില്ല ആ

---

* ഇററലിയിലെ ഒരു തീരപ്രദേശം.

പേടിയില്ലായ്മ. സ്വന്തം ആദൎശങ്ങളിൽ അടിയുറച്ച വിശ്വാസമുള്ള, ജനങ്ങളോടുള്ള ബാദ്ധ്യതകളെപ്പററി തികച്ചും അറിയാവുന്ന, മൎദ്ദിതജനങ്ങളുടെ അധികാരങ്ങളേയും അവകാശങ്ങളേയും നിൎഭയനായി നിൎദ്ദേശിച്ചിരുന്ന, സ്വന്തം നാട്ടിന്റെ സ്വാതന്ത്ര്യത്തിന്നുവേണ്ടി സദാ സമരം ചെയ്യുന്ന, ഒരു വീരപടയാളിയുടെ ധൈൎയ്യമായിരുന്നു അതു്. ശത്രുക്കളുടെ സ്ഥിതിയറിയുവാൻ അദ്ദേഹത്തിന്നുള്ള സാമത്ഥ്യം പ്രശംസാവഹമാണു്. ഒരേ ഉത്സാഹത്തോടെ ലെനിൻ ചതുരംഗം കളിക്കും; വളരെ നേരം കൂട്ടുകാരുമായി വാദിച്ചുകൊണ്ടിരിക്കും; 'കാപ്രി'യിലെ കല്ലുനിറഞ്ഞ വഴികളിൽക്കൂടെ ഒററയ്ക്കു നടന്നുപോകും; വെയിലത്തു വിയത്തൊലിച്ചു കളിക്കുന്ന കൂലിക്കാരുടെ കുഞ്ഞുങ്ങളെ അനുകമ്പാപൂൎവ്വം നോക്കിക്കൊണ്ടിരിക്കും."

"1919-ൽ റഷ്യയിൽ എല്ലായിടത്തും പടൎന്നുപിടിച്ച ക്ഷാമകാലത്തു്, വളരെ മനസ്സില്ലാമനസ്സോടെയാണു്, കൃഷിക്കാരും പട്ടാളക്കാരുമായിട്ടുള്ള അദ്ദേഹത്തിന്റെ ലക്ഷോപലക്ഷം സ്നേഹിതന്മാർ അയച്ചിരുന്ന ഭക്ഷ്യപദാൎത്ഥങ്ങൾ ലെനിൻ കഴിച്ചിരുന്നതു്. ഒരുദിവസം അദ്ദേഹം എന്നെ ഉണ്ണാൻ ക്ഷണിച്ചു. അന്നു് എന്നോടു അദ്ദേഹം:— "ഇതാ, നോക്കൂ. ഓരോരുത്തർ അയച്ചിട്ടുള്ള ഇതൊക്കെക്കണ്ടാൽ തോന്നും, ഞാനൊരു പ്രഭുവാണെന്നു് അവർ വിചാരിച്ചിട്ടുണ്ടെന്നു്! അവരെത്തടഞ്ഞാൽ അതവൎക്കു അസഹ്യമായിരിക്കും; തടഞ്ഞില്ലെങ്കിലോ? എനിക്കും! പട്ടിണിയുടെ നടുക്കു് വയറു നിറയ്ക്കുവാൻ എനിക്കാഗ്രഹമില്ല."

ലെനിൻ പുകവലിച്ചിരുന്നില്ല. ലഹരിപദാൎത്ഥങ്ങളും അദ്ദേഹം വൎജ്ജിച്ചിരുന്നു. വെളുപ്പുമുതൽ കറുപ്പുവരെ അക്ഷീണം പ്രയത്നിക്കുവാൻ അദ്ദേഹത്തിന്നു യാതൊരു ക്ലേശവും തോന്നിയിരുന്നില്ല.

സ്വന്തം കാൎയ്യങ്ങളെപ്പററി അദ്ദേഹത്തിന്നു ഒട്ടും ചിന്തയുണ്ടായിരുന്നില്ല. അവയെപ്പററി അന്യരോടു പറയുവാൻപോലും അദ്ദേഹം മടിച്ചിരുന്നു. ശിശുക്കളെപ്പററി ലെനിനു് വലിയ ഉൽക്കണ്ഠയായിരുന്നു. ഭാവിയിലെ ഉത്തമ പൌരന്മാരാക്കി അവരെ വളൎത്താനുള്ള മാൎഗ്ഗങ്ങൾ അദ്ദേഹം ഗാഢമായി ആലോചിച്ചുകൊണ്ടിരുന്നു. എന്നാൽ അവരുടെയിടയിൽ കൂടുമ്പോൾ അദ്ദേഹവും ഒരു കുട്ടിയാണു്; അവരോടൊപ്പം കളിക്കും; ചിരിക്കും. അത്രക്കു് വാത്സല്യമായിരുന്നു കുട്ടികളോടു അദ്ദേഹത്തിനു്. ഒരിക്കൽ ചില കൊച്ചുകുഞ്ഞുങ്ങളെ താലോലിച്ചുകൊണ്ടു്, അദ്ദേഹം പറഞ്ഞു "ഇവരുടെ ഭാവി വളരെ ശോഭനമായിരിക്കും; നമ്മൾക്കനുഭവിക്കേണ്ടി വന്ന കഷ്ടപ്പാടുകളെ ഇവൎക്കു് നേരിടേണ്ടി വരില്ല" അക

ലെ സ്ഥിതിചെയ്യുന്ന കുന്നിന്മേൽനോക്കി, വിഷാദാത്മകമായ സ്വര ത്തിൽ അദ്ദേഹം തുടൎന്നു. "എന്നാൽ എനിക്ക് അവരോടു ഒട്ടുംതന്നെ അസൂയയില്ല; നമ്മുടെ തലമുറയാണ് സ്വാതന്ത്ര്യ റഷ്യയുടെ അസ്തിവാര മിട്ടതു്. ലോകം നിലനില്ക്കുന്നിടത്തോളം കാലം നമ്മുടെ തലമുറ നിൎവ്വ ഹിച്ച വീരകൃത്യങ്ങളും നിലനില്ക്കും. ഞാനതിൽ അഭിമാനം കൊള്ളുന്നു; ആവേശത്തോടെ അഭിമാനം കൊള്ളുന്നു."

"എതിരാളികളുമായി വാദിക്കുമ്പോൾ ലെനിന് ഇടയ്ക്കു് അരിശം കേറും. അപ്പോൾ അദ്ദേഹം ചുട്ടുപഴുത്ത മൎമ്മം മുറിക്കുന്ന വാക്കുകൾ ധാരാളമായി പ്രയോഗിക്കുകയും ചെയ്യും. ഇങ്ങിനെ ചെയ്യുന്നതു് അവ രുടെ പേരിൽ കറ വെച്ചുകൊണ്ടല്ല; അവർ നിർദ്ദേശിക്കുന്ന മാൎഗ്ഗങ്ങളാ ണ് ഉദ്ദേശസാദ്ധ്യത്തിന് ഏററവും എളുപ്പം എന്നു കണ്ടാൽ, അദ്ദേഹ വും ആ വഴിയിൽക്കൂടിപ്പോവും; ശത്രുക്കളെ ഒട്ടും പേടിക്കാതെ മുമ്പോട്ടു വച്ച കാൽ പിന്നോട്ടു വലിക്കാതെ അദ്ദേഹം പാഞ്ഞുകയറും."

ജീവിതത്തിൽ വളരെക്കാലം അദ്ദേഹത്തിന്നു റഷ്യക്കുപുറത്തു് താമ സിക്കേണ്ടി വന്നിട്ടുണ്ടു്. "രാജദ്രോഹ"ക്കുററത്തിനു അദ്ദേഹത്തെ സൈ ബീരിയയിലേക്കു് നാടുകടത്തി. അവിടെനിന്നു ഒളിച്ചോടിപ്പോന്നു് മാർ ക്സിൻെറ തത്ത്വങ്ങൾ ലോകത്തിൽ പ്രചരിപ്പിക്കുവാൻ മടിവിട്ടു പ്രയ ത്നിച്ചു; കുറച്ചുകാലം ഇംഗ്ലണ്ടിൽ, കുറച്ചുകാലം ജൎമ്മനിയിൽ, കുറച്ചു കാലം ഇററലിൽ, പിന്നെ ഫ്റാൻസിൽ ഇങ്ങിനെ അദ്ദേഹം ഓടിക്കൊ ണ്ടിരുന്നു. എന്നാൽ അക്കാലങ്ങളിലെല്ലാം അദ്ദേഹത്തിൻെറ മനസ്സ് റഷ്യയിലായിരുന്നു. അവിടത്തെ ജനങ്ങളുടെ ശക്തി അദ്ദേഹത്തോളം ഗ്രഹിച്ചിട്ടുള്ളവർ വേറെയില്ല. റഷ്യയുടെ അഭിവന്ദ്യപിതാവാണ് ലെനിൻ റഷ്യയ്ക്കു് അദ്ദേഹത്തെ മറക്കുവാൻ കഴിയുകയില്ല; എന്നാണേ ക്കും ലെനിൻ, മരിച്ചു കഴിഞ്ഞു. റഷ്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി മിന്നിയ ആ ദീപം പൊലിഞ്ഞുപോയി; എങ്കിലും അദ്ദേഹം ചിതറിയ ആദർശപ്രകാശം റഷ്യയിലിന്നും അണഞ്ഞിട്ടില്ല.

# വീണ്ടും മാതൃസന്നിധിയിൽ

സി. ആർ. എൻ. എഴുത്തച്ഛൻ എം. എ. (പൂർവ്വവിദ്യാർത്ഥി) *

(പാന)

1. ഏറെനാൾ തൻകുടുംബം പുലത്തുവാൻ
ദൂരദിക്കുകൾ ചുററിയോരാത്മജൻ
കാത്തുവീട്ടിലിരിക്കും തൻമാതാവിൻ
കൈത്തലങ്ങളാലാശ്ലിഷ്ടനായ് വീണ്ടും!

ഏതുമാർനിത്യമമ്മിഞ്ഞ നല്കിയും
വീതസാദം പരിലാളനം തന്നും
ആത്തമോദമിവനെ വളത്തിയോ
അത്തിരുമാറിൽ വീണ്ടുമണവു ഞാൻ.

2. പിച്ചചൊല്ലി നടന്നനാളെന്നെയാർ
ഉച്ചരിപ്പിച്ചു ഭാഷപഠിപ്പിച്ചു,
ചോറുവാരിക്കളകയും മുററത്തെ
ച്ചേറുമേലൊക്കെത്തേയ്ക്കുയും ചെയ്തിട്ടും
ലോലപാണികൾ കൊണ്ടെനിയ്ക്കുണ്ണാനും
വേലചെയ്യാനുമാരു ശീലിപ്പിച്ചു,
പാവയോടും പിതാവിനോടും ഭേദ
ഭാവമെന്നിയേയൊന്നുപോൽ വത്തിയ്ക്കും
ബാലചിത്തം തെളിയിച്ചതിൽച്ചിന്താ
ശീലമാരു വളത്തിയല്പാല്പമായ്
സ്നേഹമൂത്തിയായീടുമമ്മാതാവിൻ
പാദപങ്കജം കുമ്പിട്ടിടുന്നു ഞാൻ.

3. മാതൃസന്നിധിപൂകിയ പുത്രനു
മാറിയപോലെ തോന്നുന്നു തൻഗൃഹം.
ചാരവേവന്ന സോദരിമാരൊക്കെ
യാരിതെന്നു പകച്ചത്രെ നോക്കുന്നു!
തെല്ലും ഞങ്ങളറികയില്ലെന്നല്ലീ
ചൊല്ലിടുന്നതിബ്ബാലർ തൻനോക്കുകൾ.

---

* ഇപ്പോൾ കലാലയത്തിൽ ഒരദ്ധ്യാപകനായി വന്നിരിക്കുന്നു.

നൂതനഭംഗിയാന്ന കളിക്കോപ്പു
ജാതകൌതുകം നീട്ടിക്കൊടുത്തുഞാൻ
പ്രീതരാക്കിടാമെൻ കൊച്ചുസോദരീ
സോദരന്മാരെയെന്നോൎത്തു പോകിലോ
നിഷ്ഫലം; അവയില്ലൊന്നുമെൻവശം;
ഇപ്പുറം വരവോക്കാപ്പുറത്തായി.
ആയതിന്നു ക്ഷമാപണം നിങ്ങളോ
ടായിരമുരുചെയ്യിടാമേട്ടൻ ഞാൻ.
സാവധാനം ഞാൻ നിങ്ങളോടോതിടാം
സാരമാംകഥ, മാതാവുചൊന്നവ
ലോകയാത്രയിൽ കൂട്ടതൽപാൎത്തും
'സാവകാശം'പറഞ്ഞു ഞാൻ തന്നിടാം.
അങ്ങനെസജ്ജരാക്കിടാം യാത്രയ്ക്കു
നിങ്ങളേയു, മിക്കൊച്ചേട്ടനെപ്പോലെ

4. ദൂരെഞാൻ പോയതിൽപിന്നെയെത്രയോ
സാരമാം മാററമുണ്ടിങ്ങു കാണുന്നു.
തങ്കം താപമകററിത്തണലേകു
മങ്കണത്തിലെത്തേന്മാവു കാണ്മീല.
എത്രനാം കൂട്ടരൊത്തുമേളിച്ചതിൻ
പത്രമേകുംതണലിൽ വാണീലഞാൻ?
എത്രയെത്ര സ്മരണയതിൻ ചുററും
പത്രം വീശിപ്പറന്നു കളിക്കുന്നു?
ആ മനോഹരശാഖി തൻ പാട്ടമി
ന്നീമണിമുററത്തേതുമേ കാണ്മീല.
ഇത്തൊടിയിലെ നാനാസ്ഥലികളിൽ
പുത്തനാം ചെടിയോരോന്നു ശോഭിപ്പൂ.
തൈത്തെങ്ങങ്ങിങ്ങായ് പട്ടവിരിവാന്നി
ട്ടുത്തരഭാഗത്താന്ന തോട്ടത്തിലോ
ഒന്നുരണ്ടാളുയരത്തിൽ തേങ്ങയു
മേന്തിനില്ക്കുന്നു ചെന്തെങ്ങു രണ്ടെണ്ണം.
തോട്ടം വിട്ടു ഞാൻ വീട്ടിന്നകത്തേയ്ക്കു
ദൃഷ്ടിവീണ്ടും തിരിച്ചയച്ചീടവേ

പുത്തനാം പരിചാരകരമ്മതൻ
ചുററിലുംവന്നു ചൂഴ്ന്നു കാണാകുന്നു.
പൂർവ്വരാകും ചിലക്കേഴും സ്ഥാനത്തു
പുത്തനാം ചില ചിത്രങ്ങൾ മാത്രമായ്.

5. കാലമീവിധം തൻകലാവേലക-
ളാലയത്തിലും തീർത്തുവെന്നാകിലും,
എട്ടുപത്തോളമായ്ക്കൊല്ലമിസ്ഥലം
വിട്ടുഞാൻ പോയിട്ടെന്നു വരികിലും,
മജ്ജനനിതൻ മൂർദ്ധാനനത്തിനു
ള്ളൂർജ്ജസ്സൊട്ടേറെ വർദ്ധിച്ചിട്ടേയുള്ളൂ.
മഞ്ജുവായ് മാതാവന്നും ധരിയ്ക്കുമാ
മഞ്ഞച്ചേലയ്ക്കും നല്ലൊരഴകിന്നും.
പൂണ്ടിടുന്നു ഞാൻ നിൻകാല്ക്കലെന്നമ്മേ;
വീണ്ടുംചെയ്വൂനമസ്കാരം സാഷ്ടാംഗം.

* * *

6. വിട്ടുവീണ്ടും ഞാൻ പോയിടാമെങ്കിലും
വിട്ടിടാ വീടും മാതാവുമെന്നുള്ളം.

# "റോക്കററ്"

(പി. എ. ഡാനിയൽ, B. Sc., പൂർവ്വവിദ്യാർത്ഥി)

ഹിരോഷിമായിലും, നാഗാസിക്കയിലും ആററംബോമ്പ് വീഴുന്നതിനുമുൻപ് നാശകരയന്ത്രങ്ങളിൽ സർവ്വപ്രാധാന്യമർഹിച്ചിരുന്നതാണ് ജർമ്മൻകാരുടെ 'വി' ആയുധങ്ങൾ. മിന്നൽപിണരുകളെപ്പോലെ ബ്രിട്ടന്റെ ദക്ഷിണഭാഗത്തു നിപതിച്ച് സംഹാരകൃത്യം നിർവ്വഹിച്ചിരുന്ന പ്രസ്തുതോപകരണങ്ങൾ പലരേയും പരിഭ്രാന്തചിത്തരാക്കി. യൂറോപ്പിന്റെ പശ്ചിമതീരത്തേക്കു പലഭാഗങ്ങളിൽനിന്നും പറന്നുവന്നിരുന്ന ഈ ആയുധങ്ങൾ വെറും 'റോക്കററുകൾ' അല്ലെങ്കിൽ വാണങ്ങൾ ആണെന്നു അനുമിക്കുവാൻ കഴിഞ്ഞെങ്കിലും അവയുടെ ഘടനാരീതിയെസംബന്ധിച്ച് പരിപൂർണ്ണപരിജ്ഞാനം സമ്പാദിക്കുവാൻ കഴിഞ്ഞതു കുറച്ചുകാലത്തിനുശേഷമാണ്. യൂറോപ്പുയുദ്ധം കഴിഞ്ഞതോടുകൂടി പലരാജ്യക്കാരും ജർമ്മൻകാരുടെ 'വി' ആയുധങ്ങളെ ആസ്പദമാക്കി വിവിധഗവേഷണങ്ങളിൽ ഏർപ്പെടുവാൻതുടങ്ങി. ഇംഗ്ലണ്ടിലും, ഫ്രാൻസിലും റോക്കററുകൾ ഉപയോഗിച്ചു ഗ്രഹങ്ങളിലേക്കു സഞ്ചരിക്കാമോ എന്നു ഗവേഷണങ്ങൾ നടത്തുമ്പോൾ, അമ്മേരിക്കയിൽ ജർമ്മൻകാരുടെ 'വി' ആയുധങ്ങളുടെ മാതൃകയിൽ നിർമ്മിച്ചിട്ടുള്ള റോക്കററുകൾ ഉപയോഗിച്ചു വിവിധവ്യോമതലങ്ങളെപ്പററി നിരീക്ഷണങ്ങൾ നടത്തുവാൻ ശ്രമിക്കുന്നു. ആസ്ത്രേലിയയിൽ റോക്കററുകൾ ഉപയോഗിച്ചു വളരെ രഹസ്യമായ പരീക്ഷണങ്ങൾ നടത്തുന്നു. റോക്കററുകളുടെ തത്ത്വത്തെ ആധാരമാക്കി നിർമ്മിക്കപ്പെട്ടിട്ടുള്ള 'ജെററ് പ്രൊപ്പൽഡ്' (Jet propelled) വിമാനങ്ങൾമുഖേനശബ്ദത്തിന്റെ വേഗത്തിൽ (മണിക്കൂറിൽ 740 മൈലോളം) ആകാശസഞ്ചാരം ചെയ്യുവാൻ എല്ലാ പരിഷ്കൃതരാജ്യക്കാരും ശ്രമിച്ചുകൊണ്ടിരിക്കുന്നു.

റോക്കററ് അല്ലെങ്കിൽ വാണം ഏതുരാജ്യക്കാരാണ് ആദ്യം പ്രയോഗിച്ചതെന്നു തീർത്തുപറയാൻ വേണ്ട രേഖകളില്ല. എങ്കിലും വളരെക്കാലങ്ങൾക്കു മുൻപുതന്നെ സമരരംഗങ്ങളിൽ വാണങ്ങൾ ഒരായുധമായി ഉപയോഗിച്ചിരുന്നുവെന്നു പറയപ്പെടുന്നു. രണാങ്കണത്തിൽ സൈന്യങ്ങളുടെനേക്ക് വാണങ്ങൾ കത്തിച്ചു വിട്ടിരുന്നു; ദുർഗ്ഗങ്ങളെ ആക്രമിക്കുന്നതിനു വാണങ്ങൾ മററു ആയുധങ്ങളേക്കാൾ പ്രയോജനപ്രദമായ ഒരു നശീകരണായുധമായി പണ്ടും അനുഭവപ്പെട്ടിരുന്നു. വെടി

മരുന്നു കത്തുന്നതുകൊണ്ടായിരുന്നു അത്തരം വാണങ്ങൾ മുന്നോട്ടു ഗമിച്ചിരുന്നതു്. ഉള്ളിൽ നിറച്ചിരിക്കുന്ന മരുന്നു കത്തുമ്പോൾ വളരെ അധികം വാതകങ്ങൾ ഉണ്ടാവുന്നു. ഇവ അതിശക്തിയോടുകൂടി സൂഷിരമാർഗ്ഗേണ ബഹിർഗ്ഗമിക്കുമ്പോൾ വാണം മുന്നോട്ടു പായുന്നു. കരിമരുന്നിനു കത്തുവാൻ ആവശ്യമായ പ്രാണവായു അന്തരീക്ഷത്തിൽനിന്നാണു കിട്ടുന്നതു്. റോക്കററുകളെ അങ്ങിനെ അപരിഷ്കൃതരീതിയിൽ ഒരായുധമായിട്ടും അല്ലാതേയും പണ്ടുതന്നെ ഉപയോഗിച്ചിരുന്നു.

ആദ്യത്തെ ലോകമഹായുദ്ധത്തിനുശേഷം റോക്കററിൻെറ പ്രായോഗികവശങ്ങൾ ഗ്രഹിക്കുവാൻ പലരും പരീക്ഷണങ്ങൾ ചെയ്തുതുടങ്ങി. ചുരുങ്ങിയ സമയപരിധിക്കുള്ളിൽ എഴുത്തുകളും മററും ഒരിടത്തുനിന്നു് മറെറാരിടത്തേക്കു അയക്കുന്നതിനു്, റോക്കററുകൾമുഖേന സാധിക്കുകയില്ലേ എന്ന പരീക്ഷണമായിരുന്നു ആദ്യം ചെയ്തുതുടങ്ങിയതു്. റോക്കററുകൾവഴി എഴുത്തുകൾ അററ്ലാൻറിക് സമുദ്രത്തിനക്കരെയ്ക്കു് അയക്കുവാൻ കഴിയുമോ എന്നതായിരുന്നു മറെറാരു പരീക്ഷണം. ഇതിനെപ്പററിയുള്ള സൂചന യുദ്ധത്തിനുമുൻപു ഹെർമൻ ഒബർത്ത് എന്ന ജർമ്മൻ റോക്കററുവിദഗ്ദ്ധനാണു് നൽകിയതു്. 'മെയില്'കൾ റോക്കററു മുഖേന അയക്കാമോ എന്നുള്ള പരീക്ഷണം ആദ്യമായി നടന്നതു് 1931-ൽ ആണു്. ആസ്റ്റ്രിയയിൽ ഷോക്കൽ എന്ന സ്ഥലത്തുനിന്നും റേഡ്ഗണ്ട് എന്ന സ്ഥലത്തേക്കാണു് ഇത്തരത്തിൽ മെയിൽ അയച്ചതു്. അതിനുശേഷം ബ്രിട്ടനിലും ഇമ്മാതിരി മുപ്പത്തിരണ്ടു് പരീക്ഷണങ്ങൾ നടന്നു. ഇന്ത്യയും ഇങ്ങനേയുള്ള പരീക്ഷണങ്ങളിൽനിന്നും ഒഴിഞ്ഞുനിന്നില്ല. പരീക്ഷണത്തിനുപയോഗിച്ചിരുന്ന റോക്കററുകളിൽ വെടിമരുന്നിനു പകരം മററുചില വസ്തുക്കൾ ചിലർ ഉപയോഗിച്ചുനോക്കി. ഒന്നു രണ്ടു പരീക്ഷണാവസരത്തിൽ റോക്കററു പൊട്ടിത്തെറിച്ചതുകൊണ്ടു് അപകടവുമുണ്ടായിട്ടുണ്ടു്. പ്രതികൂലമായ കാലാവസ്ഥയിൽപ്പോലും വളരെ ദൂരത്തിലും വളരെ വേഗത്തിലും എഴുത്തുകളും മററും അയക്കുവാൻ റോക്കററുകൾ ഉപകരിക്കുമെന്നു മേൽപ്പറഞ്ഞ പരീക്ഷണങ്ങളിൽനിന്നു് വ്യക്തമായെങ്കിലും, ഈ ഉപാധിയുടെ അനിയന്ത്രിതാവസ്ഥയും, എഴുത്തുകളും മററും ഈവിധത്തിൽ മറെറാരിടത്തേക്കു പ്രക്ഷേപിച്ചാൽ അതു കണ്ടുപിടിക്കുവാനുള്ള വൈഷമ്യവും ഇതിൻെറ കുറവുകളായിരുന്നു.

രണ്ടാം ലോകമഹായുദ്ധാരംഭത്തോടുകൂടി റോക്കററുകളുടെ ഉപയോഗത്തിൻെറ മട്ടൊന്നു മാറി. അതു മനുഷ്യനുപകാരപ്രദമായ ഒരു വസ്തുവാക്കിത്തീർക്കുവാനുള്ള സംരംഭങ്ങൾ നിർത്തിവച്ചു് ഒരു പ്രതിരോധ

നോപാധിയോ, ഒരു നശീകരണോപകരണമോ ആക്കിത്തീക്കുവാൻ ശാസ്ത്രലോകം പരിശ്രമിച്ചുതുടങ്ങി. 1942-ൽ ജമ്മൻ വിമാനങ്ങൾ ബ്രിട്ടനിൽ തുരുതുരെ ബോമ്പുവഷിച്ചുകൊണ്ടിരുന്ന അവസരത്തിൽ, ബോമ്പറുകളെ എതിക്കുവാൻ പാടില്ലേ എന്നുള്ള കായ്യം ബ്രിട്ടീഷുകാരുടെ അവഗാഢചിന്തക്ക് വിഷയീഭവിച്ചു തൽഫലമായി അല്പകാലത്തിനുശേഷം കരയിൽനിന്നും വിമാനത്തിൽനിന്നും റോക്കററുകൾമൂഖേന ശത്രുവിമാനങ്ങളേയും മററും എതിക്കുന്നതിനു അവക്കു കഴിഞ്ഞു.

എന്നാൽ രണ്ടുകൊല്ലംകൂടികഴിഞ്ഞപ്പോൾ റോക്കററുകൾ കൂടുതൽ സംഹാരശക്തിയോടുകൂടി രംഗപ്രവേശംചെയ്തു. സങ്കലിതരുടെ ആക്രമണം ഇടതടവില്ലാതെ ആരംഭിച്ചപ്പോൾ, പുതുമഴക്കാലത്തു് ഭൂമിയിൽനിന്നും പൊന്തുന്ന ഇയ്യാൻപാററകളെപ്പോലെ, പറക്കുന്ന ബോമ്പുകൾ പലവഴിക്കും വന്നു ഇംഗ്ലണ്ടിൽ പതിക്കുവാൻതുടങ്ങി. ഈ 'വി' ആയുധങ്ങളുടെ ആകൃതിയും പ്രകൃതിയും പ്രവൃത്തിയും പുരോഗാമികളായ റോക്കററുകളുടേതിൽനിന്നും വ്യത്യസ്തമായിരുന്നു. യുദ്ധത്തിനു മുൻപുതന്നെ, കട്ടിയായ സ്ഫോടകസാമഗ്രികൾക്കു പകരം ദ്രവമയമായ സ്ഫോടകവസ്തുക്കൾ റോക്കററുകൾക്കുപയോഗിക്കാമെന്നു ജമ്മൻകാർ മനസ്സിലാക്കിയിരുന്നു. 1932-ൽ ഹെർഡഹ്മാൻ വിൻക്ലർ ഇത്തരത്തിലുള്ള ചില റോക്കററുകൾ നിമ്മിച്ചു. ദ്രവമയമായ പ്രാണവായുവും (liquid oxygen) മെത്തിൽ ചാരായവും (methyl alcohol) ഉപയോഗിച്ചു വളരെ ശക്തിയും വേഗവുമുള്ള 'വി' ആയുധങ്ങൾ അവർ നിമ്മിച്ചു. സാധാരണ റോക്കററുകളുടെ പ്രവത്തനരീതിയിൽനിന്നും വിഭിന്നമായിരുന്നു ഇവയുടേതു്. മററു റോക്കററുകളെപ്പോലെ, കത്തുമ്പോൾ ഇവ അന്തരീക്ഷത്തിൽനിന്നു് പ്രാണവായു സ്വീകരിച്ചിരുന്നില്ല. ഇവയുടെ ഉള്ളിൽ തന്നെയുണ്ടായിരിക്കും പ്രാണവായു. ഓരോന്നിലും അഞ്ചുടൺ ചാരായവും, നാലുടൺ പ്രാണവായുവും സംഭരിച്ചിരിക്കും. ഇക്കാരണത്താൽ 'വി' ആയുധങ്ങൾക്കു് വളരെ ഉയരത്തിൽ,—പ്രാണവായു കുറഞ്ഞ ഉന്നതതലങ്ങളിൽ— സഞ്ചരിക്കുന്നതിനു വൈഷമ്യമില്ല. വളരെ ഉയരത്തിൽനിന്നു് ഇവ ഭൂമിയിൽ പതിക്കുമ്പോൾ സീമാതീതമായ ശക്തിയും വേഗവുമുണ്ടാവുക സ്വാഭാവികം മാത്രമാണല്ലോ എഴുപത്തിരണ്ടു മൈലോളം ഉയരത്തിൽ പോകുന്ന ഇത്തരം ഒരു റോക്കററ് ഭൂമിയിൽ വീഴുമ്പോൾ മണിക്കൂറിൽ 3000 മൈൽ വേഗമുണ്ടായിരിക്കുമത്രേ. കൂടാതെ മുൻപുണ്ടാക്കിയിരുന്ന റോക്കററുകൾ അനിയന്ത്രിതങ്ങളായിരുന്നുവെങ്കിൽ റേഡിയോമുഖേനയുള്ള നിയന്ത്രണംകൊണ്ടു് ഇവ ലക്ഷ്യപ്രാപ്യങ്ങളായിത്തീന്നു. പൊട്ടിത്തെറിക്കുന്നതിനും മററുമുള്ള സാധനങ്ങൾ

ഇതിൻെറ മുൻഭാഗത്താണ്‌ സംഭരിച്ചിരിക്കുക. വേഗത്തിൽ സഞ്ചരിക്കുന്ന ഈ ആയുധങ്ങൾ വരുന്നതു് കാണുന്നതിനോ, വരുമ്പോഴുള്ള ശബ്ദം കേൾക്കുന്നതിനോ കഴിവില്ല.

യുദ്ധം കഴിഞ്ഞതോടുകൂടി, റോക്കററുകൾ നശീകരണവൃത്തിക്കെത്രത്തോളം ഉതകുമെന്നതിനെക്കുറിച്ചു് ആരായാതെ അവ മനുഷ്യരുടെ ഉൽക്കഷത്തിനു എത്രത്തോളം ഉപകരിക്കുമെന്നു പലരും ചിന്തിക്കുവാൻതുടങ്ങി. ഇതിൻെറ പരിണതഫലമെന്നോണമാണ്‌ 600 മൈലും അതിലധികവും വേഗത്തിൽ സഞ്ചരിക്കുന്ന 'ജെററ് പ്രൊപ്പൽഡ്' വിമാനങ്ങൾ നിമ്മിക്കപ്പെട്ടിരിക്കുന്നതു്. ഇനിയും പരിഷ്കരിച്ചു് വേഗം വദ്ധിപ്പിക്കുന്നതിനാണ്‌ ഇന്നും പരിശ്രമിക്കുന്നതു്. ഇത്തരത്തിലുള്ള ഒരു വിമാനയന്ത്രത്തിനു്, 600 മൈൽ വേഗത്തിൽ സഞ്ചരിക്കുമ്പോൾ 15000 കുതിരശക്തിയുണ്ടാകുംപോലും!

പരിഷ്കൃതരീതിയിലുള്ള റോക്കററുകൾ ഉപയോഗിച്ചു് ഇന്നു് പ്രതികൂലകാലാവസ്ഥയിലും 'മെയിലു'കൾ വിദൂരദേശങ്ങളിലേക്കു വേഗത്തിൽ അയക്കാമെന്നുവന്നിരിക്കുന്നു. റേഡിയോമൂലംനിയന്ത്രിക്കാമെന്നായപ്പോൾ മുൻപു അവയുടെ അനിയന്ത്രിതാവസ്ഥമൂലമുണ്ടായിരുന്ന ബുദ്ധിമുട്ടുകൾ നീങ്ങിയിട്ടുമുണ്ടു്. ഭയങ്കരമായ മൂടൽ മഞ്ഞിനാലും മററും, മെയിലുകൾ അയക്കുവാൻ ദുസ്സാധങ്ങളായ അവസരങ്ങളിൽ റോക്കററുകൾ ഉപകാരപ്രദമായിരിക്കുമെന്നതിനു സംശയമില്ല.

കാലാവസ്ഥയെപ്പററി മുന്നറിവു ലഭിക്കുന്നതിനു് റോക്കററുകൾ വിജയപ്രദമായി വിനിയോഗിക്കുന്നതിനാണ്‌ മറെറാരു പരിശ്രമം. ഉന്നതതലങ്ങളിലെ ശീതോഷ്ണസ്ഥിതി, (Temperature) വായുവിൻെറ സാന്ദ്രത (Density of air) സമ്മർദ്ദം (Air pressure) മുതലായ കാര്യങ്ങളെ സ്വയം സൂചിപ്പിച്ചു് റേഡിയോ മുഖേന ഭൂമിയിലേക്കു പ്രക്ഷേപണം ചെയ്യുന്നതിനുതകുന്ന യന്ത്രങ്ങൾ റോക്കററുകൾക്കുള്ളിൽ ഘടിപ്പിക്കാമെന്നും, ഏകദേശം 70 മൈലോളം ഉയരത്തിൽ ഉള്ള സ്ഥിതിഗതികൾ അറിയാമെന്നും, തദ്വാരാ മുൻകൂട്ടി കാലാവസ്ഥയെ സംബന്ധിക്കുന്ന വിവരങ്ങൾ നൽകാമെന്നും പറയുന്നു. ഉയരത്തിലെ ശീതോഷ്ണാവസ്ഥ മുതലായവ സ്വയം സൂചിപ്പിക്കുന്ന "റേഡിയോ സോണ്ടു" (Radio Sonde) മുതലായ യന്ത്രങ്ങൾ കേവലം പത്തോ പതിനഞ്ചോ നാഴിക ഉയരത്തിൽ പോകുന്ന ബലൂണുകളിൽ സംഘടിപ്പിച്ചാണ്‌ ഇന്നു ഉപയോഗിക്കുന്നതു്. എന്നിട്ടും മൂന്നും നാലും ദിവസത്തെ കാലാവസ്ഥ സൂക്ഷ്മമായി പ്രവചിക്കുവാൻ സാധിക്കുമെങ്കിൽ, റോക്കററുകൾ മുഖേന കാലാവസ്ഥയുടെ പ്രവചനം എത്ര കാര്യക്ഷമമായി നിവ്വഹിക്കാമെന്നുള്ളതു് ഊഹിക്കാമല്ലോ.

ഗ്രഹങ്ങളെപ്പററി പഠിക്കുന്നതിന്ന് റോക്കററുകൾ ഉപയോഗപ്രദമായ സേവനം നിർവ്വഹിക്കുമെന്നുള്ളതാണ് മറെറാരു സംഗതി. ജ്യോതിർഗ്ഗോളങ്ങളുടെ ഛായകൾ വലിയ പ്രതിബന്ധങ്ങൾ (interference) കൂടാതെ വളരെ ഉയരത്തിൽനിന്നും എടുക്കുന്നതിന്ന റോക്കററുകൾ ഉപയോഗിക്കാമെന്ന് പ്രൊഫസർ ഗോഡാർഡ് എന്ന അമേരിക്കൻ റോക്കററു വിദഗ്ദ്ധൻ ഈ യുദ്ധത്തിന്നു മുൻപു തന്നെ പറഞ്ഞിട്ടുണ്ട്. എഴുപതും എൺപതും മൈൽ ഉയരത്തിൽ പോകുന്ന റോക്കററുകൾ ഏതാദൃശമായ ഛായാഗ്രഹണത്തിനും, തന്മൂലം ഗ്രഹങ്ങളെ സംബന്ധിച്ച് വിശദവും വിദഗ്ദ്ധവുമായ വിവരങ്ങൾ ശേഖരിക്കുന്നതിനും ഉപയുക്തമാകുമെന്നുള്ളത് തക്കരഹിതമാണ്.

ഭൂമിയിൽനിന്നു ഗ്രഹങ്ങളിലേക്കു സഞ്ചരിക്കുവാനുള്ള അഭിവാഞ്ഛ മനുഷ്യർ പ്രകടിപ്പിച്ചു തുടങ്ങിയിട്ട് നാളേറേയായി. ജൂൾസ്‌വേൺ, എച്ച്. ജി. വെൽസ്സ് മുതലായ ശാസ്ത്രീയ കഥാകൃത്തുകളുടെ ഭാവന അപ്രകാരമുള്ള യാത്രകളെ സ്വപ്നം കണ്ടിട്ടും കുറെയേറേ നാളായി. കേവലം ഗ്രന്ഥകാരന്മാരുടെ സുന്ദരസ്വപ്നങ്ങൾ സാധാരണമായിട്ടല്ലെങ്കിലും സംഭവ്യമായി പരിണമിക്കാറുണ്ട്. ഗ്രഹങ്ങളിലേക്കുള്ള സഞ്ചാരം പരിഷ്കൃതമായ റോക്കററുകൾകൊണ്ട് അടുത്തഭാവിയിൽ സാധിതമാകുമെന്നു പലരും പ്രതീക്ഷിക്കുന്നു. ഇത്തരം ഗ്രഹസഞ്ചാരത്തിനുപയുക്തമാകുന്ന റോക്കററിൻെറ മാതൃകകൾ വാർണെററ് കെന്നഡി എന്ന ഇംഗ്ലീഷുകാരനും, ഡോക്ടർ അലക്സാണ്ടർ അനാനോഫ് എന്ന ഫ്റഞ്ചുകാരനും അടുത്തൊരവസരത്തിൽ പ്രദർശിപ്പിക്കുകയുണ്ടായി. പക്ഷെ ഈ റോക്കററുകൾ നയിക്കപ്പെടുന്നത് ആററമിക് ശക്തിയോ, കോസ്മിക് രശ്മിയോ ഉപയോഗിച്ചായിരിക്കുമെന്നു മാത്രം.

ഇന്ന് റോക്കററുകൾക്ക് സർവ്വപ്രധാനമായ ഒരു സ്ഥാനം സംസിദ്ധമായിട്ടുണ്ട്. ഇവയുടെ സീമാതീതമായ സാധ്യതകൾ ശാസ്ത്രീയലോകത്തിൻെറ സവിശേഷശ്രദ്ധയെ സമാകർഷിച്ചിരിക്കുന്നു. ആസ്ത്രേലിയയിൽ അടുത്തുതന്നെ നടത്തുന്ന രഹസ്യപരീക്ഷണങ്ങൾ ഈ അവസരത്തിൽ ശ്രദ്ധേയമാണ്. ഭാവിയിലെ കപ്പൽപ്പടയിൽ പീരങ്കികളെ റോക്കററുകൾ പിന്നിടുമെന്നും, കപ്പലുകളെ റോക്കററുകളുടെ ഉപയോഗത്തിനനുസൃതമായി പരിഷ്കരിക്കേണ്ടി വരുമെന്നും, ഒരു പ്രധാന കപ്പൽപ്പടനായകൻ പ്രസ്താവിച്ചിരിക്കുന്നത് ഇവയുടെ പ്രാധാന്യത്തെ വിശദമാക്കുന്ന മറെറാരു സംഗതിയാണ്. ഏതായാലും ഉപകാരത്തിനും അപകാരത്തിനും കൊള്ളുന്ന ഒന്നാണ് "റോക്കററ്."

# വൃന്ദാവനത്തിൽ

( കെ. പി. ദാമോദരൻ, Cl. iv )

ലോലമാലേയ മാരുതാലോല
മാലതീജാലശോഭിതം—,
ഫുല്ലസൂന സമാവൃത നവ
മല്ലികാ വൃന്ദ പൂരിതം—,
നാകീയാനന്ദ ദായകാമല
കോകിലാലാപ തുന്ദിലം—,
രാഗമഗ്നയാം രാധികയുടെ
ഭാഗധേയ താരോദയം—,
ആരംഭിച്ചു വൃന്ദാവനികയിൽ
ചാരു വാസന്ത വാസരം!!

കൊച്ചുമഞ്ഞിൻ കണികക,ളേന്തും
പച്ചപ്പുല്ലണി മെത്തകൾ,
തൻകരസ്പർശനത്തിനാൽമുക്കി
തങ്കച്ചാറിൽ ദിവാകരൻ!
ചെമ്പനിനീരലരുകൾമെല്ലെ
ചുംബനംചെയ്തോളിക്കയായ്,
മോഹമാന്ന സരള സൌരഭ
വാഹിയായ ബാലാനിലൻ!!

ഉല്പലേക്ഷണമാരൊടൊ,ത്തൊരു
കല്പകദ്രുമച്ഛായയിൽ,
പീലിക്കാർമുടികെട്ടി; പാണിയിൽ
കാലിക്കോലുമാ,യങ്ങനെ—,
മഞ്ജുമഞ്ജീര ശിഞ്ജിതാവലി
സഞ്ജനിക്കുമാ,റങ്ങനെ—,
മന്ദമന്ദമായ് കാലടിവെച്ചു
നന്ദനന്ദന,നെത്തിനാൻ.

വേണുഗോപാലബാലകൻ തൂകും
പ്രാണഹർഷദ ഗീതികൾ,
ആശങ്കാതപമേററു വാടാത്ത
പേശലങ്ങളാ മാശകൾ—,
ആത്മവിസ്മൃതി തന്നുഴിഞ്ഞാലി-
ലാട്ടമോമൽ പ്രതീക്ഷകൾ—,
സ്വർഗ്ഗീയാനന്ദ സാരസാന്ദ്രമാം
സ്വപ്നസാഗര സീമകൾ—,
തൂമരന്ദം തുളുമ്പും നിസ്തുല
പ്രേമസംഗീത ധാരകൾ—,

തെന്നാലി,ലലതല്ലി വന്നുടൻ
തന്നിലംതന്ന പുൽകവെ,
നിർന്നിമേഷയായ് കോൾമയിർക്കൊണ്ടു
നിന്നി,തുദ്യാനദേവത!
രാഗചിന്താലഹരിയി,ലാണ്ടു
രാമമാ,രുല്ലസിക്കവെ,
പാലൊളിപ്പുതപ്പുഞ്ചിരിചിന്നി
ക്കേളിയാടി കളിന്ദജ!!

പേലവാംഗിക,ളാഞ്ഞെറിഞ്ഞിട്ടം
ലോല വീക്ഷണ പാളികൾ,
ചേലി,ലാ മൃദുമേനിയിൽചാർത്തി
നീല നീരജ മാലിക—!

വെണ്ണകട്ടുണ്ണു,മുണ്ണിയെക്കണ്ടു
ജന്മസാഫല്യം നേടുവാൻ,
കിന്നരാംഗനമാ,രണകയായ്
വെൺമുകിൽത്തേരി,ലേറിയോർ!!

ചെറുകഥ.

# അവസാന പ്രാർത്ഥന

(ശ്രീമതി സരള രാമവർമ്മ)

ജാനകിയുടെ വിവാഹാഘോഷമാണന്ന്! മുല്ലമിററത്തെ തിരക്കൊന്നും പറയണ്ടാ! എവിടെ നോക്കിയാലും ആളുകളുടെ ലഹളയാണ്. മുല്ലമിററത്തെ കാരണവരായ കരുണാകരമേനോൻെറ മൂത്ത ഭാഗിനേയിയാണ് ജാനകി. തറവാട്ടിൽ സന്തതിയില്ലാതെ അന്യംവന്നു പോകുമെന്ന് കാരണവർ വ്യസനിച്ചിരിക്കുന്ന കാലത്താണ് അദ്ദേഹത്തിൻെറ ഏക സഹോദരിയായ ഭാർഗ്ഗവിയമ്മ മുപ്പത്തിഅഞ്ചാമത്തെ വയസ്സിൽ വലിയ അരിഷ്ടമൊന്നുംകൂടാതെ ഒരു പെൺകുഞ്ഞിനെ പ്രസവിച്ചതു്. ഒരു മാതാവാകുവാനുള്ള ഭാഗ്യം തനിക്കില്ലെന്ന് നിരാശപ്പെട്ട് നാമവും ജപവും ആയി ജീവിതം നയിച്ചുവന്നിരുന്ന ഭാർഗ്ഗവിയമ്മ ഗർഭം ധരിച്ചിരിക്കുന്നുവെന്ന വർത്തമാനം കേട്ടപ്പോൾ ഏവരും ഭഗവാൻെറ മായാവിലാസത്തെപ്പററി സ്തുതിക്കുകയുണ്ടായി. ജാനകിയെ പ്രസവിച്ചതിനുശേഷം ഭാർഗ്ഗവിയമ്മ രണ്ടു പെൺകുട്ടികളേയും രണ്ടാൺകുട്ടികളേയും തറവാട്ടിലേക്ക് സമ്മാനിച്ചു.

ജാനകിക്ക് പതിനാറുവയസ്സ് തികഞ്ഞപ്പോഴേക്കും കാരണവർക്ക് അവളുടെ വിവാഹവിഷയത്തിൽ ബദ്ധപ്പാടായി. കെട്ടുകല്യാണവും വയസ്സറിയിക്കുവാനുള്ള അടിയന്തരവും സാമാന്യം ഭേദമായി കഴിക്കുകയുണ്ടായെങ്കിലും പുടമുറി അതിലൊക്കെ ഗംഭീരമാവണമെന്നായിരുന്നു കാരണവരുടെ വാശി. "ഹേയ്! ഉപായത്തിലൊന്നും പോരാ! എത്ര കൊതിച്ചുണ്ടായ സന്താനവല്ലിയാണ്! ഈ തറവാട്ടിൽ ഒരു പുടമുറിയുണ്ടായിട്ട് കൊല്ലം 35 ആയി. ജാനകിയുടെ പുടമുറി ഉപായത്തിലൊന്നും പോരാ!" എന്ന് കാരണവർ വരുന്നവരോടൊക്കെ ഉത്സാഹപൂർവ്വം പറയാറുണ്ട്. ജാനകി കാണാൻ ഒരു വിധം നല്ലകൂട്ടത്തിലാണ്. വെളുത്തു് ഉരുണ്ട ദേഹം, കറുത്തു ചുരുണ്ട കേശം, വടിവൊത്തമുഖം—ആകപ്പാടെ ഒരു ചന്തമൊക്കെ ഉണ്ടവൾക്ക്! ആരും അവളെ രണ്ടാമതൊന്നു നോക്കും! പതിവായി വൈകുന്നേരം ക്ഷേത്രത്തിൽ പോകാറുള്ളതു കാത്തു് ചില രസികക്കുട്ടന്മാർ അവിടവിടെ ചുററിപ്പററി നില്ക്കാറുണ്ടെന്നു പറഞ്ഞു സഖിമാർ അവളെ കളിയാക്കാറുണ്ട്. ജാനകിക്ക് ചില തമ്പുരാക്കന്മാ

രും നമ്പൂരിപ്പാടന്മാരും സംബന്ധം ആലോചിക്കുകയുണ്ടായി. പക്ഷെ കാരണവർ ആരേയും മുഷിപ്പിക്കാതെ എല്ലാവരേയും ഒഴിക്കുകയാണുണ്ടായതു്. കാരണവൎക്കു് ഇംഗ്ലീഷു വിദ്യാഭ്യാസമൊന്നുമില്ലെങ്കിലും ചില പരിഷ്കാരമൊക്കെ വേണമെന്നുണ്ടായിരുന്നു. ജാനകിയെ അടുത്തുള്ള പള്ളിക്കൂടത്തിലയച്ചു് പത്തുക്ലാസ്സ് പഠിപ്പിച്ചു. ജാനകിയുടെ അമ്മയും മററും തടസ്സം പറഞ്ഞതിനാൽ പട്ടണത്തിലയച്ചു് കലാലയജീവിതത്തിൻെറ ഗുണംകൂടി അവൾക്കു ഉണ്ടാക്കിക്കൊടുക്കുവാൻ കാരണവൎക്കു് സാധിച്ചില്ല. അതിനാൽ അദ്ദേഹത്തിന്നു് വലിയ കുണ്ഠിതവുമുണ്ടായിരുന്നു. ആൺകുട്ടികളെ കലാലയത്തിലയക്കണമെന്നു് അദ്ദേഹം കരുതി.

ഇങ്ങനെ ചില നവീനാശയങ്ങൾ ഉള്ളിൽ കടന്നുകൂടിയതിനാൽ വെറും "സംബന്ധം" എന്ന ഏൎപ്പാടു് കാരണവൎക്കു് തീരെ ഇഷ്ടമില്ലായിരുന്നു. സ്ത്രീകൾ തറവാട്ടിൽ വെപ്പും ഊണുമായി കഴിച്ചുകൂട്ടുക, സംബന്ധത്തിനുമാത്രം ഭൎത്താക്കന്മാർ വരിക—ഛേയ്, ഇതൊന്നും യഥാൎത്ഥവിവാഹജീവിതമല്ലെന്നു് കാരണവൎക്കു തോന്നി. പിതാക്കന്മാരും കുട്ടികളും തമ്മിലുള്ള ബന്ധത്തിൻെറ മാഹാത്മ്യം തീരെ അവഗണിച്ചുള്ള ഈ ജീവിതരീതി പാടെ മാററണമെന്നു് കരുണാകരമേനോൻ കാരണവരായപ്പോൾതന്നെ കരുതി. തൻെറ സഹോദരിയുടെ പേരിൽ അദ്ദേഹത്തിന്നു വളരെ സഹതാപംതോന്നി. പക്ഷെ ഭാൎഗ്ഗവിയമ്മയുടെ സംബന്ധം ഒരു സ്ഥാപിതവാസ്തവമായിരുന്നതിനാൽ അതിനെ മാററുവാൻ കാരണവർ ധൈൎയ്യപ്പെട്ടില്ല. പക്ഷെ തൻെറ മേൽനോട്ടത്തിൽ വളൎന്നുവരുന്ന ഭാഗിനേയിമാരുടെ കാൎയ്യം താൻ വേണ്ടപോലെ ചെയ്യുമെന്നു് അദ്ദേഹം കാലേ നിശ്ചയിച്ചു. ഇങ്ങനെ ഒരു വാശിയോടുകൂടിയാണു് കാരണവർ ഒരു ഉദ്യോഗസ്ഥപ്രമാണിയെ—ഒരു തികഞ്ഞ പരിഷ്കാരിയെന്നു കേൾവികേട്ട ഭാസ്കരമേനോനെ—തൻെറ മരുമകളുടെ വരനായി തിരഞ്ഞെടുത്തതു്.

ഭാസ്കരമേനോനെ ജാനകിക്കു് വരനായി കിട്ടിയതിൽ കരുണാകരമേനോൻ അതീവകൃതാൎത്ഥനായി. കാണാൻ ബഹുയോഗ്യൻ. ഒരു പട്ടണത്തിൽ നല്ലൊരു ഉദ്യോഗം, തറവാട്ടു് ധനസ്ഥിതിയിലും കുലീനതത്തിലും ഒരുപോലെ വിശേഷപ്പെട്ടതു്—ഇതിൽ കൂടുതൽ എന്താണു് ഒരു വരനു വേണ്ടതു്! വിവാഹം പൊടിപൊടിച്ചു നടന്നു. ഭാസ്കരമേനോൻെറ വേഷപ്പകിട്ടും, കാറും, അന്തസ്സും കണ്ടു് തറവാട്ടിലുള്ളവരൊക്കെ ഭ്രമിച്ചു. "ജാനകിയുടെ തലയിലെഴുത്തി"നെക്കുറിച്ചു് എല്ലാവരും ഒന്നുപോലെ അഭിപ്രായപ്പെട്ടു. ജാനകിയുടെ സഹോദരിമാർ ജ്യേഷ്ഠത്തിയുടെ ഭാഗ്യത്തിൽ സന്തോഷിക്കുകയും, അതേ സമയത്തുതന്നെ

തങ്ങളുടെ ഭാവിയെക്കുറിച്ച് മധുരസ്വപ്നങ്ങൾ കണ്ട് ആനന്ദിക്കുകയും ചെയ്തു.

വിവാഹം കഴിഞ്ഞു് രണ്ടുദിവസം ഭാസ്കരമേനോൻ കാരണവരുടെ ആതിഥ്യം സ്വീകരിച്ച് തറവാട്ടിൽ കഴിച്ചു. വളരെ കഷ്ടപ്പെട്ടാണ് അദ്ദേഹം ആ രണ്ടുദിവസം ഉന്തിത്തള്ളി നീക്കിയതു്. പട്ടണത്തിൽ അതിപരിഷ്കൃതമായ ഒരു ബങ്കളാവിൽ ശീലിച്ച മേനോന് ഈ കുഗ്രാമത്തിൽ പഴയ തറവാട്ടിൽ കഴിച്ചുകൂട്ടുന്നതു് സാമാന്യം പ്രയാസമായിരുന്നു. ക്ലബ്ബും, കൂട്ടുകാരും, സിനിമയും, സൎക്കീട്ടുമായി ജീവിതം നയിച്ചാണു മേനോനു പരിചയം! ഭാസ്കരമേനോനു് സിഗററു് ഇല്ലാതെ ജീവിക്കുന്നതസാദ്ധ്യമാണു്! സിഗററില്ലാത്ത ജീവിതം ജീവിതമല്ലെന്നാണു് മേനോൻ നേരം പോക്കായി പറയാറുള്ളതു്. കാരണവരുടെ മുൻപിൽ വെച്ചു് സിഗററു് വലിക്കുന്നതു് കുറച്ചു അലോഗ്യമല്ലേ എന്നു് മേനോനു് ശങ്കയുണ്ട്. ഒളിച്ചുമാറി പുകവലിച്ചു് തോററു മേനോൻ! ഭാസ്കരമേനോനു് നാഴികക്കു് നാല്പതുതവണ ചായ വേണം. ഭൃത്യൻ ചായ— "ബെഡ് ടീ"— കൊണ്ടുവന്നു് വിളിച്ചല്ലാതെ അദ്ദേഹം രാവിലെ കണ്ണു തുറക്കാറില്ലാ! തറവാട്ടിലാണെങ്കിൽ രണ്ടുനേരം കാപ്പിയും ഊണുമല്ലാതെ ഇടയ്ക്കു് ചായ കുടിക്കുകയെന്ന ഏർപ്പാടേയില്ലാ! എത്ര തവണയാണു് നവവധുവിനോട്ട് ചായ കൊണ്ടുവരുവാൻ പറയുക!.......ആകപ്പാടെ മേനോൻ കരയിൽ പിടിച്ചിട്ട മത്സ്യത്തെപ്പോലെ കിടന്നു പിടഞ്ഞു. തൻെറ പേരിൽ ആൎക്കും വിരോധംതോന്നാതെ വല്ലവിധേനയും അവിടെനിന്നു് കടന്നാൽ മതിയെന്നായി മേനോനു്! ജാനകിയെ ഒന്നു പരിഷ്കരിക്കുവാൻ അതിലേറെ തിടുക്കമായി. അവളുടെ മുണ്ടും, തലമുടിക്കെട്ടും മേനോനു് ഒട്ടും രസിച്ചിരുന്നില്ല. ക്ലബ്ബിലോ മററോ ഈ വേഷത്തിൽ അവളെ കൊണ്ടുപോയാൽ സ്നേഹിതന്മാൎക്കു് ചിരിക്കാൻ വകയായി!

അവധിയില്ലെന്നു പറഞ്ഞു് മേനോൻ ഒരുവിധം പട്ടണത്തിലേക്കു് യാത്രയായി. തൻെറ ബങ്കളാവിൽ കടന്നതിന്നുശേഷമാണു് മേനോൻ നല്ലപോലെ ഒന്നു ശ്വാസം വിട്ടതു്. എന്നാൽ ഇത്ര പച്ചപ്പരിഷ്കാരിയായ മേനോൻ എന്തിനാണു് ഒരു പഴയ തറവാട്ടിൽചെന്നു് വലിയ വിദ്യാഭ്യാസമൊന്നുമില്ലാത്ത ഒരു യുവതിയെ വിവാഹം ചെയ്തതു് എന്നു ആരും ആശ്ചൎയ്യപ്പെട്ടും! തൻെറ ഉററ സ്നേഹിതന്മാരിൽ ചിലരോട്ട് മേനോൻ തൻെറ രഹസ്യം പറയുകയുംചെയ്തു. "പുരാതന തറവാടുകളിലെ യുവതികൾ ശുദ്ധിചെയ്യാത്ത സ്വൎണ്ണംപോലെയാണ്. വേണ്ട

വിധത്തിൽ സംസ്കരിച്ച് ആ സ്വർണ്ണം ധരിച്ചുനോക്കു! അപ്പോൾ അതിൻെറ മാററ റിയാം!" പറഞ്ഞതുപോലെതന്നെ മേനോൻ പട്ടണത്തിൽ എത്തിയ ഉടനെ ജാനകിയെ "സംസ്കരിക്കു"വാൻ തുടങ്ങി. അവളുടെ വസ്ത്രധാരണരീതി പാടേ മാറി നാടൻമുണ്ടും, രണ്ടാമുണ്ടും ആ വീട്ടിലേ കണ്ടുകൂടെന്നായി. ജാനകിയെ സാരി ഉടുപ്പിക്കുവാനും അവളുടെ തലമുടി പരിഷ്കൃതരീതിയിൽ ചീകി പിരിച്ചിടുവാനും മേനോൻ തന്നെയാണ് അവളെ പഠിപ്പിച്ചത്. മുഖത്ത് പൊടിയിടുക, കാലിൽ ഒരിഞ്ചുപൊക്കത്തിലുള്ള ഷൂസിടുക—ഇതൊക്കെ ജനകിക്ക് ആദ്യം നന്നാ പ്രയാസമായി തോന്നി. പക്ഷെ, ഭർത്തൃഹിതത്തിനെതിരുപറയുവാൻ അവൾക്കു ത്രാണിയുണ്ടായിരുന്നില്ല. മേനോൻ പതിവായി പത്നീസമേതം ക്ലബ്ബിൽ പോകാൻ തുടങ്ങി. പുരുഷന്മാരോട് നേരിട്ട് സംസാരിക്കുകകൂടി ചെയ്ത് പരിചയിച്ചിട്ടില്ലാത്ത ജാനകിക്കു വളരെ പുരുഷന്മാരുടെ ഇടയിൽ കഴിച്ചുകൂട്ടേണ്ടിവന്നു. ആദ്യമൊക്കെ അവൾ വല്ലാതെ പരിഭ്രമിച്ചു. പക്ഷെ കാലക്രമേണ ആ പരിഭ്രമം മാറി. എങ്കിലും ഈ ജീവിതരീതി ജാനകിക്ക് ഒട്ടും ആസ്വാദ്യമായി തോന്നിയില്ല. പരിപൂർണ്ണസംതൃപ്തി കളിയാടുന്ന ഒരു കൊച്ചുഗൃഹത്തിലെ നായികയായി, ഭർത്തൃശുശ്രൂഷാനിരതയായി, ഒരു മാതൃകാമാതാവായി ജീവിതം നയിക്കുക—അതായിരുന്നു ജാനകിയുടെ വലിയ ആശ! എന്നാൽ അവളുടെ ഭർത്താവിൻെറ ജീവിതരീതി നേരെമറിച്ചായിരുന്നു. ഭാസ്കരമേനോന് ഗൃഹത്തിലിരിക്കുന്നതു് വലിയൊരു ശിക്ഷ അനുഭവിക്കുന്നതുപോലെയാണ്. പതിവായി ആഫീസ്സിൽനിന്നു വരുമ്പോൾ കൂടെ മൂന്നോ നാലോ സ്നേഹിതന്മാർ ഉണ്ടാവും.

"എടാ നാലുപേക്ക് 'ടീ' യും പലഹാരവും കൊണ്ടുവാ" എന്ന് ഭൃത്യനോട് ആജ്ഞാപിച്ചുകൊണ്ടാണ് മേനോൻ കാറിൽ നിന്നിറങ്ങുകതന്നെ! ആഫീസ്സിൽനിന്ന് ക്ഷീണിച്ചുവരുന്ന പ്രാണനാഥനെ സ്വീകരിക്കുവാൻ ഹൃദയം വഴിഞ്ഞൊഴുകുന്ന പ്രേമവും പാത്രം കവിഞ്ഞൊഴുകുന്ന പാനീയവും തയ്യാറാക്കി അക്ഷമയോടുകൂടിയിരിക്കുന്ന ആ നവവധുവിന് ആദ്യമൊക്കെ വളരെ നിരാശതോന്നാറുണ്ട്. പക്ഷെ പിന്നെ അവൾ ആശിക്കാതെയായി! ആശിച്ചാലല്ലേ നിരാശക്ക് ഇടയുള്ളു?

ചായ കഴിക്കുന്നതിനു മുൻപുതന്നെ മേനോൻ ക്ലബ്ബിലേക്ക് പുറപ്പെട്ടു.

"എന്താ ജാനീ ('ജാനകി' യെന്ന അപരിഷ്കൃതനാമധേയം മേനോൻ ഒന്നു പുതുക്കി), പുറപ്പെട്ടില്ലേ?"

ജാനകി ഉടുത്തൊരുങ്ങി നിൽക്കാറുണ്ട്. പക്ഷെ ദിവസേന വേഷത്തിൽ ഒരു തരക്കേട് മേനോൻ കാണും.

"ഛെ! ആ തലമുടി ചീകി കെട്ടിച്ചിരിക്കുന്നതു നോക്കൂ! എന്തൊരു കൺട്രിയാണ്."

എന്നോ

"ഇതാ പിന്നേയും ആ സാരി ശരിയ്ക്കുടുക്കില്ലാ! എത്രതവണയായി പറഞ്ഞുതരുന്നു!"

എന്നോ, മേനോൻ അഭിപ്രായം പ്രകടിപ്പിക്കും. വാടിയ മുഖത്തോടും വ്രണിതഹൃദയത്തോടും അസാധാരണമായ ക്ഷമയോടുംകൂടി ജാനകി തെററു തീർക്കും; ഒരക്ഷരം മറുപടി പറയില്ല.

അന്നും പതിവുപോലെ ജാനകി ക്ലബ്ബിലേക്കു പോകുവാൻ തയ്യാറായിനിന്നു. അഞ്ചരമണിക്കു പതിവായി ആഫീസ്സിൽനിന്നു മടങ്ങാറുള്ള ഭാസ്കരമേനോൻ ആറുമണിയായിട്ടും വന്നില്ല. ആറര, ഏഴ്, ഏഴര, എട്ട്......ഇങ്ങനെ മണിക്കൂറുകൾ ഇഴഞ്ഞുപോയി. ജാനകിയുടെ മനസ്സിൽ ഭയാശങ്കകൾ ജനിച്ചുതുടങ്ങി. മേനോന് വല്ല അപായവും നേരിട്ടിരിക്കുമോ എന്നവൾ വ്യസനിച്ചു! പത്തുമണിവരെ ജാനകി വരാന്തയിൽ അങ്ങോട്ടുമിങ്ങോട്ടും ഉലാത്തിക്കഴിച്ചുകൂട്ടി. പത്തുമണിക്കു മേനോൻ മടങ്ങിയെത്തി. ജാനകി അദ്ദേഹത്തെ സ്വീകരിക്കുവാൻ ഓടിച്ചെന്നു. മേനോൻെറ മുഖഭാവം അസാധാരണമായിരുന്നു. കണ്ണുകൾ തുടുത്തിരുന്നു!

"എന്താ വല്ല സുഖക്കേടുമുണ്ടോ?"

ജാനകി പരിഭ്രമത്തോടുകൂടി ചോദിച്ചു അടുത്തുചെന്നു; അവൾ ഒന്നു ഞെട്ടി പിന്നോക്കംമാറി. വല്ലാത്തൊരു ദുർഗ്ഗന്ധം! അവൾക്കു തലചുററി. പെട്ടെന്ന് അവളുടെ തലയിൽ ഒരു നൂറു ചിന്തകൾ പാഞ്ഞുകയറി.

മേനോൻ ചോദ്യത്തിനു മറുപടികൂടി പറയാതെ ബദ്ധപ്പെട്ടു അകത്തുകയറി വസ്ത്രങ്ങൾമാററി കിടന്നു. ജാനകി 'കുല വെട്ടിയിട്ട കറററി വാഴപോലെ' അദ്ദേഹത്തിൻെറ പുറകെ നോക്കിനിന്നു. അദ്ദേഹം മദ്യം സേവിച്ചുവെന്നോ! ജാനകി അതു വിശ്വസിക്കാതിരിക്കുവാൻ ശ്രമിച്ചു. പക്ഷെ അതസാദ്ധ്യമായിരുന്നു. എന്തെന്നാൽ ആദ്യമൊക്കെ അപൂർവ്വമായിട്ടും പിന്നെ ഒരു പതിവായും മേനോൻ മദ്യപിക്കുവാൻ തുടങ്ങി. ജാനകി യാചിച്ചുനോക്കി, ഉപദേശിച്ചുനോക്കി, ഒടുവിൽ ശാസിക്കുകകൂടി ചെയ്തു. ഒന്നുരണ്ടു തവണ ചില നിരാഹരവ്രതങ്ങളും, ഉന്തും തള്ളും

കൂടി ഉണ്ടായി. മദ്യത്തിന്റെ സംസർഗ്ഗം കാരണം ഭാസ്കരമേനോന്റെ ഹൃദയത്തിൽ മൂലമായി ഉണ്ടായിരുന്ന ഭാഗങ്ങളൊക്കെ പരുപരുത്തു പോയി. എന്നുമാത്രമല്ല മദ്യത്തിന്റെകൂടെ പിൻഗാമികളായി വേറെ ചില ദുശ്ശീലങ്ങളും മേനോനെ പിടികൂടി. സ്വഗൃഹത്തിൽ വരവ് അസമയത്തായി, ചിലപ്പോൾ വന്നില്ലെന്നുകൂടി വരാറുണ്ട്! ജാനകിയെ തന്റെകൂടെ എങ്ങും പുറത്തുകൊണ്ടു പോകാറില്ലെന്നുമാത്രമല്ല, അവൾ തന്റെ "സഹധർമ്മിണി"യാണെന്ന തന്നെ മേനോൻ മറന്നു. ജാനകി കരകാണാത്ത സന്താപസമുദ്രത്തിൽ വീണു കുഴങ്ങി. ഒരു മരപ്പാവയെപ്പോലെ അവൾ ജീവിതം നയിച്ചുവന്നു. അമ്മയേയും, അമ്മാമനേയും മററും കാണുവാനവൾ കൊതിച്ചു. കരുണാകരമേനോൻ എന്തെല്ലാം ആശകളോടുകൂടിയാണ് തന്റെ പ്രിയ ഭാഗിനേയിയേ ഒരു പരിഷ്കാരിക്ക് വിവാഹം കഴിച്ചുകൊടുത്തത്! വെറും "സംബന്ധം" യഥാർത്ഥ വിവാഹജീവിതമല്ലെന്ന് വിശ്വസിച്ചിരുന്ന ആ ശുദ്ധാത്മാവ് ജാനകിയുടെയും ഭർത്താവിന്റെയും വിവാഹജീവിതം കണ്ടിരുന്നെങ്കിൽ ഹൃദയംപൊട്ടി വ്യസനിച്ചേനെ!

അങ്ങിനെ ദിവസങ്ങൾ പൊയ്ക്കൊണ്ടിരിക്കെയാണ് ജാനകിക്ക് ദേഹത്തിന്ന നല്ല സുഖമില്ലാതായത്. ഭക്ഷണത്തിന് രുചിയില്ല, അതിരാവിലെ ഒരു മനംപുരട്ടൽ—ആകപ്പാടെ എന്തോ ഒരു പന്തിയില്ലായ്മ! ക്ഷീണം സഹിയ്ക്ക വയ്യാതായപ്പോൾ ഒരു ദിവസം അവൾ ഒരു ഡോക്ടരെ വിളിച്ച് ദേഹം പരിശോധിപ്പിച്ചു. അവൾ ഗർഭിണിയാണെന്ന് ഡാക്ടർ നിസ്സംശം പറഞ്ഞു. ജാനകിയുടെ ഉള്ളൊന്നു കത്തി.! ഭാസ്കരമേനോന് കുട്ടികളെ വെറുപ്പാണ്! ഒരു പിതാവാകുവാനുള്ള നിർഭാഗ്യം തനിയ്ക്കൊരുകാലത്തും ഉണ്ടാവില്ലെന്നു മേനോൻ തന്റെ സ്നേഹിതന്മാരോട് അഭിമാനപൂർവ്വം പറയാറുണ്ട്. ജാനകിക്ക് ഭയത്തോടൊപ്പം ആനന്ദവും ഉണ്ടായി! ഹാ! താനൊരു മാതാവാകുക! ഒരു പിഞ്ചുപൈതലിനെ എടുത്തു താലോലിക്കുക! ആ പൈതൽ വളന്ന് ഒരു യുവാവോ യുവതിയോ ആകുന്നതുവരെയുള്ള കാലങ്ങളൊക്കെ ജാനകിയുടെ മനസ്സിൽകൂടി ഒരു ചലച്ചിത്രത്തിലെ സീനുകളെന്നവണ്ണം കടന്നുപോയി. മാതൃത്വത്തിന്റെ മഹിമയിൽ മതിമറന്ന് അവൾ നിന്നുപോയി ശിശുക്കളെക്കുറിച്ചു എത്രയെല്ലാം അവജ്ഞയുണ്ടായാലും തനിക്കൊരു കുട്ടിയുണ്ടായാൽ അതിനെ താലോലിക്കുകയും സ്നേഹിക്കുകയും ചെയ്യാത്ത മനുഷ്യൻ മനുഷ്യനല്ലെന്നു അവൾ വിചാരിച്ചു. മൃഗങ്ങൾക്കു പോലുമില്ലേ അവയുടെ കുട്ടികളോട് അളവററ വാത്സല്യം? ഇങ്ങനെയൊക്കെ വിചാരിച്ച് അവൾ സമാധാനിച്ചു. വിവരം ഭാസ്കരമേനോനെ അറിയിക്കു

വാൻ അവൾക്കു് തിടുക്കമായി. അദ്ദേഹം എന്തു പറയും! തൻെറ ശിശു വിദ്വേഷമൊക്കെ മറന്ന് അദ്ദേഹം തന്നെ മാറോടണച്ചു് ചുംബിക്കും! തങ്ങളുടെ ദാമ്പത്യലതയുടെ നവസുമമായ ആ ഓമന ശിശുവിനെക്കുറിച്ചു ഇരുവരും മോഹനസ്വപ്നങ്ങൾ കാണും!

ജാനകി അക്ഷമയോടുകൂടി ഭർത്താവിനെ കാത്തിരുന്നു. പക്ഷെ രാത്രി ഒരു മണിക്കുശേഷം തീരെ സ്വബോധമില്ലാത്ത നിലയിൽ ചാഞ്ചാടിക്കൊണ്ടാണു് മേനോൻ മടങ്ങിയെത്തിയതു്. ആ ശുഭവർത്തമാനം അറിയിക്കുവാൻ പററിയ സമയം ഇതല്ലെന്നുകരുതി തെല്ലൊരു ഇച്ഛാഭംഗത്തോടുകൂടി ജാനകി പോയിക്കിടന്നു.

അതിരാവിലെ ഭാസ്കരമേനോൻ ചായകുടിച്ചു് സിഗററു വലിച്ചുകൊണ്ടു് തൻെറ ആഫീസ്സുമുറിയിൽ ഇരിക്കുകയാണു്. ജാനകി ഒരു മന്ദഹാസത്തോടുകൂടി മേശയ്ക്കരുകിൽ ചെന്ന് അതിൻെറ വിരിപ്പ് ശരിപ്പെടുത്തിക്കൊണ്ടു് ലജ്ജാവിവശയായി നിന്നു.

"എന്താ! വല്ലതും പറയുവാനുണ്ടോ? എനിക്കിന്ന് പിടിപ്പതു് ജോലിയുണ്ടു്. ആഫീസ്സിലേക്ക് നേരത്തെ പോവുകയും വേണം!"

ജാനകിയുടെ ഹൃദയം കുറഞ്ഞൊന്നു നൊന്തു എങ്കിലും അവൾ ധൈര്യംവിട്ടില്ല

"ഇനി ഇങ്ങനെ എഃപ്പാഴും ആഫീസ്സും ക്ലബ്ബുമായി കഴിഞ്ഞാൽ പററില്ല! രണ്ടുമാസംകൂടി കഴിഞ്ഞാൽ എനിക്കു നാട്ടിലേക്കു പോകണം. അപ്പോൾ വീട്ടിൽ വന്നില്ലെങ്കിലും വിരോധമില്ല. പക്ഷെ ഞാൻ പോകുന്നവരെയെങ്കിലും എൻെറകൂടെ പതിവായി വൈകുന്നേരം കഴിച്ചുകൂട്ടിക്കൂടെ?"

"ഹും? നീയെന്തിനാണു നാട്ടിൽ പോകുന്നതു്? അവിടെ എന്താ വിശേഷം?"

"എന്നെക്കൊണ്ടു് പറയിപ്പിച്ചേ തീരൂ എന്നാണോ വാശി? എന്നാൽ പറയാം. എനിക്ക് നാലുമാസം ഗർഭമാണെന്ന് —

ആ വാചകം മുഴവൻ കേൾക്കുവാൻ മേനോന്ന് ക്ഷമയുണ്ടായില്ല. അദ്ദേഹം കസേരയിൽനിന്ന് ഒരു ചാട്ടം ചാടി.

"ഹെന്തു്? നിനക്ക് ഗർഭമോ? എനിയ്ക്കൊരു കുട്ടിയോ? ഛീ! ഒരിക്കലും അതുണ്ടാവില്ല! അതിനുള്ള വിദ്യ എനിയ്ക്കറിയാം!"

വീട്ടിലുള്ള വേലക്കാരോടെല്ലാം ശുണ്ഠിയെടുത്തു് മേനോൻ കാറിൽ കയറിപ്പോയി. ജാനകി പൊട്ടിക്കരഞ്ഞു് കട്ടിന്മേൽ ചെന്നുവീണു.

"ഈശ്വര! ഞനിത്ര മഹാപാപിയായല്ലൊ! കടിഞ്ഞിൽ കായ്ക്കുന്ന ഒരു വല്ലി എത്ര സുന്ദരമാണ്! വല്ലി കായ്ക്കുന്നതിൽ ആരെങ്കിലും അതിനെ പഴിയ്ക്കാറുണ്ടോ! മാതൃത്വം വഹിക്കാത്ത ഒരു സ്ത്രീ എത്ര നിർഭാഗ്യവതിയാണ്! എന്നാൽ ഞാൻ വന്ധ്യയായിരുന്നെങ്കിൽ ഇത്ര നിർഭാഗ്യവതിയാവുമായിരുന്നില്ല!" ഇങ്ങനെയെല്ലാം ജാനകി വ്യസനിച്ചു.

അന്ന് പതിവില്ലാത്തവിധം നേരത്തെ മേനോൻ മടങ്ങി. കാറിൻെറ ശബ്ദംകേട്ട് ജാനകി നടുങ്ങി. പെട്ടെന്ന് ഒരു നേരിയ ആശ അവളുടെ മുറിവേററ ഹൃദയത്തെ തലോടി. ഒരുപക്ഷെ അദ്ദേഹം രാവിലെ പറഞ്ഞതു് വെറും ദേഷ്യംകൊണ്ടായിരിക്കാം! പിന്നീട് അതിനെക്കുറിച്ചുള്ള പശ്ചാത്താപഫലമായിട്ടായിരിക്കാം അദ്ദേഹം തൻെറ അഭീഷ്ടാനുസരണം നേരത്തെ വീട്ടിലേക്ക് തിരിച്ചതു്! ജാനകി കിടക്കയിൽ നിന്നെണീററ് കരഞ്ഞുതുടുത്ത മുഖം കഴുകി തലമുടി ചീകിയൊതുക്കി. അപ്പോഴേക്കും മേനോൻ അവളുടെ അടുത്തെത്തിക്കഴിഞ്ഞു. സുസ്മേരവദനനായി അദ്ദേഹം ജാനകിയെ പിടിച്ച് കട്ടിലിലിരുത്തി സമീപം ഇരുന്നു.

"എന്താ ജാനീ മുഖമൊക്കെ വല്ലാതിരിക്കുന്നതു്? കുറെ അധികം ഉറങ്ങിയോ?........... ...ആകെ! നിന്നോടൊരു കാര്യം പറയാനാണ് ഞാൻ ഇപ്പോഠം വന്നതു്! ജാനീ! നീ എനിക്കുവേണ്ടി ഈ മരുന്നു കുടിക്കണം. നമുക്ക് കുട്ടികളൊന്നും വേണ്ടാ! ശിശുക്കഠം വിവാഹജീവിതത്തിലെ കരടുകളാണ്. നമുക്ക് ആ ശല്യം വേണ്ടാ!"

മേനോൻ പോക്കററിൽനിന്ന് ഒരു നീലക്കുപ്പിയെടുത്ത് മേശമേൽ വെച്ചു.

ജാനകിയുടെ സപ്തനാഡികളും തളന്നു. തൻെറ ഭത്താവെന്നു പറയുന്ന ഈ മഹാപാപി എന്താണ് പറഞ്ഞതു്? തൻെറ ഗർഭത്തിലിരിക്കുന്ന ആ വളച്ചയെത്താത്ത ജീവനെ, തൻെറ ഓമനക്കുടത്തെ, തൻെറ ഭാവിസുഖത്തിനൊക്കെ നിദാനമായ ആ പിഞ്ചുപൈതലിനെ താൻ ഹനിയ്ക്കണമെന്നോ! ജാനകി പെട്ടെന്ന് ഒരു രാക്ഷസിയായി!

"എന്താ നിങ്ങഠം പറഞ്ഞതു്? എൻെറ ശിശുവിനെ ഞാൻ വധിയ്ക്കണമെന്നോ! മഹാപാപീ! നിങ്ങളെപ്പോലെയുള്ള മനുഷ്യാധമന്മാക്ക് ഈശ്വരൻ എന്തിനാണ് ഈ അമൂല്യരത്നത്തെ തരുന്നതു്? എൻെറ സർവ്വേശ്വരാ! ഞാനെന്തിനാണ് ഇങ്ങനെയൊരു രാക്ഷസൻെറ ഭാര്യയായതു്!"

ജാനകി കിടയ്ക്കയിൽ വീണ് പൊട്ടിക്കരഞ്ഞു. ഭാസ്കരമേനോൻ വെടികൊണ്ട വ്യാഘ്രത്തെപ്പോലെ കുപിതനായി. അയാഠം ജാനകിയെ

അടിയ്ക്കുകയും വലിച്ചിഴക്കുകയും ചെയ്തു. ഒടുവിൽ അയാൾ ബലംപ്രയോഗിച്ച് ആ കപ്പി ഒഴിക്കുകതന്നെചെയ്തു.

പക്ഷെ പിറേറന്നാൾ രാവിലെ ജാനകി ഒരു നീലക്കുപ്പിക്രുടി ഒഴിച്ച് ഇഹലോകവാസം വെടിഞ്ഞു അമ്മയും അമ്മാമനും വായിച്ചറിയുവാൻ എഴുതിവെച്ചിരുന്ന എഴുത്തിൽ അവൾ ഇങ്ങനെയാണ് എഴുതിയിരുന്നതു്.

"ശിശുക്കളെ വെറുക്കുന്ന ഒരു പുരുഷൻെറ ഭാര്യയാകുവാൻ ഒരു സ്ത്രീയ്ക്കുംനിർഭാഗ്യമുണ്ടാവല്ലേ,—എന്നാണെൻെറ അവസാന പ്രാത്ഥന!"

# ഭാഷാസാഹിത്യമണ്ഡലത്തിൻെറ റിപ്പോർട്ട്.

പൂർവ്വാധികം ഉത്സാഹത്തോടെയാണ് മണ്ഡലത്തിൻെറ പ്രവർത്തനങ്ങൾ രണ്ടാമത്തെ ടേമിലും തുടന്നതു്.

"ഗന്ധിജിയുടെ സാമ്പത്തികസിദ്ധാന്തം സമത്വസുന്ദരമായ ഒരു ലോകവ്യവസ്ഥയെ സൃഷ്ടിക്കുവാനുതകിയതല്ല" എന്ന വിഷയത്തെ അധികരിച്ച് ആവേശപൂർവ്വമായ ഒരു വാദപ്രതിവാദം മെയിൻഹാളിൽ വെച്ച് നടക്കുകയുണ്ടായി. ശ്രീ. തമ്മനത്തു് അരവിന്ദാക്ഷനായിരുന്ന പ്രമേയാവതാരകൻ. അദ്ദേഹത്തെ പിന്താങ്ങിക്കൊണ്ടു്, ശ്രീ. കെ. കെ. ഗോപാലകൃഷ്ണൻ, കെ. ഐ. വിജയൻ, സി. എൻ. ആൻറണി (എം. എ) എന്നിവർ യുക്തിപൂർവ്വം പ്രസംഗിക്കുകയുണ്ടായി. എതിർഭാഗത്തെ നയിച്ചതു് ശ്രീ. സി. എം. രാമചന്ദ്രനായിരുന്നു. അദ്ദേഹത്തെ പിന്താങ്ങുവാൻ ശ്രീ. ഉണ്ണിത്താൻ, കെ. ജി. മേനോൻ, സി. ആർ. നാരായണനെഴുത്തച്ഛൻ (എം. എ.) എന്നിവരുമുണ്ടായിരുന്നു. മററു യോഗങ്ങൾക്കില്ലാത്തത്രയധികം ആളുകൾ ഹോളിൽ സന്നിഹിതരായിരുന്നു.

പ്രമേയം ഭൂരിപക്ഷത്തോടെ പാസ്സായി.

യോഗനടപടികൾ ശ്രീ. എൻ. വി. മാത്യുവാണ് നിയന്ത്രിച്ചുകൊണ്ടിരുന്നതു്.

മെയിൻ ഹാളിൽവച്ച് മററൊരു പൊതുയോഗവും ചേരുകയുണ്ടായി. ശ്രീ. കെ. ഐ. വിജയൻ, കുമാരനാശാൻെറ കവിതകളെക്കുറിച്ച് സാരവത്തായ ഒരു പ്രസംഗം ചെയ്തു. ശ്രീ. സി. എം. രാമചന്ദ്രനും, ശ്രീ. പി. കെ. അഹമ്മദുണ്ണിയും, ഇന്ത്യയിലെ ഇന്നത്തെ രാഷ്ട്രീയ ജീവിതത്തേയും, അതിനെ നിയന്ത്രിക്കുന്ന രാഷ്ട്രീയ കക്ഷികളേയും കുറിച്ച് സുദീർഘമായ പരാമർശനങ്ങൾ നടത്തി. അവസാനം ശ്രീ. കെ. പി. ദാമോദരൻ, ഭാഷയിലെ സാഹിത്യാനുകരണം എന്ന വിഷയത്തെക്കുറിച്ചു ആകർഷകമായ ഒരു പ്രസംഗം ചെയ്തു.

മണ്ഡലത്തിൻെറ ആഭിമുഖ്യത്തിൽ മെയിൻ ഹാളിൽവച്ചു രസകരമായ മററൊരു വാദപ്രതിവാദയോഗവും നടന്നു. സ്ത്രീകൾക്കും പുരുഷന്മാരോടൊപ്പം ഗവൎമ്മെണ്ടുദ്യോഗങ്ങളിൽ പ്രാതിനിധ്യം ആവശ്യപ്പെടുന്നതായിരുന്നു പ്രമേയം. ഹാൾ നിറഞ്ഞു് വരാന്തയിലും അടുത്ത മുറികളിലുമൊക്കെ ശ്രോതാക്കൾ തിങ്ങിനിന്നിരുന്നു. പ്രമേയം അവതരിപ്പിച്ചുകൊണ്ടു പ്രസംഗിച്ചതു് ശ്രീ. സി. എം. രാമചന്ദ്രൻ ആയിരുന്നു. അതിനെ പിന്താങ്ങിക്കൊണ്ട് ശ്രീ. തമ്മനത്തു് അരവിന്ദാക്ഷനും ശ്രീമതി ടി ആർ. ജാനകിയും ശ്രീ. കെ. കെ. ഗോപാലകൃഷ്ണനും സംസാരിച്ചു എതിർത്തു പ്രസംഗിച്ചവർ ശ്രീ. എം. രാമകൃഷ്ണപിള്ള, ശ്രീ. കെ. പി. ദാമോദരൻ, ശ്രീമതിമാർ ടി. കെ. വള്ളിയമ്മ, തെരസാ മാത്യു എന്നിവരായിരുന്നു. രണ്ടു വനിതകൾ എതിർത്തിട്ടുപോലും വമ്പിച്ച ഭൂരിപക്ഷത്തോടെ പ്രമേയം പാസ്സായി.

കോളേജിലെ ഒരു പഴയ അദ്ധ്യാപകനും പ്രസിദ്ധ പണ്ഡിതാഗ്രേസരനുമായിരുന്ന ശ്രീ. അനന്തനാരായണശാസ്ത്രികളുടെ നിൎയ്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുവാൻ ഒരു യോഗം ചേൎന്നതും പ്രസ്താവ്യമാണ്. തദവസരത്തിൽ ശാസ്ത്രികളുടെ വ്യക്തിമാഹാത്മ്യത്തെ പരാമർശിച്ചു ശ്രീ. സി. എൽ. ആൻറണി എം. എ. ഒരു പ്രസംഗംചെയ്തു.

മണ്ഡലത്തിൻെറ ആഭിമുഖ്യത്തിൽ വാൎഷികദിനത്തോടനുബന്ധിച്ചു നടത്തിയ മത്സരപരീക്ഷകൾക്കു പുറമെ, കൊടുങ്ങല്ലൂർ താലപ്പൊലി പ്രദർശനത്തോടനുബന്ധിച്ചു നടത്തപ്പെട്ട സാംസ്കാരികമത്സരങ്ങളിലും നമ്മുടെ സഹപാഠികൾ പങ്കെടുക്കുകയും അവരെല്ലാംതന്നെ പ്രശസ്തമായ രീതിയിൽ സമ്മാനാർഹരാവുകയും ചെയ്തിട്ടുണ്ട്.

ശ്രീ. രാമകൃഷ്ണപിള്ള, ദാമോദരൻ, മരുമകൻരാജാ, കുഞ്ഞുണ്ണിരാജാ, എം. ഐ. ജോസഫ് എന്നിവരാണ് പ്രസ്തുത വിദ്യാൎത്ഥികൾ.

ഇക്കൊല്ലത്തെ പ്രവൎത്തകസമിതിയിലെ അംഗങ്ങളിൽ താഴെകാണുന്ന വിദ്യാൎത്ഥിനീവിദ്യാൎത്ഥികളും ഉൾപ്പെട്ടിരുന്നു.

1 ടി. കെ. നാരായണനുണ്ണിത്താൻ

2 കെ. ഭാനുമതി

3 വി. മോഹനചന്ദ്രൻ

4 എം. ലീലാവതി

മണ്ഡലത്തിന്റെ കാൎയ്യക്ഷമമായ പ്രവൎത്തനത്തിനു സഹായിച്ച എല്ലാവരോടും നന്ദിപറഞ്ഞുകൊണ്ട്,

തമ്മനത്തു് അരവിന്ദാക്ഷൻ,
കാൎയ്യദൎശി.

UNIVERSITY LIBRARY
30 APR 1947
MADRAS.

134108
28876
521:N16
H7
(380P)